# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ആഗസ്റ്റ് 2017 വാല്യം 44 ലക്കം 5 ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ് പേജ് 16 വില 5.00 രൂപ


## ആഗസ്റ്റ് 5
## അനുസ്മരണ ദിനം



### ഫെഡറിക് എംഗൽസ്

(1820 ഡിസംബർ 5- 1895 ആഗസ്റ്റ് 5)

"മുതലാളി തന്റെ തൊഴിലാളിയെ പണിക്ക് നിയോഗിക്കുന്നു. ഒരു നിശ്ചിത സമയംകൊണ്ട് തൊഴിലാളി തന്റെ ഒരാഴ്ചത്തെ വേതനത്തിനു തുല്യമായ അദ്ധ്വാനം നടത്തുന്നു. തൊഴിലാളിയുടെ ഒരാഴ്ചത്തെ വേതനം മൂന്നുദിവസത്തെ അദ്ധ്വാനത്തിന് തുല്യമാണെന്നു സങ്കൽപ്പിക്കുക. തിങ്കളാഴ്ചയാണ് പണിതുടങ്ങുന്നതെങ്കിൽ ബുധനാഴ്ച വൈകിട്ടോടെ മുതലാളി നൽകിയ കൂലിക്ക് തുല്യമായ അദ്ധ്വാനം തൊഴിലാളി തിരിച്ചു നൽകും. എന്നാൽ അതോടെ തൊഴിലാളി അദ്ധ്വാനം അവസാനിപ്പിക്കുകയാണോ?..ഒരിക്കലും അല്ല. മുതലാളി അവന്റെ ഒരാഴ്ചത്തെ അദ്ധ്വാനത്തെയാണ് വിലയ്ക്കെടുത്തിരിക്കുന്നത്. അതിനാൽ തൊഴിലാളി അടുത്ത മൂന്നുദിവസവും കൂടി മുതലാളിക്കുവേണ്ടി അദ്ധ്വാനിക്കണം. തൊഴിലാളിയുടെ ഈ മിച്ച അദ്ധ്വാനമാണ്, തന്റെ കൂലിക്കാവശ്യമായ സമയത്തിനുപരിയായി തൊഴിലാളി നടത്തുന്ന അദ്ധ്വാനമാണ്, മിച്ചമൂല്യത്തിന്റെ, ലാഭത്തിന്റെ, മൂലധനത്തിന്റെ കുത്തനെയുള്ള വർദ്ധനവിന്റെ ഉറവിടം.. മിച്ചമൂല്യത്തിന്റെ ഉൽഭവം (മുതലാളിയുടെ ലാഭം ഇതിന്റെ പ്രധാനഘടകമാണ്) ഇപ്പോൾ വ്യക്തവും സ്വാഭാവികവുമാണ്. അദ്ധ്വാനശക്തിയുടെ മൂല്യം വേതനമായി കൊടുക്കുന്നെങ്കിലും ഈ മൂല്യം, അദ്ധ്വാനശക്തിയിൽനിന്നും മുതലാളിമാർ പിഴിഞ്ഞൂറ്റിയെടുക്കുന്നതിന്റെ തീരെ ചെറിയ ഒരംശംമാത്രമാണ്, കൃത്യമായും ഈ വ്യത്യാസമാണ്, കൂലി കൊടുക്കാത്ത ഈ അദ്ധ്വാനമാണ്, മുതലാളിമാരുടെ, കൃത്യമായി പറഞ്ഞാൽ മുതലാളിവർഗ്ഗത്തിന്റെ തന്നെ, ലാഭമായി മാറുന്നത്" *(മൂലധനം ഒന്നാം വാല്യത്തിന്റെ അവലോകനം 1868).*



### സഖാവ് ശിബ്ദാസ്ഘോഷ്

(1923 ആഗസ്റ്റ് 5 – 1976 ആഗസ്റ്റ് 5)

"ഏതു കാലഘട്ടത്തിലും മഹത്തരവും വിപ്ലവകരവുമായ ഏതൊരു പ്രത്യയശാസ്ത്രത്തിന്റെയും യഥാർത്ഥ കാതലും പ്രാണനും അതിന്റെ ഉന്നതമായ സാംസ്കാരിക-നൈതിക ധാരണകളിൽ നിഹിതമായിരിക്കുന്നു."*

"അതിനാൽ, ഒരു പാർട്ടി പ്രത്യയശാസ്ത്രത്തെക്കുറിച്ച് ഗൗരവപൂർവ്വം സംസാരിക്കുന്നുണ്ടോ എന്നത് പ്രധാനകാര്യമേയല്ല. അതിന്റെ നേതാക്കളും പ്രവർത്തകരും അനുഭാവികളും അവരുടെ വ്യക്തിജീവിതത്തിൽ, ദൈനംദിനപ്രവർത്തനത്തിൽ, രാഷ്ട്രീയ നിർവ്വഹണത്തിൽ ഉയർന്ന സാംസ്കാരിക, നൈതിക നിലവാരം പുലർത്തുന്നുണ്ടോ എന്നതാണ് അവരുടെ പ്രത്യയശാസ്ത്രം യഥാർത്ഥത്തിൽ ഉത്കൃഷ്ടമാണോ എന്നതിന്റെ ശരിയായ തെളിവ്.."**

**(ശിബ്ദാസ്ഘോഷ്, തെരഞ്ഞെടുത്ത കൃതികൾ, പേജ് –280),*

***(Fascism and moral ethical crisis in left, democratic movement, Selected works Vol IV, Page 466)*

# ചരക്ക്-സേവനനികുതി (GST) യുടെ പ്രത്യാഘാതങ്ങൾ

**2017 ജൂലൈ 1 അർദ്ധരാത്രി നടന്ന നാടകീയമായ ചടങ്ങിൽവച്ച് ചരക്ക് സേവനനികുതിയുടെ പ്രഖ്യാപനം നടന്നു. നികുതി സമ്പ്രദായമാകെ ഉടച്ചുവാർക്കുന്നു എന്ന അവകാശവാദവുമായി നടപ്പിലാക്കുന്ന ഈ പദ്ധതിയെ 'സത്യസന്ധതയുടെ ആഘോഷം' എന്നാണ് പ്രധാനമന്ത്രി വിശേഷിപ്പിച്ചത്. "നികുതി പരിഷ്കരണമെന്നതിനപ്പുറത്തേയ്ക്ക് ഇതിന്റെ സാദ്ധ്യത വിപുലപ്പെടുത്തിക്കൊണ്ട്, അഴിമതിക്കും ദാരിദ്ര്യത്തിനുമെതിരായ സംഘടിത പ്രവർത്തനത്തിന്റെ ഉപാധിയാക്കും" ജിഎസ്ടിയെ എന്നാണ് ഗവൺമെന്റ് പറയുന്നത്. ഇന്ത്യയെ ഒരൊറ്റ കമ്പോളമാക്കി മാറ്റും, നികുതിക്കുമേലുള്ള നികുതി തടയും, ചരക്കുകളുടെയും സേവനങ്ങളുടെയും വിലകുറയും, ബിസിനസ്സ് വർദ്ധിപ്പിക്കും, രാജ്യത്തിന്റെ മൊത്തം ആഭ്യന്തരോൽപ്പാദനം കുതിച്ചുയരും എന്നൊക്കെയാണ് ഇതേക്കുറിച്ച് കേന്ദ്ര ധനകാര്യമന്ത്രി പറഞ്ഞത് എന്നോർക്കുമല്ലോ.**

ഈ പതിവ് പല്ലവികളും മധുരംപൊതിഞ്ഞ വാക്കുകളും സാരോപദേശങ്ങളുമൊക്കെ വിശ്വസിച്ച്, ജനജീവിതം ദുസ്സഹമാക്കുന്ന മുതലാളിത്ത വ്യവസ്ഥയിൽനിന്ന് അടർത്തിമാറ്റി കാര്യങ്ങളെ വീക്ഷിക്കുകയാണെങ്കിൽ, ജീർണ്ണിച്ച ആ വ്യവസ്ഥയുടെ സംരക്ഷകരുടെ യഥാർത്ഥ ഉദ്ദേശമെന്തെന്ന് ഒരിക്കലും മനസ്സിലാകുകയില്ല. സാമ്പത്തിക ഉദാരവൽക്കരണം, മൂല്യവർദ്ധിതനികുതി, നോട്ട് പിൻവലിക്കൽ, ചരക്ക്-സേവനനികുതി തുടങ്ങിയ സാമ്പത്തികാക്രമങ്ങളുടെ മൂടുപടം മാറ്റി, പിന്നിലുള്ള ഹീന ലക്ഷ്യങ്ങൾ കണ്ടെത്തുക എന്നതാണ് ചെയ്യേണ്ടത്. അത് കണ്ടെത്താനായാൽ, എന്തുകൊണ്ടാണ് ബൂർഷ്വാഭരണാധികാരികളും അവരുടെ ചെരുപ്പുനക്കികളും ഇവയൊക്കെ നടപ്പിലാക്കിയെടുക്കാൻ ഇത്ര വ്യഗ്രത കാണിക്കുന്നത് എന്ന് വ്യക്തമാകും. ജനങ്ങളുടെ അജ്ഞതയും ധാരണക്കുറവുമൊക്കെ മുതലെടുത്ത് അവർ ജനങ്ങളെ കബളിപ്പിച്ച്, ആട്ടിതെളിയിച്ച് കൊണ്ടുപോകുകയാണ്.

**സാമ്പത്തിക നയങ്ങൾ നിലനിൽക്കുന്ന മുതലാളിത്ത വ്യവസ്ഥയിൽനിന്നുവേറിട്ടതല്ല**

ജിഎസ്ടിക്ക് പിന്നിലുള്ള ഹീന പദ്ധതികൾ തുറന്നുകാട്ടിക്കൊണ്ട് 2016 ആഗസ്റ്റ് 1 ലക്കം 'പ്രോലിറ്റേറിയൻ ഇറ' യിൽ ഞങ്ങൾ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ഒരു മുതലാളിത്ത വ്യവസ്ഥയിൽ, ഏത് രാജ്യത്തും, ഏതൊരു ബൂർഷ്വാഗവൺമെന്റും ആവിഷ്ക്കരിക്കുന്ന സാമ്പത്തിക പരിഷ്ക്കാരങ്ങൾ മുതലാളിവർഗ്ഗത്തിന്റെ ആകമാനതാൽപ്പര്യം സംരക്ഷിക്കുന്നതും

(ശേഷം 4–ാം പേജിൽ)

## ഡോക്‌ലാം തർക്കം

# ഇന്ത്യയും ചൈനയും സൈന്യത്തെ പിൻവലിച്ച് ചർച്ചയ്ക്ക് തയ്യാറാകണം

**ചൈനയും ഭൂട്ടാനും തമ്മിൽ ഉടലെടുത്ത ഒരു പ്രശ്നത്തെത്തുടർന്ന് ഏതാണ്ട് ഒന്നരമാസം മുമ്പ് ചൈനീസ് സൈന്യം ഡോക്‌ലാം പീഠഭൂമിയിൽ ഒരു റോഡ് നിർമ്മാണം ആരംഭിച്ചു. ഈ പ്രദേശം തങ്ങളുടെ അധീനതയിലുള്ളതാണെന്ന് ചൈന അവകാശപ്പെടുന്നു. എന്നാൽ ഭൂട്ടാൻ സേന ഇത് അവരുടെ സ്ഥലമാണെന്ന് അവകാശപ്പെട്ടുകൊണ്ട് തർക്കം ഉന്നയിച്ചു. തൽസ്ഥിതി തുടരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചൈനയുടെ നീക്കം തടയാൻ അവർ ശ്രമിച്ചെങ്കിലും അത് നിഷ്ഫലമായി. ഇന്ത്യയുടെ രംഗപ്രവേശം സ്ഥിതി കൂടുതൽ വഷളാക്കിയിരിക്കുകയാണ്.**

**ഇന്ത്യയും ചൈനയും യുദ്ധഭീതി വളർത്തുന്നു**

ഭൂട്ടാൻ ഗവൺമെന്റിന്റെ അഭ്യർത്ഥന പ്രകാരം ഇന്ത്യ അങ്ങോട്ട് സൈന്യത്തെ അയച്ചു. ഭൂട്ടാൻ തങ്ങളുടെ സംരക്ഷണയിലുള്ള രാജ്യമാണ് എന്നാണ് ഇന്ത്യയുടെ വാദം. എന്നാൽ ഇന്ത്യൻ സൈന്യം തങ്ങളുടെ അധീനതയിലുള്ള പ്രദേശത്തേയ്ക്ക് അതിക്രമിച്ചുകയറി എന്നാണ് ചൈന പറയുന്നത്. ഇരുരാജ്യങ്ങളുടെയും സൈന്യങ്ങൾ തമ്മിലുള്ള ഒരു തർക്കത്തിലേയ്ക്കാണ് ഇത് നയിച്ചത്. ഏതാനും ദിവസങ്ങൾക്കുശേഷം മറ്റുരാജ്യങ്ങളിൽനിന്നുള്ള നയതന്ത്രപ്രതിനിധികളുടെ മുമ്പാകെ, മുഖം രക്ഷിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് നടത്തിയ വിശദീകരണം ഫലവത്തായില്ല. എന്തോ കാരണത്താൽ ഇന്ത്യയോട് സൈന്യത്തെ പിൻവലിക്കാൻ ഭൂട്ടാൻ ആവശ്യപ്പെട്ടിട്ടും തർക്കം തുടരുകയാണ്. ഇന്ത്യയിലാകട്ടെ, രാഷ്ട്രീയപാർട്ടികൾ, പ്രതിപക്ഷപാർട്ടികൾ പോലും ജനങ്ങളോട് കൃത്യമായി കാര്യങ്ങൾ വിശദീകരിക്കാൻ മെനക്കെടുന്നില്ല.

എന്നു മാത്രമല്ല, അവരെല്ലാം ചൈനക്കെതിരെ ആരോപണം ഉന്നയിക്കുന്നതിൽ ഒത്തുചേരുകയും കഴമ്പില്ലാത്ത അഭിപ്രായപ്രകടനങ്ങൾ നടത്തുകയുമാണ് ചെയ്തത്. എന്തുകൊണ്ട് ഇന്ത്യ സൈന്യത്തെ പിൻവലിക്കണമെന്ന കാര്യം മാത്രം ആരും ഉന്നയിച്ചില്ല. ആർഎസ്എസ്- ബിജെപി ശക്തികളാകട്ടെ കേന്ദ്രത്തിലെ അധികാരമുപയോഗിച്ച് ദേശീയഭ്രാന്ത് വളർത്താൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ജനജീവിതത്തിലെ നൂറുകണക്കിന് പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധതിരിക്കാൻ ഇതുവഴി കഴിയുന്നു. വിദേശകാര്യവക്താക്കളിലൂടെയും പാർട്ടിയുടെ ഔദ്യോഗിക മാധ്യമങ്ങളിലൂടെയുമൊക്കെ പ്രകോപനപരമായ പ്രസ്താവനകൾ നടത്തുന്ന ചൈനയും ഇക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. ഡോക്‌ലാമിൽ റോഡ് നിർമ്മിക്കാനുള്ള തീരുമാനം ഇതിൽപ്പെടും. ഇന്ത്യൻ സേനയെ പിൻവലിക്കുന്നതുവരെ യാതൊരു ചർച്ചയുമില്ലെന്നും തങ്ങളുടെ സൈന്യത്തെ പിൻവലിക്കണമെങ്കിൽ ഇതുപാലിച്ചേ തീരൂ എന്നുമാണ് അവരുടെ നിലപാട്. നീണ്ടുനിൽക്കുന്ന ഒരു യുദ്ധത്തിന് ചൈനീസ് സേന സജ്ജമാണെന്നും അവർ അഭിപ്രായപ്പെട്ടു. ഇത് തെളിയിക്കാനായി ടിബറ്റിലേയ്ക്ക് ശക്തമായൊരു സൈനിക നീക്കം അവർ നടത്തുകയും ചെയ്തു. ഇന്ത്യൻ സൈനികരെ തടവിലാക്കാനും വേണ്ടിവന്നാൽ വധിക്കാനും തയ്യാറാകുമെന്നും മറ്റും ചൈന ഭീഷണി മുഴക്കിയിട്ടുണ്ട്. ഇന്ത്യയെപ്പോലെ അവരും ദേശീയഭ്രാന്ത് വളർത്താൻ

(ശേഷം 2–ാം പേജിൽ)

## ബംഗാളിൽ ജനകീയ പ്രക്ഷോഭണം നിർണ്ണായക വിജയം നേടി

ഒന്നാംക്ലാസ്സ് മുതൽ ജയം–തോൽവി സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന ആവശ്യത്തോടുള്ള ജനങ്ങളുടെ ഉറച്ച പിന്തുണയും, ഈ ആവശ്യമുന്നയിച്ചുകൊണ്ട് എസ്‌യുസിഐ(സി) പ്രഖ്യാപിച്ചിരുന്ന ജൂലൈ 17 ന്റെ പൊതുപണിമുടക്കിനോടുള്ള ജനങ്ങളുടെ നിർലോഭമായ സഹകരണവും മൂലം, ഈ ആവശ്യം അംഗീകരിക്കുവാനും ഈ വിഷയത്തിലുള്ള സംസ്ഥാന സർക്കാരിന്റെ അനുകൂല നിലപാട് കേന്ദ്രസർക്കാരിനെ എഴുതി അറിയിക്കുവാനും ബംഗാളിലെ തൃണമൂൽ സർക്കാർ നിർബന്ധിതമായി. സംസ്ഥാന വിദ്യാഭ്യാസമന്ത്രി, എസ്‌യുസിഐ(സി) സംസ്ഥാന നേതൃത്വത്തെ നിരന്തരം ബന്ധപ്പെടുകയും പൊതുപണിമുടക്ക് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് കത്തുകളയയ്ക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ, എസ്‌യുസിഐ(സി) പശ്ചിമബംഗാൾ സംസ്ഥാന കമ്മിറ്റി പൊതുപണിമുടക്ക് പിൻവലിക്കുകയും നിർണ്ണായക വിജയം നേടിയതിന് ജനങ്ങളെ അഭിനന്ദിക്കുകയും ചെയ്തു.

# ഇന്ത്യയുടെ കടുംപിടുത്തത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു സോഷ്യലിസ്റ്റ് ചൈനയുടെ സമീപനം

(1-ാം പേജിൽ നിന്ന്)

ശ്രമിക്കുകയാണ്. പ്രതിവിപ്ലവത്തിലൂടെ അവിടെ സ്ഥാപിതമായ മുതലാളിത്ത വ്യവസ്ഥ സൃഷ്ടിക്കുന്ന എണ്ണമറ്റ പ്രശ്നങ്ങളിൽപ്പെട്ടുഴലുകയാണല്ലോ ചൈനീസ് ജനതയും.

ഇന്ത്യയിലെയും ചൈനയിലെയും മുതലാളിത്ത ഗവൺമെന്റുകൾ സമാധാനത്തിനായി നിലകൊള്ളുന്നുവെന്ന് അവകാശപ്പെടുമ്പോഴും അവരുടെ വാക്കും പ്രവൃത്തിയും ജനങ്ങളിൽ ഭീതി വളർത്തുന്നതാണ്. ഈ തർക്കം ചർച്ചയിലൂടെ വേഗത്തിലും രമ്യമായും പരിഹരിക്കുന്നില്ലെങ്കിൽ സ്ഥിതി വഷളാകും. ഇരുരാജ്യങ്ങളും തമ്മിലുള്ള ഒരു യുദ്ധത്തിലേയ്ക്ക് കാര്യങ്ങൾ ചെന്നെത്തുമെന്ന് പലരും ആശങ്കപ്പെടുന്നുണ്ട്. ഈ മേഖലയിലെ രണ്ട് വൻശക്തികൾ തമ്മിൽ ഒരു യുദ്ധമുണ്ടായാൽ അത്, ഇരുരാജ്യങ്ങളിലെയും ഈ മേഖലയിലെ മറ്റ് ചെറിയ രാജ്യങ്ങളിലെയും ജനങ്ങളുടെ ജീവിതത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും.

**അതിർത്തി തർക്കങ്ങൾ പരിഹരിക്കാത്തതെന്തുകൊണ്ട് ?**

ഈ പ്രശ്നത്തിന്റെ കാതൽ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും ആദ്യം വേണ്ടത് ഇരുരാജ്യങ്ങളും സൈന്യത്തെ പിൻവലിച്ച് യുദ്ധഭീതി ഒഴിവാക്കുക എന്നതാണ്. അയൽരാജ്യങ്ങൾ തമ്മിലുള്ള അതിർത്തിതർക്കങ്ങൾ ദീർഘകാലം പരിഹരിക്കാതിരുന്നാൽ, കാഴ്ചപ്പാടിലും സമീപനത്തിലുമൊക്കെ അന്തരമുണ്ടാകാനും വാക്പയറ്റിലേയ്ക്കും സായുധസംഘർഷങ്ങളിലേക്കും സമ്പൂർണ്ണ യുദ്ധത്തിലേയ്ക്കും വരെ നയിക്കപ്പെടാനും സാധ്യതയുണ്ട്. ഇതെല്ലാം തുടർച്ചയെന്നോണം സംഭവിക്കുന്ന കാര്യങ്ങളാണ്. അതു കൊണ്ടുതന്നെ, അതിർത്തി നിർണയവും പുനഃക്രമീകരണവും ഒക്കെയായി ബന്ധപ്പെട്ട വിഷയങ്ങൾ ഇരുരാജ്യങ്ങളും അടിയന്തരമായി ചർച്ച ചെയ്യുകയും ക്ഷമയോടെയും ശാന്തമായും തുറന്ന മനസ്സോടെയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്. കോളണികളും അർധകോളണികളുമൊക്കെയായിരുന്നതും കരകൊണ്ട് അതിർത്തി പങ്കിടുന്നതുമായ രാജ്യങ്ങൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പഴയ സാമ്രാജ്യത്വ ഭരണാധികാരികൾ അവരുടെ താൽപ്പര്യാർത്ഥം നിർണയിച്ച അതിർത്തികളാണ് നിലവിലുള്ളത്. ജനങ്ങളെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്ന മുതലാളിത്ത വ്യവസ്ഥക്കെതിരായ പോരാട്ടം ശക്തിപ്പെടുത്താൻ ഇത്തരം തെറ്റിദ്ധാരണകളും ശത്രുതയുമൊക്കെ നീക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ജനങ്ങളെ കബളിപ്പിക്കാനായി ഇതൊക്കെ നിലനിർത്താനായിരിക്കും ഭരണാധികാരികൾക്ക് താല്പര്യം. സൈനിക-വ്യവസായസംരംഭങ്ങളുടെ ചെലവ് വർദ്ധിപ്പിക്കുന്നതിന് ന്യായീകരണമുണ്ടാക്കാൻ ഈ യുദ്ധഭീതി ഉപയോഗപ്പെടുത്തുകയും ചെയ്യാം. ജനങ്ങളുടെ ചെലവിൽ ഇവ്വിധം സമ്പദ്ഘടനയെ സൈനികവൽക്കരിക്കുന്നത് മുതലാളിത്ത വ്യവസ്ഥയുടെ കൂടെപ്പിറപ്പായ, അപരിഹാര്യമായ കമ്പോള പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിനുള്ള അവസാനപോംവഴി തേടലാണ്. ഏഷ്യയിലെ ഈ രണ്ട് വമ്പൻ മുതലാളിത്ത രാജ്യങ്ങളുടെയും കാര്യത്തിൽ ഇത് തീർത്തും ശരിയാണ്. രണ്ടും ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഗവണ്മെന്റുകളല്ല. അതിർത്തി തർക്കങ്ങൾ നിലനിർത്തിയും യുദ്ധഭീതി വളർത്തിയും ജനങ്ങളെ കബളിപ്പിച്ച് യുദ്ധാവശ്യങ്ങൾക്കുള്ള ചെലവ് വർദ്ധിപ്പിക്കുന്നതിന് ന്യായം കണ്ടെത്തുകയും നിലനിൽക്കുന്ന ചൂഷണ വ്യവസ്ഥയ്ക്ക് എതിരായ ജനരോഷത്തെ ഇല്ലായ്മ ചെയ്യുകയുമാണിവർ. ചൈനയും ഭൂട്ടാനും തമ്മിൽ ഉടലെടുത്ത ഡോക്‌ലാം പ്രശ്നത്തിൽ ഇന്ത്യ ഇടപെടേണ്ട ഒരു കാര്യവും ഉണ്ടായിരുന്നില്ല. എന്നിട്ടും ഇന്ത്യ ഇടപെട്ടു. ഇന്ത്യയും ചൈനയും തമ്മിൽ നിലനിൽക്കുന്ന അതിർത്തി പ്രശ്നവുമായി ഡോക്‌ലാം തർക്കത്തിന് യാതൊരു ബന്ധവുമില്ലതാനും

**ഇന്ത്യയുടെ കടുംപിടുത്തത്തിൽനിന്ന് വ്യത്യസ്തമായ സമീപനമായിരുന്നു സോഷ്യലിസ്റ്റ് ചൈനയുടേത്**

അന്ന് സാഹചര്യം വ്യത്യസ്തമായിരുന്നു. ഇന്ത്യ-ചൈന അതിർത്തി ഇന്നും കൃത്യമായി നിർണ്ണയിച്ചിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ഇതേച്ചൊല്ലി 1962-ൽ ഇരുരാജ്യങ്ങളും തമ്മിൽ യുദ്ധം നടന്നു. അന്ന് ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത രാഷ്ട്രീയപാർട്ടിയായ കോൺഗ്രസ്സിന്റെ നേതാവായിരുന്ന ജവഹർലാൽ നെഹ്രുവായിരുന്നു ഇന്ത്യൻ പ്രധാനമന്ത്രി. ചൈനയാകട്ടെ കമ്മ്യൂണിസ്റ്റ് പാർട്ടി ചെയർമാൻ മാവോ സെതുങിന്റെ നേതൃത്വത്തിൽ സമ്പൂർണ്ണ സോഷ്യലിസത്തിലേയ്ക്ക് കുതിക്കുന്ന ഘട്ടത്തിലായിരുന്നു. 1955-ലെ ബന്ദുങ് കോൺഫറൻസ് മുതൽ, ഒരു സോഷ്യലിസ്റ്റ് സമീപനം പിന്തുടർന്നുകൊണ്ട്, അതിർത്തി പ്രശ്നം പരിഹരിക്കാൻ ചർച്ചയ്ക്ക് തയ്യാറാകണമെന്ന് ഇന്ത്യയോട് ചൈന നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകർത്താക്കളും മലയോര രാജ്യങ്ങളായ നേപ്പാൾ, സിക്കിം, ഭൂട്ടാൻ എന്നിവിടങ്ങളിലെ രാജാക്കന്മാരും തമ്മിൽ, അവരുടെ താൽപ്പര്യാർത്ഥം ഉണ്ടാക്കിയ ധാരണപ്രകാരം നിർണ്ണയിച്ചതായിരുന്നു അതിർത്തികൾ. പടിഞ്ഞാറ് അക്ഷയ്ചിൻ, നടുക്ക് ഡോക്‌ലാം ഉൾപ്പെടുന്ന സിക്കിമിന്റെയും ഭൂട്ടാന്റെയും ചൈനയുടെയും സംഗമസ്ഥാനം, കിഴക്ക് മക്മോഹൻ രേഖ എന്നിവയായിരുന്നു തർക്കസ്ഥലങ്ങൾ. ഇന്ത്യയുമായി സൗഹൃദം പുലർത്തിയ ചൈന എല്ലാ തർക്കവിഷയങ്ങളിലും ചർച്ചയ്ക്ക് തയ്യാറാണെന്നും തീരുമാനമാകുന്നതുവരെ തൽസ്ഥിതി നിലനിർത്തണമെന്നും നിലപാടെടുത്തിരുന്നു. ആദ്യമൊക്കെ ചർച്ചയ്ക്ക് തയ്യാറായ ഇന്ത്യ താമസിയാതെ നിലപാടു മാറ്റി. അതിർത്തികൾ 'മാറ്റാനാവില്ല', അക്കാര്യത്തിൽ 'വിട്ടുവീഴ്ചയില്ല', അതിർത്തികൾ 'പരമ്പരാഗതമായി നിലനിൽക്കുന്നതാണ്, 'ഭൂമിശാസ്ത്രപരമായി സ്വാഭാവികമായി നിലനിൽക്കുന്നതാണിത്' തുടങ്ങിയ പ്രഖ്യാപനങ്ങളുമായി ഇന്ത്യ മുന്നോട്ടുവന്നു. ബ്രിട്ടീഷുകാർ ഏകപക്ഷീയമായി സ്ഥാപിച്ച മാക്മോഹൻ ലൈൻ തങ്ങളുടെ അതിർത്തിയാണെന്ന് ഇന്ത്യൻ സൈന്യം പ്രഖ്യാപിച്ചിരുന്നു. ഈ അതിർത്തിപോലും മറികടന്ന് അവർ പട്രോളിംഗ് നടത്തുകയും സൈനിക പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തത് കാര്യങ്ങൾ കൂടുതൽ വഷളാക്കുകയും ചൈനീസ് ഗവൺമെന്റിന്റെ പ്രതിഷേധം ക്ഷണിച്ചുവരുത്തുകയും ചെയ്തു. ഒരു ഘട്ടത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി നെഹ്രു ഇന്ത്യയുടെ അവകാശവാദം സ്ഥാപിച്ചെടുക്കാനായി സൈനിക നീക്കത്തിന് ഉത്തരവിടുകയും ജനങ്ങളിൽ യുദ്ധഭീതി വളർത്തുകയും ചെയ്തു. പിന്തിരിയാനുള്ള സോഷ്യലിസ്റ്റ് ചൈനയുടെ നിരന്തരമായ അഭ്യർത്ഥന ഇന്ത്യ ചെവിക്കൊള്ളാതെ വന്നപ്പോൾ, 1962 ഒക്ടോബർ 20 ന് ഇന്ത്യയുടെ നിമയവിരുദ്ധ ഔട്ട്പോസ്റ്റുകൾക്ക് നേരെ ചൈനയുടെ പീപ്പിൾസ് ലിബറേഷൻ ആർമി ആക്രമണം നടത്തി. യഥാർത്ഥ നിയന്ത്രണരേഖയ്ക്ക് അപ്പുറത്തുണ്ടായിരുന്ന പോസ്റ്റുകൾ നശിപ്പിച്ചു. നാലു ദിവസത്തെ മുന്നേറ്റത്തിനുശേഷം ചൈനീസ് സേന പിൻവാങ്ങി. ഇന്ത്യ-ചൈന അതിർത്തിയായി കണക്കാക്കപ്പെട്ടിരുന്ന പ്രദേശംവരെയേ ചൈനീസ് സേന മുന്നേറിയുള്ളൂ എന്ന കാര്യം പ്രത്യേക ശ്രദ്ധ അർഹിക്കുന്നതാണ്. ഇരുകൂട്ടരും ചർച്ചയിലൂടെ സമാധാനപരമായി പ്രശ്നം പരിഹരിക്കണമെന്നും തർക്കത്തിനു മുമ്പ് 1959-ൽ അംഗീകരിക്കപ്പെട്ട യഥാർത്ഥ നിയന്ത്രണരേഖ മാനിക്കണമെന്നും ഈ രേഖയിൽ നിന്ന് ഇരുകൂട്ടരുടെയും സൈന്യം 20 കിലോമീറ്റർ മാറിമാത്രമേ നിലയുറപ്പിക്കാവൂ എന്നും ഒരു പ്രസ്താവനയിലൂടെ ചൈന വ്യക്തമാക്കി. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഏകപക്ഷീയമായി യുദ്ധം നിർത്തി, പിടിച്ചെടുത്ത പ്രദേശങ്ങൾ ഉപേക്ഷിച്ച് ചൈനീസ് സേന മേൽപ്പറഞ്ഞ 20 കിലോമീറ്ററിനപ്പുറത്തേയ്ക്ക് പിൻവാങ്ങി. എന്നാൽ ഈ സമയത്തെല്ലാം ഇന്ത്യയിലെ ബൂർഷ്വാ ഗവൺമെന്റിന്റെ കടുംപിടുത്തം പ്രകടമായിരുന്നു. നിർദ്ദയമായ മുതലാളിത്ത ചൂഷണം കൊണ്ട് നടുവൊടിഞ്ഞ ഇന്ത്യയിലെ ജനങ്ങളുടെ കാര്യത്തിൽ ഒട്ടും പരിഗണനയില്ലാത്ത, അവരുടെമേൽ യുദ്ധത്തിന്റെയും അടിയന്തരാവസ്ഥയുടെയും കെടുതികൾ നിർദ്ദാക്ഷിണ്യം അടിച്ചേൽപ്പിക്കുന്ന, മുതലാളിമാരുടെ വിശേഷിച്ച് കുത്തകകളുടെ താൽപ്പര്യം മാത്രം പരിഗണിക്കുന്ന ഒരു ഗവൺമെന്റിനെയാണ് ഈ നാളുകളിൽ ജനങ്ങൾ കണ്ടത്.

**ഇന്ത്യയിലെയും ചൈനയിലെയും ഗവൺമെന്റുകൾ വിപുലീകരണ തന്ത്രങ്ങളുമായി ഇറങ്ങിത്തിരിക്കുന്നു**

കുറച്ചുനാൾ ഈ ധാരണപ്രകാരം മുന്നോട്ടുപോയെങ്കിലും പിന്നീട് ഇന്ത്യാഗവൺമെന്റും ഇന്ത്യൻ സൈന്യവും പഴയനിലപാടിലേയ്ക്ക് തിരിച്ചുപോയി. വളരെ മുമ്പേ സാമ്രാജ്യത്വ സ്വഭാവമാർജ്ജിച്ച ഇന്ത്യൻമൂലധനം കടുത്ത കമ്പോള പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും തന്മൂലം ചെറിയ രാജ്യങ്ങളിൽ വൻതോതിൽ മൂലധനനിക്ഷേപം നടത്തി അവരുടെ കമ്പോളവും വിഭവങ്ങളും ചൂഷണം ചെയ്തുവരികയുമായിരുന്നു. ഇതിനനുസൃതമായി അയൽരാജ്യങ്ങളോടുള്ള അവരുടെ മനോഭാവത്തിലും മാറ്റമുണ്ടായി. ദുർബലരായ അയൽരാജ്യങ്ങളുടെമേൽ വികസനമോഹപരമായി കടന്നുകയറ്റം നടത്തുന്ന പ്രവണത ദൃശ്യമായി. സിക്കിമിനെ ഇന്ത്യയോട് കൂട്ടിച്ചേർത്തത് ഇതിന്റെ ഉദാഹരണമാണ്. ഭൂട്ടാനാകട്ടെ പരമാധികാര പദവി വലിയൊരു പരിധിവരെ നഷ്ടപ്പെട്ട് ഇന്ത്യയുടെ ഒരു ആശ്രിത രാജ്യമായി മാറിക്കഴിഞ്ഞു. മറ്റ് ചെറിയ അയൽരാജ്യങ്ങളും ഇന്ത്യയുടെ ഈ വലിയേട്ടൻ മാനോഭാവത്തിൽ ആശങ്കയുള്ളവരാണ്. ഇപ്പോൾ ഭൂട്ടാൻ-ചൈന തർക്കത്തിൽ ചാടിവീണ് ഇടപെട്ടതിലും ഈ മനോഭാവം പ്രകടമാണ്. ഭൂട്ടാന്റെ ആഭ്യർത്ഥനപ്രകാരമാണിത് എന്ന് പറഞ്ഞിരുന്നെങ്കിലും ഭൂട്ടാൻ പിന്നീടത് പിൻവലിക്കുകയുണ്ടായി. ഈ മേഖലയിലെ ഒരു വൻശക്തിയായി മാറുക എന്ന മോഹവുമായാണ് ഈ നീക്കങ്ങളെല്ലാം ഇന്ത്യ നടത്തുന്നത്. ഏഷ്യയിലെ മറ്റൊരു വൻശക്തിയായ ചൈനയെ ഒതുക്കുക എന്ന ലക്ഷ്യവും ഇതിനുപിന്നിലുണ്ട്. ഇതിനായി ലോകത്തെ ഏറ്റവും വലിയ യുദ്ധദാഹിയായ അമേരിക്കയുമായും അവരുടെ ചങ്ങാതിയായ ഇസ്രായേലുമായും ആസ്ട്രേലിയ, ജപ്പാൻ എന്നിവരുമായും സൈനികസഖ്യമുണ്ടാക്കാൻപോലും ഇന്ത്യ തയ്യാറായിരിക്കുന്നു. ഈ വികസനമോഹങ്ങൾക്കൊന്നും ജനതാൽപ്പര്യവുമായി ഒരു ബന്ധവുമില്ലെന്നുമാത്രമല്ല, ജനങ്ങളുടെ ദുരിതങ്ങൾ പെരുക്കിക്കൊണ്ട് വൻതുകകൾ പട്ടാളാവശ്യങ്ങൾക്കുവേണ്ടി നീക്കിവയ്ക്കുകയും ചെയ്യുന്നു.

ചൈനയെ സംബന്ധിച്ചാണെങ്കിൽ, കമ്മ്യൂണിസ്റ്റ് സാർവ്വലൗകികതയെ മുറുകെപിടിച്ചിരുന്ന നാളുകളിൽ അത് അതിർത്തിതർക്കങ്ങൾ ക്ഷമയോടെയും സമാധാനപരമായും പരിഹരിക്കാൻ ശ്രമിച്ചിരുന്നു. ആക്രമണോത്സുകത വെടിഞ്ഞ് ഇരുരാജ്യങ്ങളും പിൻവാങ്ങണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയും അതുപ്രകാരം പിടിച്ചെടുത്ത പ്രദേശങ്ങൾ വിട്ടുകൊടുത്തുകൊണ്ട് ചൈനീസ് പട്ടാളം പിൻവാങ്ങുകയും ചെയ്തിരുന്നു. മാവോസെതുങ്ങിനെപ്പോലെ മഹാനായ നേതാവ് നയിക്കുന്ന സോഷ്യലിസ്റ്റ് രാജ്യത്തിൽനിന്ന് പ്രതീക്ഷിക്കാവുന്ന കാര്യങ്ങളായിരുന്നു ഇതെല്ലാം. എന്നാൽ പ്രതിവിപ്ലവം ആഴത്തിൽ സ്വാധീനംചെലുത്താൻ തുടങ്ങിയ 1978 മുതൽ ചൈന പിന്തുടരുന്നത് മറ്റേതൊരു സാമ്രാജ്യത്വശക്തിയുടെയും പോലുള്ള നയങ്ങൾ തന്നെയാണ്. ആഭ്യന്തര വിദേശ നയങ്ങളിൽ യാതൊരു തത്വദീക്ഷയുമില്ലാത്ത നിലപാടുകളാണ് ഇന്ന് മുതലാളിത്ത ചൈനയിലെ ഭരണാധികാരികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

സോഷ്യലിസം ശക്തമായി നിലനിന്ന മൂന്ന് ദശാബ്ദക്കാലംകൊണ്ട് പടുത്തുയർത്തിയ വ്യാവസായിക ഘടനയെ ഉപയോഗപ്പെടുത്തിയിട്ടും, കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നും പീപ്പിൾസ് ലിബറേഷൻ ആർമിയെന്നുമൊക്കെയുള്ള പേരുകൾ നിലനിർത്തി ചൈനയിലെയും പുറംലോകത്തെയും ജനങ്ങളെ കബളിപ്പിച്ചിട്ടും മുതലാളിത്ത ജീർണ്ണതയുടെ ഈ കാലഘട്ടത്തിൽ, ചൈനീസ് മുതലാളിത്തത്തിനും അനുദിനം വർദ്ധിച്ചുവരുന്ന പ്രതിസന്ധി ഒഴിവാക്കാൻ കഴിയുന്നില്ല. സർവ്വശക്തരായ ഒരു പിടി കുത്തകകളുടെ കയ്യിൽ പണവും അധികാരങ്ങളും കുമിഞ്ഞുകൂടിയിരിക്കുന്നു. ജനങ്ങൾക്കിടയിൽ വരുമാനത്തിന്റെ കാര്യത്തിലുള്ള അന്തരം അനുദിനം വർദ്ധിക്കുന്നു. സ്വദേശ-വിദേശ കുത്തകകൾക്കുവേണ്ടി കർഷകർ കൃഷിഭൂമിയിൽനിന്ന് നിരന്തരം കുടിയൊഴിപ്പിക്കപ്പെടുന്നു. തൊഴിലാളികളെ കുടിയേറ്റത്തിന് നിർബന്ധിതരാക്കുംവിധം തൊഴിലില്ലായ്മ പെരുകിക്കൊണ്ടിരിക്കുന്നു. കുറ്റകൃത്യങ്ങളും അഴിമതിയും ചൂഷണവും പെരുകി സാംസ്കാരികരംഗത്ത് വൻപ്രതിസന്ധി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. സൈനിക-ഭരണച്ചെലവുകൾ വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നിവയൊക്കെയാണ് ഇന്ന് ചൈനയുടെ പ്രകടമായ സ്വഭാവം. ഇതോടൊപ്പം വമ്പൻ സൈനികശക്തിയും കൂടിയായതോടെ ചൈനീസ് ഭരണാധികാരികളിൽ ഒരു വല്യേട്ടൻ മനോഭാവം ഉടലെടുത്തിരിക്കുന്നു. ദുർബലരായ അയൽരാജ്യങ്ങളെ വരുതിയിലാക്കിയും ഇന്ത്യപോലുള്ള കൂടുതൽ ശക്തരായവരെ നേരിട്ടുകൊണ്ട് ഒതുക്കിയും ഒരു വമ്പൻ സാമ്പത്തിക-സൈനിക ശക്തിയായി ഉയർന്നുവരിക എന്ന ഒറ്റലക്ഷ്യമേ ചൈനയിലെ മുതലാളിത്ത ഭരണാധികാരികൾക്കുള്ളൂ. ഡോക്‌ലാം സംഭവം ഇതാണ് സുവ്യക്തമാക്കിത്തരുന്നത്.

**ഇന്ത്യയിലെയും ചൈനയിലെയും ജനങ്ങൾ തങ്ങളുടെ മുതലാളിത്ത വ്യവസ്ഥകൾ നേരിടുന്ന പ്രതിസന്ധിയിൽപ്പെട്ട് നട്ടംതിരിയുന്നു.**

ഇന്ത്യയിലെയും ചൈനയിലെയും ജനങ്ങളുടെ പ്രാഥമികകടമ തങ്ങളുടെ മുതലാളിത്ത ചൂഷണ ഭരണത്തിനെതിരെ പൊരുതുക എന്നതാണ്. ഒരുപിടി കുത്തകകളുടെ കയ്യിൽ അധികാരവും പണവും കേന്ദ്രീകരിക്കുക, ഭീകരമായ അസമത്വവും വിവേചനവും, കടുത്തപട്ടിണി, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, കർഷകർ കുത്തകകൾക്കുവേണ്ടി കൃഷിഭൂമിയിൽനിന്ന് കുടിയിറക്കപ്പെടുന്നത്, കർഷകരുടെയും ചെറുകിടകച്ചവടക്കാരുടെയും കടക്കെണിയും ആത്മഹത്യയും, തൊഴിൽ രഹിതരായ യുവാക്കൾ കുറ്റവാളികളായിമാറുന്നത്, സ്ത്രീകൾക്കും കുട്ടികൾക്കും നേരെനടക്കുന്ന ഭീകരമായ ആക്രമണങ്ങൾ തുടങ്ങിയവയൊക്കെയാണ് ചൈനയിലെപ്പോലെതന്നെ ഇന്ത്യയിലെ ചൂഷിത ജനതയും അഭിമുഖീകരിക്കുന്നത്. ഹൃദയശൂന്യമായ ഈ വ്യവസ്ഥയ്ക്കെതിരെ ജനങ്ങൾ സംഘടിക്കാതിരിക്കുന്നതിനുവേണ്ടി ജാതീയത-വർഗ്ഗീയത-വംശീയത തുടങ്ങി എല്ലാത്തരം വിഭാഗീയതകളും ഭരണാധികാരികൾ പ്രോത്സാഹിപ്പിക്കുന്നു. മുതലാളിത്ത മോഹങ്ങൾക്കും പദ്ധതികൾക്കും ഇണങ്ങുംവിധം ജനങ്ങളെ ആട്ടിത്തെളിക്കാനായി ദേശീയ ഭ്രാന്ത് വളർത്തുന്നു. അതിർത്തിയിലെ പ്രശ്നങ്ങളെയും ജനങ്ങളെ ആവേശം കൊള്ളിക്കാനായി ഇവർ ഉപയോഗപ്പെടുത്തുന്നു.

ഇന്ത്യയും ചൈനയും വൻശക്തികളാകുന്നതുകൊണ്ട് ചൂഷിത ജനതയുടെ ഒരു താൽപ്പര്യവും സംരക്ഷിക്കപ്പെടാൻ പോകുന്നില്ല എന്ന യാഥാർത്ഥ്യം ഇരുരാജ്യങ്ങളിലെയും ജനങ്ങൾ തിരിച്ചറിയണം. കുത്തകകൾക്കും അവരുടെ പിണിയാളുകൾക്കും മാത്രമേ ഇതുവഴി നേട്ടമുണ്ടാകൂ. വ്യവസായ-സൈനിക കൂട്ടുകെട്ടിന്റെ താൽപ്പര്യാർത്ഥമാണ് അതിർത്തിത്തർക്കങ്ങൾ പരിഹരിക്കാതെ യുദ്ധഭീതി വളർത്തി നിലനിർത്തുന്നത്. മുതലാളിത്തമാണ് എല്ലാ പ്രശ്നങ്ങളും സൃഷ്ടിക്കുന്നത് എന്ന തിരിച്ചറിവുണ്ടാകാതിരിക്കാനാണ് ദേശീയഭ്രാന്ത് വളർത്തുന്നത്. സോഷ്യലിസത്തിനു കീഴിലായിരുന്നപ്പോൾ ചൈനയ്ക്കുണ്ടായിരുന്ന എല്ലാ നന്മകളും അസ്തമിച്ച് അത് തീർത്തും സങ്കുചിതമായി മാറിയിരിക്കുന്നു. ധാർഷ്ട്യവും വിരട്ടലും

(ശേഷം 3-ാം പേജിൽ)

## കെഎസ്ആർടിസി

# പെൻഷന്റെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുക



സഖാവ് എസ്.സീതിലാൽ കുടുംബധർണ്ണ ഉദ്ഘാടനം ചെയ്യുന്നു

**കെ**എസ്ആർടിസി പെൻഷനേഴ്സ് ഓർഗനൈസേഷൻ ഹരിപ്പാട് യൂണിറ്റ്, ഹരിപ്പാട് ബസ് സ്റ്റാൻഡിൽ സംഘടിപ്പിച്ച കുടുംബധർണ്ണ എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. പെൻഷൻ സർക്കാർ ഏറ്റെടുക്കുക, മുടങ്ങാതെ വിതരണം ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള അനിശ്ചിതകാല സമരത്തിന്റെ ഭാഗമായിട്ടാണ് കുടുംബധർണ്ണ സംഘടിപ്പിച്ചത്. മാവേലിക്കരയിൽ നടന്ന കുടുംബധർണ്ണയിൽ അഡ്വ.എം.എ.ബിന്ദുവും ആലപ്പുഴയിൽ നടന്ന കുടുംബധർണ്ണയിൽ സഖാവ് എസ്.സീതിലാലും എഐയുടിയുസിയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. ●

# മലബാർ കാഷ്യൂ ഫാക്ടറി തൊഴിലാളികളുടെ അനിശ്ചിതകാല സമരം വിജയിച്ചു

**കൊ**ല്ലം തൃക്കോവിൽവട്ടം പഞ്ചായത്തിലെ ഡീസന്റ് മുക്കിൽ പ്രവർത്തിക്കുന്ന മലബാർ കാഷ്യൂ ഫാക്ടറി, നികുതി കുടിശിക വരുത്തിയതിന്റെ പേരിൽ 2014 ഡിസംബർ 29 ന് സർക്കാർ ലേലം ചെയ്യുകയും സുരേഷ്ബാബു എന്നയാൾ ലേലം കൊള്ളുകയും ചെയ്തു. ഈ ഫാക്ടറിയിലെ തൊഴിലാളികളുടെ സർവ്വീസ് ആനുകൂല്യങ്ങൾ സുരേഷ്ബാബു ഏറ്റെടുത്ത് കൊണ്ട് കരാറുണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, എഐയുറ്റിയുസി കശുവണ്ടി തൊഴിലാളി സെന്റർ ജില്ലാ ലേബർ ഓഫീസർക്ക് പരാതി നൽകുകയും നിരവധി ചർച്ചകൾ ഡിഎൽഒ ഓഫീസിലും സംസ്ഥാന ലേബർ കമ്മീഷണർ ഓഫീസിലും നടന്നെങ്കിലും പുതിയ മാനേജ്മെന്റ് ഇതിന് തയ്യാറാകാത്ത സാഹചര്യത്തിൽ യൂണിയൻ കശുവണ്ടി വ്യവസായത്തിന്റെ ചുമതലയുള്ള മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മയ്ക്ക് നിവേദനം നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ 2016 സെപ്തംബർ 26 ന് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത ചർച്ചയിൽ സംസ്ഥാന ലേബർ കമ്മീഷണർ കശുവണ്ടി വ്യവസായത്തിന്റെ ചുമതലയുള്ള ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയും പങ്കെടുത്തു. ചർച്ചയിൽ



സമരപന്തലിൽ എഐയുടിയുസി സംസ്ഥാനസെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിച്ച മാനേജുമെന്റ് 10 മാസം കഴിഞ്ഞിട്ടും ഈ തീരുമാനങ്ങൾ നടപ്പിലാക്കാത്ത സാഹചര്യത്തിൽ 2017 ജൂൺ 16-ാം തീയതി മുതൽ ഈ ഫാക്ടറി പടിക്കൽ, കശുവണ്ടി തൊഴിലാളി സെന്ററിന്റെ നേതൃത്വത്തിൽ തൊഴിലാളികൾ അനിശ്ചിത കാല സമരം ആരംഭിച്ചു. സമരത്തെ അഭിവാദ്യം ചെയ്തുകൊണ്ട് ഫാക്ടറിപടിക്കൽ നടന്ന യോഗത്തിൽ കശുവണ്ടി തൊഴിലാളി സെന്റർ സംസ്ഥാന ജനറൽ സെക്രട്ടറി എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എഐയുറ്റിയുസിയുടെ സംസ്ഥാന സെക്രട്ടറിയും കശുവണ്ടി തൊഴിലാളി സെന്ററിന്റെ സംസ്ഥാന പ്രസിഡന്റുമായ വി.കെ.സദാനന്ദൻ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി അംഗവും കശുവണ്ടി തൊഴിലാളി സെന്ററിന്റെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമായ ഷൈല കെ. ജോൺ, യൂണിയൻ ജില്ലാ സെക്രട്ടറി ബി.വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു. സമരം ശക്തിപ്രാപിച്ചതിനെത്തുടർന്ന് ആഗസ്റ്റ് 2 ന് മന്ത്രി, തന്റെ ചേമ്പറിൽ ചർച്ചയ്ക്ക് വിളിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ ഡിഎൽഒയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാമെന്ന് മാനേജുമെന്റ് സമ്മതിച്ചതിനെത്തുടർന്ന് സമരം വിജയിച്ചു. ●

# യുദ്ധവും ഭീകരവാദവും സൃഷ്ടിക്കുന്നത് സാമ്രാജ്യത്വ ശക്തികൾ

**– ഡോ.കെ.എം.സീതി**



ഡോ. കെ.എം.സീതി പ്രഭാഷണം നടത്തുന്നു

**ലോ**കത്ത് യുദ്ധവും ഭീകരവാദവും സൃഷ്ടിക്കുന്നത് മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളാണെന്ന് എം.ജി.സർവ്വകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ. കെ.എം.സീതി അഭിപ്രായപ്പെട്ടു. കൊല്ലം കുണ്ടറയിൽ ജി. രവീന്ദ്രൻ അനുസ്മരണ പരിപാടിയിൽ **'യുദ്ധത്തിന്റെയും ഭീകരവാദത്തിന്റെയും ഘടനാശാസ്ത്രം'** എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഐഎസ്ഐഎസ്, അൽഖയിദ തുടങ്ങിയ ഭീകരവാദ സംഘടനകളെ അമർച്ച ചെയ്യുമെന്ന് വാദിക്കുന്ന അമേരിക്ക തന്നെയാണ് ഈ ഭീകരവാദ സംഘടനകളെ സൃഷ്ടിച്ചുകൊണ്ട് പശ്ചിമേഷ്യൻ രാജ്യങ്ങളിലെമ്പാടും കുത്തിത്തിരിപ്പുനടത്തി അവിടങ്ങളിലെ ജനാധിപത്യ സർക്കാരുകളെ അട്ടിമറിക്കുന്നത്. ഇൻഡോനേഷ്യയിൽ മതമൗലികവാദം വളർത്തി പത്തുലക്ഷം കമ്മ്യൂണിസ്റ്റുകളെ കൊന്നൊടുക്കിയത് അമേരിക്കയുടെ നേതൃത്വത്തിലായിരുന്നു. പശ്ചിമേഷ്യയിൽ ചെറിയ അശാന്തി ഉടലെടുത്താൽ, കേരളത്തിലെ 45 ലക്ഷത്തോളം കുടുംബങ്ങളെയും കേരളത്തെ മൊത്തത്തിലും ബാധിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ജി.എസ്.പത്മകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, അനുസ്മരണ സമിതി പ്രസിഡന്റ് എ. ജെയിംസ് അനുസ്മരണ പ്രഭാഷണം നടത്തി. സഖാക്കൾ ഷൈല കെ.ജോൺ, വി.ആന്റണി, എസ്. രാധാകൃഷ്ണൻ, ബി.രാമചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. അനുസ്മരണ സമിതി 'യുദ്ധത്തിന്റെയും ഭീകരവാദത്തിന്റെയും ഘടനാശാസ്ത്രം' എന്ന വിഷയത്തിൽ അനുസ്മരണസമിതി സ്കൂളുകളിൽ നടത്തിയ ഉപന്യാസ മത്സരത്തിലെ വിജയികൾക്ക് സർട്ടിഫിക്കറ്റും സമ്മാനങ്ങളും നൽകി. ●

## കൊച്ചി കപ്പൽശാല സ്വകാര്യവൽക്കരിക്കരുത്



**കൊച്ചി കപ്പൽശാലയുടെ ഓഹരിവിറ്റഴിച്ച് സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്രസർക്കാർ നടപടിക്കെതിരെ സമരം നടത്തുന്ന കപ്പൽശാലത്തൊഴിലാളികൾക്ക് പിന്തുണപ്രഖ്യാപിച്ച് സംയുക്ത ട്രേഡ്‌യൂണിയൻ ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 2 ന് കപ്പൽശാലയിലേയ്ക്ക് നടത്തിയ മാർച്ചിനോടനുബന്ധിച്ച് നടന്ന യോഗത്തിൽ എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് എൻ.ആർ.മോഹൻകുമാർ പ്രസംഗിക്കുന്നു.** ●

# ഇന്ത്യ – ചൈന തർക്കം

*(2-ാം പേജിൽ നിന്ന്)*

അതിക്രമവും തുടങ്ങി ഒരു വളർന്നുവരുന്ന സാമ്രാജ്യത്വശക്തിയുടെ എല്ലാ സവിശേഷതകളും പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഏറെക്കാലമായി ഇന്ത്യൻ മുതലാളിത്ത ഭരണാധികാരികളും ഈ ദിശയിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ?

**ഇന്ത്യയെയും ചൈനയെയും തകർച്ചയിൽനിന്ന് രക്ഷിക്കാൻ ജനജാഗ്രതയ്ക്കേ കഴിയൂ**

ഭരണവർഗ്ഗത്തിന്റെ ഈ കളികൾ തിരിച്ചറിയാൻ ഇരുരാജ്യങ്ങളിലെയും ജനങ്ങൾക്ക് കഴിയണം. ഡോക്‌ലാം പോലുള്ള വിഷയങ്ങൾ യുക്തിപൂർവ്വം പരിശോധിക്കാൻ അവർ തയ്യാറാകണം. ഈ വൻശക്തികൾ അവരുടെ സാമ്രാജ്യത്വപദ്ധതികളുമായി മുന്നേറുകയും തർക്കങ്ങൾ യുദ്ധങ്ങളായി പരിണമിക്കുകയും ചെയ്യുന്നത് തടയാൻ, ഉറച്ച നിലപാടെടുത്തുകൊണ്ട് അഭിപ്രായരൂപീകരണവും പോരാട്ടവും വളർത്തിയെടുക്കുന്നതിലൂടെ ജനങ്ങൾക്ക് സാധിക്കും. സൈനിക ഇടപെടലിലൂടെ ഒരു പ്രശ്നത്തിനും പരിഹാരമുണ്ടാക്കാനാവില്ല. അതുകൊണ്ട് ഉടൻ സൈന്യത്തെ പിൻവലിക്കാൻ ഇരുകൂട്ടരും തയ്യാറാകണം. അതിർത്തിതർക്കം പോലുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ ക്ഷമയോടെയും സമാധാനപരമായും നടത്തുന്ന ചർച്ചകളിലൂടെ മാത്രമേ കഴിയൂ എന്ന കാര്യം ജനങ്ങൾ തിരിച്ചറിയണം.

അൽപ്പം സമയമെടുത്താലും ഇതിന് മറ്റ് എളുപ്പ വഴികളില്ല. പ്രശ്നം ഇന്ത്യയും ചൈനയും തമ്മിലോ, ചൈനയും ഭൂട്ടാനും തമ്മിലോ അല്ലെങ്കിൽ മറ്റുള്ളവർ തമ്മിലോ ആകട്ടെ ന്യായയുക്തവും ശാശ്വതവുമായ പരിഹാരത്തിന് ചർച്ചയുടെ മാർഗ്ഗം പിന്തുടർന്നേ മതിയാകൂ. അതിർത്തിയുമായി ബന്ധപ്പെട്ട ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ഘടകങ്ങളെ ആധാരമാക്കി, ഭരണപരവും സാമ്പത്തികവും വാണിജ്യപരവുമൊക്കെയായ ആവശ്യകതകൾ കണക്കിലെടുത്തുവേണം പരിഹാരമുണ്ടാക്കാൻ. അതിർത്തിക്കിരുവശത്തുമുള്ള ജനങ്ങളുടെ മതം, ആചാരം, ഭാഷ തുടങ്ങി സംസ്കാരവും ശീലങ്ങളുമൊക്കെയായി ബന്ധപ്പെട്ട ഘടകങ്ങളും കണക്കിലെടുക്കണം. ഇവയൊക്കെ ജനങ്ങളുടെ വികാരങ്ങളെയും മനോഭാവങ്ങളെയും ആഴത്തിൽ സ്വാധീനിക്കുന്ന കാര്യങ്ങളാണ്. ഇന്നത്തെ കാലത്ത് ഒരു രാജ്യത്തിനും അതിന്റെ തീരുമാനം മറ്റൊരു രാജ്യത്തിനുമേൽ എതിർപ്പില്ലാതെ അടിച്ചേൽപ്പിക്കാനാവില്ല. യുക്തിക്കുനിരക്കുന്ന, ക്ഷമാപൂർവ്വമുള്ള, ജാഗ്രത്തായ ചർച്ചകളിലൂടെയും ആശയവിനിമയത്തിലൂടെയും മാത്രമേ പ്രശ്നപരിഹാരം കണ്ടെത്താനാകൂ. ഈയൊരു മാർഗ്ഗം അവലംബിക്കുന്നതിനായി ബന്ധപ്പെട്ട ഭരണാധികാരികൾക്കുമേൽ സമ്മർദ്ദം ചെലുത്താൻ ഇരുരാജ്യങ്ങളിലെയും ജനങ്ങൾ ആത്മാർത്ഥവും ഊർജ്ജസ്വലവുമായ പ്രവർത്തനം നടത്തണം. ഡോക്‌ലാം വിഷയത്തിൽ അടിയന്തരമായി ചെയ്യേണ്ടത് ഇരുകൂട്ടരും സൈന്യത്തെ പിൻവലിക്കുക എന്നതാണ്. മുടന്തൻ ന്യായങ്ങൾ ഉന്നയിച്ച് ഭൂട്ടാന്റെ ആഭ്യന്തരവും ബാഹ്യവുമായ കാര്യങ്ങളിൽ ഇടപെടുന്നതിൽനിന്ന് വിട്ടുനിൽക്കാൻ ഇന്ത്യയിലെ ബൂർഷ്വാ ഭരണാധികാരികൾ തയ്യാറാകണമെന്നതും ഏറെ പ്രധാനപ്പെട്ട കാര്യമാണ്. ●

# ജിഎസ്ടി: കുത്തനെയുള്ള വിലക്കയറ്റം സൃഷ്ടിക്കുന്നു

*(1-ാം പേജിൽ നിന്ന്)*

ജനതാൽപ്പര്യത്തിന് എതിരായിട്ടുള്ളതുമായിരിക്കുമെന്ന് ആ ലേഖനത്തിൽ അവ്യക്തതയേതുമില്ലാതെ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. അവശ്യംവേണ്ട ഈ രാഷ്ട്രീയ വീക്ഷണമില്ലാതെ ഒരു സാമ്പത്തിക നയം വിശകലനം ചെയ്താൽ സത്യം കണ്ടെത്താനാകില്ല. ലോകമെമ്പാടും മുതലാളിത്ത വ്യവസ്ഥ സഹജവും അപരിഹാര്യവുമായ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ്. രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ പ്രതിസന്ധിയിൽനിന്ന് കരകയറാനായി മുതലാളിത്ത ഭരണം ആവിഷ്ക്കരിക്കുന്ന നയങ്ങളും ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളും കൈക്കൊള്ളുന്ന പരിഷ്ക്കാരങ്ങളുമൊക്കെ, ആഭ്യന്തര-വിദേശ കുത്തകകളുടെയും കോർപ്പറേറ്റുകളുടെയുമൊക്കെ സ്ഥാപിത താൽപ്പര്യങ്ങൾ സംരക്ഷിക്കാനുതകുന്നതുമാത്രമായിരിക്കും. അതോടൊപ്പം, മുതലാളിത്ത ഭരണകൂടത്തിൽ പരമാവധി സാമ്പത്തികാധികാരങ്ങൾ കേന്ദ്രീകരിക്കുകയും ഉറപ്പിച്ചെടുക്കുകയും ചെയ്യുക എന്ന പദ്ധതിയും അതിന്റെ പിന്നിലുണ്ടാകും. ഈ ഹീനലക്ഷ്യം മറച്ചുവയ്ക്കാനാണ് ഭരണകക്ഷി നേതാക്കളും മന്ത്രിമാരുമൊക്കെ പൊള്ളയായ വാഗ്ദാനങ്ങളും ഉറപ്പുകളുമൊക്കെ നൽകുന്നതും പുരോഗമന നാട്യം സ്വീകരിക്കുന്നതും. അവരുടെ മികച്ച പ്രചരണോപാധികളും ദാസ്യത്തിലുള്ള മാദ്ധ്യമങ്ങളും വിലക്കെടുത്ത സാമ്പത്തിക വിശാരദന്മാരും വക്താക്കളുമൊക്കെ ഈ നടപടികളെ സംബന്ധിച്ച് ജനങ്ങളിൽ വ്യാമോഹം പടർത്താൻ ഇറങ്ങിത്തിരിക്കുകയും ചെയ്യും.

### പരിഷ്ക്കരണത്തിന്റെ പേരിലുള്ള ജനവഞ്ചന

1969-ൽ, അന്ന് പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി കൈക്കൊണ്ട, ബാങ്ക് ദേശസാൽക്കരണവും പ്രിവിപഴ്സ് നിർത്തലാക്കലും പോലുള്ള നടപടികൾ ഒന്ന് ഓർത്തുനോക്കൂ. അത് സോഷ്യലിസത്തിലേക്കുള്ള ഒരു ചുവടുവയ്പ്പാണെന്നോ, പുരോഗമനനടപടിയാണെന്നോ ഒക്കെ, മാർക്സിസ്റ്റുകൾ എന്നവകാശപ്പെടുന്നവരടക്കം പലരും പുകഴ്ത്തുകയുണ്ടായി. 'ഏഷ്യയുടെ വിമോചനത്തിന്റെ പതാകാവാഹക'യായി ഇന്ദിരാഗാന്ധി വാഴ്ത്തപ്പെട്ടു. ശ്രീമതി ഗാന്ധിയുടെ 'ഗരീബി ഹഠാവോ' (ദാരിദ്ര്യം തുടച്ചുനീക്കുക) മുദ്രാവാക്യവും ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി അവതരിപ്പിച്ച 20 ഇന പരിപാടിയുമൊക്കെ ഇതേപോലെതന്നെ തട്ടിപ്പുപരിപാടികളായിരുന്നു. ഈ പരിപാടികളുടെ ഫലമെന്തായിരുന്നു? സമ്പന്നർ കൂടുതൽ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ കൂടുതൽ ദരിദ്രരുമായി. ഒരു പിടി വ്യവസായികളുടെയും ബിസിനസ്സ് പ്രമാണിമാരുടെയും സമ്പത്ത് കുമിഞ്ഞുകൂടിയപ്പോൾ, ദരിദ്രരുടെ ദുരിതങ്ങൾ പെരുകി ജീവിതം ദുഃസഹമായിത്തീർന്നു. "ഒരു മുതലാളിത്ത വ്യവസ്ഥയിൽ ദേശസാൽക്കരണം, മുതലാളിവർഗ്ഗത്തിന്റെ ആകമാനതാൽപ്പര്യാർത്ഥം കുത്തകകളും ഭരണകൂടവും തമ്മിൽ കൂടുതൽ ഐക്യപ്പെട്ട്, ഭരണകൂടത്തെ കുത്തകകളുടെ താൽപ്പര്യത്തിന് ദാസ്യപ്പെടുത്തുകയും അതുവഴി ഫാസിസത്തിന്റെ അടിത്തറ ഉറപ്പിച്ചെടുക്കുകയുമാണ് സംഭവിക്കുന്നത്" എന്ന് മാർക്സിസ്റ്റ് പ്രയോഗപദ്ധതിയുടെയും വിശകലനത്തിന്റെയുമടിസ്ഥാനത്തിൽ നമ്മുടെ പാർട്ടി അന്ന് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. (*ബാങ്ക് ദേശസാൽക്കരണം സംബന്ധിച്ച് 1969 ആഗസ്റ്റ് 30 ന്, പാർട്ടി കേന്ദ്രകമ്മിറ്റി കൈക്കൊണ്ട പ്രമേയത്തിൽനിന്ന്*).

ഇനി 1991 ജൂലൈ 24 ലേയ്ക്ക് പോകാം. ആഗോളീകരണമെന്ന മാരകപദ്ധതിയുടെ കുറിപ്പടിപ്രകാരം, അന്നത്തെ കോൺഗ്രസ്സ് ഗവൺമെന്റ് വാദ്യഘോഷങ്ങളോടെ ആരംഭിച്ചതാണ് സാമ്പത്തിക ഉദാരവൽക്കരണ പരിപാടികൾ. സമ്പദ്ഘടനയുടെ ഉദാരവൽക്കരണം "സമ്പത്ത് സൃഷ്ടിക്കുകയും ദാരിദ്ര്യത്തിന്റെയും ദുരിതങ്ങളുടെയും അസമത്വത്തിന്റെയും കളങ്കം മായിച്ച് കളയുകയും ചെയ്യു"മെന്നായിരുന്നു അന്നത്തെ അവകാശവാദം. "പാശ്ചാത്യരാജ്യങ്ങളിലെ സമ്പന്ന സമൂഹങ്ങളിൽ നിന്ന് നമ്മൾ കടംകൊണ്ട ഉപഭോക്തൃ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കാനല്ല ഈ പരിഷ്ക്കാരം. കുടിവെള്ളത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെയും പാർപ്പിടത്തിന്റെയും മറ്റ് അടിസ്ഥാന ആവശ്യങ്ങളുടെയും അപര്യാപ്തത നേരിടുന്ന ഒരു സമൂഹത്തിൽ, നമ്മുടെ വിഭവങ്ങൾ പ്രധാനമായും ഒരു ചെറിയ വിഭാഗത്തിന്റെ ആവശ്യങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടിയാണ് വിനിയോഗിക്കുന്നതെങ്കിൽ അത് പരിതാപകരമായിരിക്കും". (24.07.1991-ൽ ധനകാര്യമന്ത്രിയായിരുന്ന മൻമോഹൻസിംഗ് നടത്തിയ ബജറ്റ് പ്രസംഗം).

ഒരു സാമ്പത്തിക വിദഗ്ധന്റെ കുപ്പായമണിഞ്ഞ മൻമോഹൻസിംഗ് അന്ന് പറഞ്ഞത്, വരുമാനത്തിന്റെയും സ്വത്തിന്റെയും കാര്യത്തിൽ നിലനിൽക്കുന്ന വൻതോതിലുള്ള നികുതിവെട്ടിപ്പ് അപ്രത്യക്ഷമാകുമെന്നും വരുന്ന ഏതാനും മാസങ്ങളിൽ നികുതി അടവിന്റെ കാര്യത്തിൽ വലിയ പുരോഗതിയുണ്ടാകുമെന്നുമാണ്. മൻമോഹൻസിംഗ് ഒരു 'മുള്ളൻപന്നിയെപ്പോലെ നമ്മുടെ നികുതിവ്യവസ്ഥയ്ക്ക് പ്രതിരോധം തീർത്തിരിക്കുകയാണെന്നും "അദ്ദേഹത്തിന്റെ ബജറ്റ് ചരിത്രത്തിൽ ഇടംപിടിച്ചിരിക്കുന്നു"വെന്നുമാണ് മന്ത്രിസഭാംഗങ്ങൾ വാഴ്ത്തിപ്പാടിയത്. ഇതൊരു വൻതട്ടിപ്പാണെന്നും ഉദാരവൽക്കരണത്തിനുവേണ്ടിയുള്ള മുറവിളി ചൂഷണത്തിന്റെ പല്ലും നഖവും ആഴ്ത്തിയിറക്കാനുള്ള മുതലാളിവർഗ്ഗ ഗൂഢാലോചനയാണെന്നും അന്നും നമ്മുടെ പാർട്ടി വിശദമാക്കിയിരുന്നു. "കുത്തകകളുടെ താൽപ്പര്യം സംരക്ഷിക്കാനും ഇന്ത്യൻ മുതലാളിത്ത വ്യവസ്ഥയെ പ്രതിസന്ധിയിൽനിന്ന് കരകയറ്റാനുമായി, രാജ്യത്തെ ചൂഷിതരായ ജനങ്ങളുടെമേൽ കോൺഗ്രസ്സ് ഗവൺമെന്റ് അടിച്ചേൽപ്പിക്കുന്ന ഏറ്റവും ക്രൂരമായ ആക്രമണമാണിതെ"ന്നും നമ്മുടെ പാർട്ടി കൃത്യമായി പറഞ്ഞു(*പ്രോലിറ്റേറിയൻ ഇറ, 14.10.1991*). നമ്മുടെ പാർട്ടിയുടെ ഈ വിശകലനം തികച്ചും ശരിയായിരുന്നുവെന്നല്ലേ ചരിത്രം തെളിയിച്ചത്? വിലക്കയറ്റം, തൊഴിലില്ലായ്മ, തൊഴിൽനഷ്ടം, വരുമാനത്തിലെ ഇടിവ്, ഗ്രാമീണ ജനതയുടെ പാപ്പരീകരണം, കരിഞ്ചന്തയിലും പൂഴ്ത്തിവയ്പ്പിലുമുള്ള വർദ്ധന, സമ്പത്തും സ്വാധീനവുമുള്ളവർ നടത്തുന്ന നികുതിവെട്ടിപ്പ്, സർവ്വവ്യാപിയായ അഴിമതി തുടങ്ങി സർവ്വരംഗങ്ങളിലും സാധാരണക്കാരുടെ ദുരിതങ്ങൾ പെരുക്കുകയാണ് ആഗോളീകരണനയങ്ങൾ ചെയ്തതെന്നും തെളിയിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ വിഭവങ്ങൾ വിനിയോഗിക്കപ്പെട്ടത് കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പാർപ്പിടം തുടങ്ങിയ സാധാരണക്കാരന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ വേണ്ടിയായിരുന്നോ? അതോ കോടിക്കണക്കിന് സാധാരണജനങ്ങൾ അവഗണിക്കപ്പെട്ടോ? ആഗോളീകരണത്തിന്റെ വക്താക്കൾ വാചകമടിക്കുന്നതല്ലാതെ ഈ പതനത്തെക്കുറിച്ച് ഒന്നും ഉരിയാടുന്നില്ല.

2005 ഏപ്രിലിൽ അവതരിപ്പിച്ച മൂല്യവർദ്ധിത നികുതി എന്ന നികുതി പരിഷ്ക്കരണമായിരുന്നു 'സാമ്പത്തിക നവീകരണ' പദ്ധതിയിലെ അടുത്ത ഇനം. ഇത് നടപ്പിലാക്കാനായി സംസ്ഥാനങ്ങളിലെ ധനകാര്യമന്ത്രിമാരെ ഉൾപ്പെടുത്തി ഒരു ഉന്നതാധികാര സമിതി ഉണ്ടാക്കി. 2005 ജനുവരി 17 ന് ഈ കമ്മിറ്റി ഒരു ധവളപത്രം പുറപ്പെടുവിച്ചു. അതിന്റെ ആമുഖത്തിൽ സമിതിയുടെ കൺവീനറും പശ്ചിമബംഗാളിലെ സിപിഐ(എം) ധനകാര്യമന്ത്രിയുമായ അസിംദാസ്ഗുപ്ത അവകാശപ്പെടുന്നതിങ്ങനെ: "വാറ്റ് ഇൻപുട്ട് ടാക്സ് അഥവാ മുൻവാങ്ങലുകളിൽ ചുമത്തിയ നികുതി, പൂർണ്ണമായും തട്ടിക്കിഴിക്കുമെന്നുമാത്രമല്ല നിലവിലുള്ള പല നികുതികളുടെയും ഭാരം ഒഴിവാക്കുകയും ചെയ്യും. ടേൺ ഓവർ ടാക്സ്, സെയിൽസ് ടാക്സിനുമേലുള്ള സർചാർജ്, അഡീഷണൽ സർചാർജ്, സ്പെഷ്യൽ അഡീഷണൽ ടാക്സ് തുടങ്ങിയവയൊക്കെ ഇതിൽപെടും.... നികുതിക്ക് വിധേയരാകുന്നവരുടെ എണ്ണം വർദ്ധിപ്പിക്കാനും വാറ്റ് ഇടയാക്കും. .. റവന്യൂവരുമാനം വർദ്ധിപ്പിക്കും.. അങ്ങനെ സാധാരണജനങ്ങൾക്കും വ്യാപാരികൾക്കും വ്യവസായികൾക്കും ഗവൺമെന്റിനും ഇത് ഗുണകരമായിരിക്കും". ആമുഖം തുടരുന്നു: "സ്വന്തമായി നടത്തുന്ന മൂല്യനിർണയം ശരിയാണോയെന്ന് പരിശോധിക്കാൻ ഡിപ്പാർട്ട്മെന്റ് ആഡിറ്റ് ഉണ്ടാകും.. ഇവ്വിധമുള്ള വിശദമായ പരിശോധന നികുതിവെട്ടിപ്പ് തടയാൻ സഹായകമാകുമെന്നുമാത്രമല്ല നികുതിവരുമാനം വൻതോതിൽ വർദ്ധിക്കുവാനുമിടയാക്കും... നികുതി വെട്ടിപ്പുകാരെ കണ്ടെത്തുന്നതിനും നികുതിയടയ്ക്കുന്നവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുമുള്ള സുതാര്യമായ നടപടിയാണിത്". ജീർണ്ണവും മരണാസന്നവുമായ ഒരു മുതലാളിത്ത വ്യവസ്ഥയിൽ, വിലകുറയ്ക്കും എന്നത് വെറും പാഴ്വാക്കാണെന്ന് അന്നുതന്നെ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. വാറ്റിന്റെ വിവിധ തലങ്ങളിലുള്ള നികുതിപിരിവ് ദുഷ്കരവും ദ്രോഹകരവും വിലക്കയറ്റത്തിന് വഴിവയ്ക്കുന്നതുമാണ്. ഉൽപ്പാദകരും വ്യാപാരികളും ചില്ലറക്കച്ചവടക്കാരുമൊക്കെ അവരുടെ നികുതിഭാരം ഉപഭോക്താക്കളിലേയ്ക്ക് ഇറക്കിവയ്ക്കും. അന്തിമവിലയിൽ അഥവാ ചില്ലറ വിൽപ്പന വിലയിലായിരിക്കും ഇത് പ്രതിഫലിക്കുക. എന്നുമാത്രമല്ല, പുതിയ പ്രക്രിയയുടെ സങ്കീർണ്ണതകൾ ഉൾക്കൊള്ളാനാകാതെ ചെറുകിട ബിസിനസ്സുകാരും ചില്ലറവ്യാപാരികളുമൊക്കെ പ്രതിസന്ധിയിലാകും. പല സ്ഥാപനങ്ങളും അടഞ്ഞുപോകുകയും അനേകം പേരുടെ ജീവനോപാധികൾ നഷ്ടമാകുകയും ചെയ്യും. ആ സ്ഥാനത്തേയ്ക്ക് വൻകിട കുത്തക കമ്പനികളും ചില്ലറ വിൽപ്പനരംഗത്തെ ഭീമന്മാരും കടന്നുവരും. വാണിജ്യമേഖലയിൽ അവരുടെ ആധിപത്യം സ്ഥാപിക്കപ്പെടാൻ ഇതിടയാക്കും. എന്നുമാത്രമല്ല, അഴിമതി നിറഞ്ഞ ഉദ്യോഗസ്ഥ സംവിധാനവും മുതലാളിമാരും സർക്കാരും കൂടിയാണ് കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ ഉദ്യോഗസ്ഥ സംവിധാനത്തെ ഗുണപരമായി മെച്ചപ്പെടുത്താനുള്ള നടപടിയെടുക്കാതെയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കാതെയും നികുതി നിർണ്ണയിക്കുന്ന പ്രക്രിയ കൂടുതൽ സങ്കീർണ്ണമാക്കിയാൽ, നികുതി വെട്ടിപ്പ് തടയുമെന്നും നികുതിപിരിവ് മെച്ചപ്പെടുമെന്നുമൊക്കെയുള്ള അവകാശവാദം വെറും മിഥ്യയായി പരിണമിക്കുകയേയുള്ളൂ. ശുദ്ധീകരണത്തിനുപകരം അഴിമതിയും തിരിമറിയും നികുതിവെട്ടിപ്പുമൊക്കെ വർദ്ധിക്കുന്ന സാഹചര്യമായിരിക്കും ഉണ്ടാകുക (*പ്രോലിറ്റേറിയൻ ഇറ, 01.03.2005*). വാറ്റിന്റെ പരിണതി ഇതുതന്നെയായിരുന്നില്ലേ? കഴിഞ്ഞ 12 വർഷത്തിനുള്ളിൽ എത്രതവണ വില വർദ്ധിച്ചു. വൻകിട കമ്പനികളുടെ കീഴിലുള്ള ചില്ലറവ്യാപാരം എത്രകണ്ട് വളർന്നു? വൻകിട വ്യവസായികളുടെയും കോർപ്പറേറ്റുകളുടെയും ബിസിനസ്സ് പ്രമാണിമാരുടെയും നികുതിവെട്ടിപ്പ് എത്രത്തോളം ഭീമാകാരമായി?

കഴിഞ്ഞ നവംബർ ആയപ്പോഴേയ്ക്കും മനംപിരട്ടലുളവാക്കുന്ന വ്യാജപ്രസ്താവനകളുമായി നോട്ടുപിൻവലിക്കൽ പദ്ധതി അവതരിച്ചു. കള്ളപ്പണം കണ്ടുകെട്ടും, അഴിമതി അവസാനിപ്പിക്കും, കള്ളനോട്ട് തുടച്ചുനീക്കും, ഭീകരർക്ക് ലഭിക്കുന്ന ധനസഹായം തടയും, അങ്ങനെ കറൻസി രഹിത സമൂഹത്തിലേയ്ക്ക് പ്രയാണം ചെയ്യും എന്നൊക്കെയായിരുന്നു അവകാശവാദങ്ങൾ.

ചെറുകിട-ഇടത്തരം ബിസിനസ്സുകൾ, ചില്ലറ വ്യാപാരികൾ, ചെറുകിട കച്ചവടക്കാർ, വഴിവാണിഭക്കാർ എന്നിവരൊക്കെ പ്രതിസന്ധിയിലായി. പലരും കളമൊഴിയേണ്ട സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തി. പണിയെടുക്കുന്നവരിൽ ബഹുഭൂരിപക്ഷത്തെയും ഉൾക്കൊള്ളുന്ന അസംഘടിതമേഖലയെ ഇത് വളരെ പ്രതികൂലമായി ബാധിച്ചു. ദരിദ്ര-ചെറുകിട കർഷകർ ഉൾപ്പെടെയുള്ള ഗ്രാമീണമേഖലയിലെ സാധാരണക്കാർ, ദിവസക്കൂലിക്കാർ, കരാർ തൊഴിലാളികൾ തുടങ്ങിയവരൊക്കെ തകർന്നടിയുന്ന അവസ്ഥയിലായി.

### ജിഎസ്ടിയെ ചുറ്റിപ്പറ്റിയുള്ള കെട്ടുകഥ

മുതലാളിത്ത കുൽസിത പദ്ധതികളിൽ ഏറ്റവും ഒടുവിലത്തെ വരദാനം ജിഎസ്ടി ആണ്. വാറ്റിനെപ്പോലെതന്നെ ഇതും ഇൻപുട്ട് ടാക്സ് തട്ടിക്കിഴിക്കുന്ന തത്വമാണ് പിൻതുടരുന്നത്. വാറ്റ് സംസ്ഥാന അടിസ്ഥാനത്തിലായിരുന്നെങ്കിൽ ജിഎസ്ടി അഖിലേന്ത്യാ തലത്തിലാണെന്നുമാത്രം. വാറ്റ് തന്നെ ഒരു നനഞ്ഞ പടക്കമായിരുന്നുവെങ്കിൽ ജിഎസ്ടി എങ്ങനെ വിജയിക്കാനാണ്? പ്രധാനമന്ത്രിയും ധനകാര്യമന്ത്രിയും മന്ത്രിമാരുമൊക്കെ ഒരു നികുതി, ഒരു കമ്പോളം, ഒരു രാജ്യം എന്നൊക്കെപ്പറയുന്നുണ്ടെങ്കിലും അതിൽ വസ്തുതയുണ്ടോ? ജിഎസ്ടിതന്നെ നാലുതരമുണ്ട്. സെൻട്രൽ, സ്റ്റേറ്റ്, യൂണിയൻ ടെറിട്ടറി, ഇന്റർസ്റ്റേറ്റ്. എല്ലാം ജിഎസ്ടി തന്നെ. രണ്ടാമത്തെ കാര്യം, ജിഎസ്ടിക്കുപുറമെ സെസ്സും കൂടി ചുമത്തും എന്നുള്ളതാണ്. മൂന്നാമത്, പെട്രോളും ഡീസലുമൊന്നും ജിഎസ്ടിയിൽ വരുന്നില്ല എന്നതാണ്. കാരണം, ഇതിന്റെ നികുതി ഇപ്പോൾ 57 ശതമാനമാണ് (23 ശതമാനം എക്സൈസ് ഡ്യൂട്ടി, 34 ശതമാനം വാറ്റ്). പിന്നെ സെസ്സ് വേറെയും. വൈദ്യുതിക്കും ജിഎസ്ടി ബാധകമാക്കിയിട്ടില്ല. വിലക്കയറ്റത്തെ ഏറ്റവും നിർണ്ണായകമായി സ്വാധീനിക്കുന്ന രണ്ടു ഘടകങ്ങളാണ് ഇവ എന്നകാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ലല്ലോ? വിലക്കയറ്റം സൃഷ്ടിക്കുന്നതിൽ അവയുടെ പങ്ക് തുടരുമെന്നല്ലേ ഇതിനർത്ഥം? മദ്യവും ജിഎസ്ടിയിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് ഇതിൽനിന്നു കിട്ടുന്ന വൻവരുമാനം കണക്കിലെടുത്ത് പരസ്പരധാരണപ്രകാരമാണ് മദ്യത്തെ ഒഴിവാക്കിയിരിക്കുന്നത്. അപ്പോൾ പലതലങ്ങളിലുള്ള നികുതി ഒഴിവാക്കിയിരിക്കുന്നു എന്നത് വസ്തുതാവിരുദ്ധമാണ്. അതായത്, എക്സൈസ് ഡ്യൂട്ടി, സെയിൽസ് ടാക്സ്, സർവ്വീസ് ടാക്സ്, വാറ്റ്, സെസ്സ് എന്നിവയൊക്കെ തുടരുമെന്നർത്ഥം. അപ്പോൾ 'ഒറ്റ നികുതി' എന്ന് പറയുന്നതോ?

ഒറ്റകമ്പോളത്തെക്കുറിച്ച് പറയുമ്പോൾ, ഇന്ത്യ ഇപ്പോൾത്തന്നെ ഏകസ്വഭാവത്തിലുള്ളതും ഏകീകൃതവുമായ ഒരു മുതലാളിത്ത കമ്പോളമാണ്. ഇവിടെ കാർഷികോൽപ്പന്നങ്ങളുടെയടക്കം വ്യാപാരവും വാണിജ്യവുമൊക്കെ മുതലാളിത്ത നിയമങ്ങൾക്കനുസരിച്ചാണ് നടക്കുന്നത്. ഇവ ചെറുകിട, ഇടത്തരം, വൻകിട മേഖലകളിലായി വ്യാപിച്ചുകിടക്കുന്നു. ജിഎസ്ടി പൂർണ്ണമായും ഡിജിറ്റൽ സംവിധാനംവഴിയുള്ള നികുതി പിരിവാണ്. വൻകിടക്കാർക്ക് സാങ്കേതിക പരിജ്ഞാനമുള്ള ജോലിക്കാരെവച്ച് ഓൺലൈനായി നികുതിയടയ്ക്കാനും ടാക്സ് കൺസൾട്ടന്റുമാരുവഴി സംശയനിവൃത്തിവരുത്താനും ഒക്കെ കഴിയും. എന്നാൽ വിവര സാങ്കേതികവിദ്യാ പരിജ്ഞാനമൊന്നുമില്ലാത്ത ചെറുകിടക്കാർക്ക് ഇത് വിനയാകും. ഇതിന്റെ പ്രക്രിയകളൊക്കെ പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ സാമ്പത്തികസ്ഥിതി അനുവദിക്കാത്തതുകൊണ്ട് ചെറുകിടക്കാർ പലരും ഈ രംഗത്തുനിന്നുതന്നെ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. സാധനങ്ങൾ സ്റ്റോക്കുചെയ്തിരിക്കുന്ന ഒരു വ്യാപാരിയിൽനിന്ന് സാധനം വാങ്ങി സൈക്കിളിലോ, ബൈക്കിലോ വീടുകൾതോറും കൊണ്ടെത്തിച്ച് വിൽപ്പനനടത്തി ചെറിയ വരുമാനമുണ്ടാക്കുന്ന ചെറുകിടക്കാർക്ക് ഈ സംവിധാനത്തിൽ എങ്ങനെ പിടിച്ചുനിൽക്കാനാകും? സ്വയംതൊഴിൽ ചെയ്യുന്നവർ എന്ന് വിളിക്കപ്പെടുന്ന, തൊഴിൽരഹിതരായ ഈ ചെറുപ്പക്കാർ ഒറ്റയടിക്ക് വഴിയാധാരമാകുന്ന സ്ഥിതിയുണ്ടാകും. അപ്പോൾ ഗവൺമെന്റ് യഥാർത്ഥത്തിൽ ഏറ്റെടുത്തിരിക്കുന്നത് ഈ ചെറുകിടക്കാരെയും ഇടത്തരം കച്ചവടക്കാരെയുമൊക്കെ തുടച്ചുനീക്കുക എന്ന ദൗത്യമല്ലേ?

*(ശേഷം 5-ാം പേജിൽ)*

# എഐഡിഎസ്ഒ പാരലൽ വിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ നടത്തി



കൺവൻഷൻ സദസ്സിന്റെ ദൃശ്യം




ഡോ. അമൃത കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു

യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നിലനിർത്തി പാരലൽ വിദ്യാഭ്യാസ മേഖല സംരക്ഷിക്കുക, പാരലൽ-റഗുലർ വിവേചനം അവസാനിപ്പിച്ച് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, സ്വാശ്രയ സമ്പ്രദായം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങളുയർത്തി എഐഡിഎസ്ഒ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാരലൽ വിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ നടത്തി. ആലപ്പുഴ നരസിംഹപുരം ഓഡിറ്റോറിയത്തിൽ വച്ച് നടന്ന കൺവൻഷൻ പ്രമുഖ കവയിത്രി ഡോ.അമൃത ഉദ്ഘാടനം ചെയ്തു. പാരലൽ കോളേജുകൾ സംരക്ഷിക്കപ്പെടേണ്ടത് പൊതു സമൂഹത്തിന്റെ ആവശ്യകതയാണെന്നും പാരലൽ വിദ്യാർത്ഥികൾ നടത്തുന്ന ഈ പ്രക്ഷോഭം പൊതുവിദ്യാഭ്യാസ സംരക്ഷണ മുന്നേറ്റങ്ങൾക്ക് കരുത്തു പകരുമെന്നും ഡോ.അമൃത പറഞ്ഞു. പാരലൽ കോളേജ് അസോസിയേഷൻ ദക്ഷിണമേഖലാ കോ-ഓർഡിനേറ്റർ അശോക്കുമാർ മുഖ്യാതിഥിയായിരുന്നു. എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് വിഷയാവതരണം നടത്തി. ജില്ലാ പ്രസിഡന്റ് ആർ.അപർണയുടെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ പാരലൽ സ്റ്റുഡന്റ്സ് മൂവ്മെന്റ് സംസ്ഥാന കൺവീനർ വി.ഡി.സന്തോഷ്, പാരലൽ കോളേജ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കെ.പി.ഗോപാലകൃഷ്ണൻ, ജില്ലാ സെക്രട്ടറി വി.ശ്യാമപ്രസാദ്, എഐഡിവൈഒ ജില്ലാ വൈസ്പ്രസിഡന്റ് കെ.ബിമൽജി, ഓൾ ഇന്ത്യ സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജില്ലാ വൈസ് പ്രസിഡന്റ് ടി.മുരളി എന്നിവർ പ്രസംഗിച്ചു. എഐഡിഎസ്ഒ ജില്ലാ വൈസ് പ്രസിഡന്റ് ഗോവിന്ദ് ശശി സ്വാഗതവും ജില്ലാ കമ്മിറ്റിയംഗം നൈതികരാജ് കെ.പി.കൃതജ്ഞതയും പറഞ്ഞു. ഗോവിന്ദ് ശശി പ്രസിഡന്റായും പി.എസ്.സതീഷ് (സ്വതന്ത്ര കോളേജ്) വൈസ് പ്രസിഡന്റായും നികിത അശ്വനീനാഥ് (നാഷണൽ കോളേജ്) സെക്രട്ടറിയായും 105 അംഗ പാരലൽ സ്റ്റുഡന്റ്സ് മൂവ്മെന്റ് (പിഎസ്എം) ജില്ലാ സംഘാടക സമിതിയെ കൺവൻഷൻ തെരഞ്ഞെടുത്തു. ●

## അശ്വനി ആശുപത്രി നേഴ്സുമാരുടെ സമരത്തിന് എഐഡിവൈഒ ഐക്യദാർഢ്യം

തൃശൂർ അശ്വനി ആശുപത്രിയിലെ നഴ്സുമാർ നടത്തുന്ന സമരത്തിന് എഐഡിവൈഒ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. വർഷങ്ങളുടെ പ്രവർത്തി പാരമ്പര്യമുള്ള നഴ്സുമാരെ കുറഞ്ഞ വേതനത്തിൽ ട്രയിനികളായി നിലനിർത്തി അടിമപ്പണി ചെയ്യിക്കുകയും അതിനെ ചോദ്യം ചെയ്തതിന്റെ പേരിൽ അവരെ കൂട്ടത്തോടെ പിരിച്ചുവിടുകയും ചെയ്തതിനെതിരെയാണ് സമരം നടക്കുന്നത്. സുപ്രീംകോടതി നിർദ്ദേശിച്ച മാനദണ്ഡത്തിലുള്ള സേവന-വേതന വ്യവസ്ഥകൾ മറ്റുപല ആശുപത്രികളും അംഗീകരിച്ചപ്പോൾ അതിനെതിരെ നിഷേധാത്മകമായ നിലപാടാണ് അശ്വനി മാനേജ്മെന്റ് കൈക്കൊണ്ടത്. നിയമത്തിലും നീതിക്കും നിരക്കാക്ക ഇത്തരം നടപടികൾക്കെതിരെ ശക്തമായ സമരപരിപാടിയുമായി മുമ്പോട്ടുപോകുമെന്നും സംസ്ഥാന തലത്തിൽ സമരം വ്യാപിക്കുമെന്നും ധർണ്ണയെ അഭിവാദ്യം ചെയ്തുകൊണ്ട് എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് പറഞ്ഞു. തൃശൂർ ജില്ലാക്കമ്മിറ്റി സംഘടിപ്പിച്ച പരിപാടിയിൽ സഖാക്കൾ എം.പ്രദീപൻ, എ.എം.സുരേഷ്, എ.വി.ബെന്നി, പി.കെ. ധർമ്മജൻ എന്നിവർ പ്രസംഗിച്ചു. ●



സമരപന്തലിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് പ്രസംഗിക്കുന്നു

# ജിഎസ്ടി: സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്നു

*(4-ാം പേജിൽ നിന്ന്)*

അവസാനമായി, സാമ്പത്തികമായി നോക്കുമ്പോൾ ഇന്ത്യ പൂർണ്ണമായും ഏകോപിതമായ ഒരു സ്ഥിതിയിലാണോ? ഇന്ത്യയിലെ ഏറ്റവും ദരിദ്രരുടെ സ്വത്തിന്റെ 370 ഇരട്ടിയാണ് മേലേക്കിടയിലെ 10 ശതമാനത്തിന്റെ കയ്യിലിരിക്കുന്നത്. ഏറ്റവും മുകളിലുള്ള ഒരു ശതമാനം അതി സമ്പന്നന്മാരുടെ വളർച്ച കണ്ണഞ്ചിപ്പിക്കുന്നതാണ്. 66 കോടി ജനങ്ങൾ ഈ രാജ്യത്ത് തൊഴിൽരഹിതരാണെന്ന് ഇന്ത്യൻ പ്രസിഡന്റിനുതന്നെ സമ്മതിക്കേണ്ടിവന്നിട്ടുണ്ട്. യഥാർത്ഥ സംഖ്യ ഇതിലും വലുതായിരിക്കുമെന്നുറപ്പ്. ഗവൺമെന്റ് കണക്കുപ്രകാരം 77 ശതമാനം ദാരിദ്ര്യരേഖയ്ക്കുതാഴെയാണ്. അവർക്ക് ഒരു ദിവസം 20 രൂപപോലും വരുമാനമില്ലെന്നർത്ഥം. ഗവൺമെന്റാകട്ടെ , വൻകിട വ്യവസായികൾക്കും കോർപ്പറേറ്റുകൾക്കും അതിസമ്പന്നർക്കുമൊക്കെ 9 ലക്ഷം കോടിരൂപയുടെ നികുതിയിളവുകളും സൗജന്യങ്ങളുമൊക്കെയാണ് ചൊരിയുന്നത്. ഇതിൽ തട്ടിപ്പുകാരും വെട്ടിപ്പുകാരുമൊക്കെയുണ്ട്. 2016-2017 ലെ കണക്കാണിത്. എന്നാൽ, പാവപ്പെട്ട കർഷകരെടുത്ത ഏതാനും ആയിരം കോടിവരുന്ന വായ്പ എഴുതിത്തള്ളാൻ, സമ്പദ്ഘടനയിൽ പ്രതികൂല ഫലമുണ്ടാക്കുമെന്നുപറഞ്ഞ് ഈ ബൂർഷ്വാഗവൺമെന്റ് തയ്യാറാകുന്നില്ല. മുതലാളിത്തം മനുഷ്യർക്കിടയിൽ സൃഷ്ടിക്കുന്ന അസമത്വം വളരെ പ്രകടമാണിവിടെ. മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളിൽ ഒരു നികുതിപരിഷ്ക്കാരം കൊണ്ടുവന്ന് രണ്ടുതരം ഇന്ത്യക്കാർ എന്ന ഈ യാഥാർത്ഥ്യം മായ്ച്ചുകളയാനാകുമോ? അസംബന്ധം എന്നല്ലാതെയെന്തുപറയാൻ!

### ജിഎസ്ടിയുടെ സഹജമായ വൈകല്യങ്ങളും അസംബന്ധങ്ങളും

ജിഎസ്ടിയുടെ ചില വൈകല്യങ്ങളും പൊള്ളത്തരങ്ങളും ഇനി പരിശോധിക്കാം. ജിഎസ്ടി വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും ദുരനുഭവമാണെന്ന് ഇതിനകം വ്യക്തമാണല്ലോ. ബംഗാളിലെ ബേക്കറിക്കാരുടെ കാര്യമെടുക്കാം. അവർ ഇതുവരെ പണത്തെ അടിസ്ഥാനമാക്കിയാണ് കച്ചവടം നടത്തിയിരുന്നത്. ഇപ്പോൾ ജിഎസ്ടി മാനദണ്ഡങ്ങൾക്കനുസരിച്ച് കോർപ്പറേറ്റ് രീതിയിലേയ്ക്ക് മാറേണ്ടിവന്നപ്പോൾ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി, അതായത് ഐടി സംവിധാനങ്ങൾ ഒരുക്കാൻവേണ്ടി വലിയൊരു തുക മുടക്കേണ്ടിവരുന്നു. ഈ തുകയുടെ നല്ലൊരുപങ്ക് സാധനങ്ങളുടെ വിലകൂട്ടി ഉപഭോക്താക്കളിൽനിന്ന് ഈടാക്കുകയാണ് ചെയ്യുക. മെഡിക്കൽ ഷോപ്പുടമകളും ഉപഭോക്താക്കളും ഇതിന്റെ കയ്പ് കൂടുതൽ അനുഭവിക്കുന്നുണ്ട്. ജിഎസ്ടിക്കുശേഷം സേവനങ്ങൾക്കുള്ള നികുതി കണക്കാക്കുന്നതെങ്ങനെയെന്ന് ജനങ്ങൾക്ക് ഇതുവരെ പിടികിട്ടിയിട്ടില്ല. 'സേവനങ്ങൾ' എന്നതിന് വിശാലമായ വിവക്ഷയാണുള്ളത്. എന്തെങ്കിലും ചരക്കോ, സേവനമോ സ്വീകരിക്കുമ്പോൾ അത് മറ്റേതെങ്കിലും മേഖലയിലെ സേവനവുമായികൂടി എളുപ്പത്തിൽ ബന്ധപ്പെടുത്താൻ കഴിയും. ഉദാഹരണത്തിന് ഒരാൾ എൽഐസി പ്രീമിയം അടയ്ക്കുമ്പോൾ ജിഎസ്ടി നൽകുന്നു. ഓൺലൈനായാണ് നൽകുന്നതെങ്കിൽ പേടിഎം പോലുള്ളവർക്ക് അതിനും ജിഎസ്ടി നൽകണം. ബാങ്കുകാരും ജിഎസ്ടി ചുമത്തും. ഇതുപോലെ സാധനങ്ങൾ വാങ്ങിക്കുമ്പോഴും ജിഎസ്ടി നൽകണം. ഇപ്പോൾതന്നെ ഇരട്ടനികുതി നൽകേണ്ടിവരുമെന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. അതായത്, ഒരു ജിഎസ്ടി ചരക്കിനും മറ്റൊന്ന് സേവനത്തിനും. ഡെബിറ്റ് കാർഡോ, ക്രെഡിറ്റ് കാർഡോ ഉപയോഗിക്കുകയാണെങ്കിൽ ജിഎസ്ടി നിരക്കുപ്രകാരം ബാങ്കുകളും ചാർജ് ഈടാക്കും. ഇനി നാളെ വൻകിടകച്ചവടക്കാർ സാധനം തെരഞ്ഞെടുക്കുന്നതിനും പൊതിഞ്ഞുതരുന്നതിനും പണംമടയ്ക്കുന്നതിനുമൊക്കെ സേവനമെന്നുപറഞ്ഞ് ജിഎസ്ടി പിരിക്കില്ലെന്നാരുകണ്ടു? 'സേവനങ്ങളെ' ഇങ്ങനെ വിപുലമായി നിർവ്വചിക്കാമെന്നിരിക്കെ, ഓരോരോ കാരണങ്ങൾ പറഞ്ഞ് സാധാരണ ഉപഭോക്താക്കളിൽനിന്ന് പണം പിടുങ്ങാനുള്ള ഒരു ഏർപ്പാടായി ഇത് പരിണമിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

രണ്ടാമതായി, ബൂർഷ്വാ ജനാധിപത്യവ്യവസ്ഥയനുസരിച്ച്, ധനകാര്യരംഗത്തെ നിയമങ്ങളും ചട്ടങ്ങളുമൊക്കെ ഉണ്ടാക്കാൻ പാർലമെന്റിനാണ് അധികാരം. എന്നാലിവിടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളടങ്ങിയ ജിഎസ്ടി കൗൺസിലാണ് ആ ജോലി ചെയ്യുന്നത്. അതിന് പാർലമെന്റിനോട് പ്രതിബദ്ധതയില്ല. അതുപോലെതന്നെ, ജിഎസ്ടി നെറ്റ് വർക്ക് എന്ന സർക്കാരിതര, സ്വകാര്യ സംഘടനയാണ് ഗവൺമെന്റിനും നികുതിദായകർക്കും മറ്റുള്ളവർക്കും വേണ്ടിയുള്ള വിവരസാങ്കേതികവിദ്യാസംവിധാനം തയ്യാറാക്കുന്നത്. ഐടി രംഗത്തെ ഭീമനായ ഇൻഫോസിസിന് ജിഎസ്ടി സാങ്കേതിക വിദ്യാസംവിധാനം വികസിപ്പിച്ചെടുക്കുന്നതിനായി ഇതിനകംതന്നെ 1,380 കോടിയുടെ കരാർ നൽകിയിട്ടുണ്ട്. പൂർണ്ണമായും ഇൻർനെറ്റ് വഴി പ്രവർത്തിക്കുന്ന ജിഎസ്ടിയുടെ സോഫ്റ്റ്വേർ ഇതുവരെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുപോലുമില്ല. പൂർണ്ണമായും വിവരസാങ്കേതികവിദ്യയെ ആസ്പദമാക്കിയുള്ള ഒരു നികുതി വ്യവസ്ഥയും കാലാകാലങ്ങളിൽ സമർപ്പിക്കേണ്ട നിരവധി റിട്ടേണുകളടക്കമുള്ള അനുബന്ധ സാമഗ്രികളുമൊക്കെയടങ്ങുന്ന ഒരു സംവിധാനം, വെറും 6.15 ശതമാനം മാത്രം കമ്പ്യൂട്ടർ സാക്ഷരതയുള്ള ഒരു രാജ്യത്ത് എങ്ങനെ നടപ്പിലാക്കിയെടുക്കും എന്നുള്ളതും ആശ്ചര്യജനകമാണ്. നികുതിയടയ്ക്കാതിരുന്നാൽ കർശന ശിക്ഷ നൽകാനുള്ള ഒരു വകുപ്പും ജിഎസ്ടിയിലുണ്ട്. അതായത് ശക്തമായ ടാക്സ് റഗുലേറ്ററി അതോറിട്ടി മുമ്പാകെ കൃത്യസമയത്ത് തൃപ്തികരമായവിധം റിട്ടേൺസ് സമർപ്പിക്കുന്നതിൽ കമ്പ്യൂട്ടർ സാക്ഷരതയില്ലാത്ത ഒരു ചെറുകിട ബിസിനസ്സുകാരൻ പരാജയപ്പെട്ടാൽ അയാളെ പിടിച്ച് ജയിലിലിലിട്ടെന്നുവരാം.

ഈ നികുതി സമ്പ്രദായത്തിന്റെ അടിസ്ഥാന വിഷയങ്ങളിലുള്ള ആശയക്കുഴപ്പവും ഏറെയാണ്. നിരക്കിനെ അടിസ്ഥാനമാക്കി ജിഎസ്ടിയെ ഏഴ് വിഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ട്. എന്നാൽ എങ്ങനെ, എന്തടിസ്ഥാനത്തിലാണ് ഈ തരംതിരിവ് എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട പല കാര്യങ്ങളിലും ശരിയായ മാർഗ്ഗ നിർദ്ദേശമോ കൃത്യമായ വിശദീകരണമോ വ്യക്തതയോ ഇല്ല. അസ്വസ്ഥതകൾ കൂടിക്കൂടി മരണവെപ്രാളത്തിലെത്തുന്ന സ്ഥിതിയാണ് പലരുടെ കാര്യത്തിലും ഉണ്ടാകാൻ പോകുന്നത്. സ്ഥിതി ഇവ്വിധം വഷളായിരിക്കുകയും ശിക്ഷാനടപടികളുടെ

*(ശേഷം 6-ാം പേജിൽ)*

# ജിഎസ്ടി: സാമ്പത്തിക അധികാര കേന്ദ്രീകരണത്തിലേയ്ക്ക് നയിക്കുന്നു

(5-ാം പേജില്‍ നിന്ന്)

ഭീഷണി നിലനില്‍ക്കുകയും ചെയ്യുമ്പോള്‍, നികുതിപിരിവിലും നികുതി നിര്‍ണ്ണയത്തിലും അതിന്റെ കുപ്രസിദ്ധിനേടിയ മേല്‍നോട്ട സംവിധാനത്തിലുമൊക്കെ വലിയ അഴിമതി നടക്കാനുള്ള സാധ്യത ഏറെയാണ്. നികുതിവെട്ടിപ്പുകാരും പൊതുഖജനാവ് കൊള്ളയടിക്കുന്നവരുമൊക്കെ കൈക്കൂലിയും മറ്റും നല്‍കി വന്‍തോതില്‍ നേട്ടമുണ്ടാക്കും. ഇടനിലക്കാരും ഏജന്റുമാരുമൊക്കെ കലക്കവെള്ളത്തില്‍ മീന്‍പിടിക്കാനായി ആര്‍ത്തിയോടെ രംഗത്തെത്തുന്നതും മുതലാളിത്തത്തില്‍ ഒഴിവാക്കാനാകാത്ത കാര്യമാണല്ലോ. അങ്ങനെ ദ്രോഹവും കലഹവും പീഡനവുമൊക്കെ മുറയ്ക്ക് നടക്കും.

അടുത്തത്, ഇന്‍പുട്ട് ടാക്സ് സംവിധാനത്തില്‍ വിതരണത്തിന്റെ പലതലങ്ങളില്‍ മൂല്യവര്‍ദ്ധനയുണ്ടാകുന്ന സങ്കല്‍പ്പത്തിന്റെ കാര്യമാണ്. (തുകല്‍ തുകല്‍ച്ചെരുപ്പാക്കുമ്പോള്‍ ഉല്‍പ്പാദനത്തിന്റെ തലത്തില്‍ മൂല്യവര്‍ദ്ധനയുണ്ടാകുന്നു). മുതലാളിത്തത്തില്‍ ഈ മൂല്യം എങ്ങനെയാണ് നിര്‍ണ്ണയിക്കുന്നത്. അസംസ്കൃതവിഭവങ്ങള്‍ സംഭരിക്കുന്നതുമുതല്‍ അവസാനത്തെ ഉപഭോക്താവിന് ഉല്‍പ്പന്നം കൈമാറുന്നതുവരെയുള്ള വിതരണത്തിന്റെ ചങ്ങലയില്‍ ഓരോ ഘട്ടത്തിലും ഒരു നിശ്ചിതലാഭം മുതലാളിപ്രതീക്ഷിക്കുന്നുണ്ട്. അത് ഉല്‍പ്പാദകനാകാം വിതരണക്കാരനാകാം അല്ലെങ്കില്‍ കച്ചവടക്കാരനാകാം. ഈ ലാഭഗണനയുടെ അടിസ്ഥാനത്തില്‍ മനോധര്‍മ്മംപോലെയാണ് മൂല്യം തീരുമാനിക്കപ്പെടുന്നത്. ഇതിനൊക്കെപ്പുറമേ പരിഷ്ക്കരിച്ച ജിഎസ്ടി നിയമത്തില്‍ ഒരു "കൊള്ള ലാഭ വിരുദ്ധ വകുപ്പും" ഉണ്ട്. ഇതുപ്രകാരം ജിഎസ്ടിയിലുണ്ടാകുന്ന ഏതൊരു നേട്ടവും ഉപഭോക്താവിലേയ്ക്ക് എത്തിച്ചുകൊടുക്കണം എന്നുള്ളതാണ്. ഇപ്രകാരം ചെയ്യുന്നുണ്ടോ എന്ന് നിരീക്ഷിക്കാനായി ഒരു കൊള്ള ലാഭ വിരുദ്ധ അതോറിട്ടിയ്ക്ക് രൂപം നല്‍കും. ഇത് മറ്റൊരു തട്ടിപ്പാണ്. എന്താണ് മുതലാളിത്തത്തില്‍ ഉല്‍പ്പാദനത്തിന്റെ പ്രേരകശക്തി? പരമാവധി ലാഭം ഉണ്ടാക്കുക എന്നതുതന്നെ. എങ്ങനെയാണ് ഇത് സാധിക്കുന്നത്? തൊഴിലാളിക്ക് അര്‍ഹതപ്പെട്ട കൂലി നിഷേധിച്ചും അവരുടെ അധികംവരുന്ന അദ്ധ്വാനശക്തി കവര്‍ന്നെടുത്തും തോന്നുംപോലെ വിലവര്‍ദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിച്ചുമാണ് ഇത് സാധിക്കുന്നത്. അതുകൊണ്ടാണ് അനുദിനം മുതലാളിമാരുടെ ലാഭം പെരുകുകയും ജനങ്ങള്‍ പാപ്പരാക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നത്. മുതലാളിത്ത വ്യവസ്ഥയെ നിലനിര്‍ത്തിക്കൊണ്ട് മുതലാളിത്തത്തിന്റെ അടിസ്ഥാനനിയമം എങ്ങനെയാണ് മാറ്റുക? ഇത് കൊടിയവഞ്ചനയാണ്! ഇന്നുവരെ എന്താണ് സംഭവിച്ചുകൊണ്ടിരുന്നത്? വാറ്റിന്റെ വകഭേദങ്ങളിലൊക്കെ ഇന്‍പുട്ട് ടാക്സ് തട്ടിക്കിഴിക്കുന്ന വ്യവസ്ഥയുണ്ടായിരുന്നു. ഇതിന്റെ വിഹിതം എന്നെങ്കിലും മുതലാളിമാര്‍ ഉപഭോക്താക്കള്‍ക്ക് നല്‍കിയിട്ടുണ്ടോ? അതോ അതും കൂടി അവര്‍ അവരുടെ ലാഭത്തിന്റെ കൂടെ കൂട്ടിയോ? ക്രൂഡ് ഓയിലിന്റെ വിലയില്‍ അന്താരാഷ്ട്ര കമ്പോളത്തിലുണ്ടായ ഇടിവുമൂലം കേന്ദ്രസര്‍ക്കാരിന് ഒന്നൊരലക്ഷം കോടി രൂപ അധികം ലഭിച്ചിട്ട് അതിന്റെ നേട്ടം രാജ്യത്തെ ദുരിതമനുഭവിക്കുന്ന ജനങ്ങള്‍ക്ക് നല്‍കാന്‍ അവര്‍ തയ്യാറായോ? ഇല്ലെന്നുമാത്രമല്ല, ജനങ്ങളുടെ കഷ്ടപ്പാടുകള്‍ വര്‍ദ്ധിപ്പിച്ചുകൊണ്ട് എണ്ണവിലയുടെ പുറത്ത് അധികനികുതി ചുമത്തി റവന്യൂവരുമാനം വര്‍ദ്ധിപ്പിക്കുകയാണ് ഗവണ്‍മെന്റ് ചെയ്തത്. ഇത്തരമൊരു സാഹചര്യത്തില്‍, ജിഎസ്ടിയില്‍ മുതലാളിമാര്‍ക്ക് തിരിച്ചുകിട്ടുന്ന നികുതി ജനങ്ങള്‍ക്ക് കൈമാറുമെന്നും അവരുടെ ലാഭത്തിലേയ്ക്ക് അത് കൂട്ടിച്ചേര്‍ക്കില്ലെന്നും വിശ്വസിക്കാന്‍ തക്കതായ കാരണമെന്തെങ്കിലുമുണ്ടോ? മുതലാളിമാരോട് ലാഭം വര്‍ദ്ധിപ്പിക്കാനുള്ള സാധ്യത വെടിയണമെന്നു പറയുന്നത് പുലിയോട് പുല്ല് തിന്ന് ജീവിക്കണമെന്ന് പറയുന്നതിന് തുല്യമല്ലേ? അപ്പോപ്പിന്നെ അത് മുതലാളിത്തമാകുന്നതെങ്ങനെ? വന്‍കിട ഉല്‍പ്പാദകര്‍ക്കും വ്യവസായികള്‍ക്കും മറ്റും ഇതുവഴി നേട്ടമുണ്ടാകുമ്പോള്‍ ചെറുകിടക്കാര്‍ക്ക് നികുതി അടയ്ക്കുന്നതിനായി അധിക തുക ചെലവഴിക്കേണ്ടിവരും. പാശ്ചാത്യലോകത്ത് ഇത്തരം നികുതി പരിഷ്ക്കാരങ്ങള്‍ ചെറുകിട ബിസിനസ്സുകരെയും കച്ചവടക്കാരെയുമൊക്കെ തുടച്ചുനീക്കിയിട്ടുണ്ട് എന്ന കാര്യംകൂടി ഇവിടെ പരാമര്‍ശിക്കാതെ വയ്യ.

വിലക്കയറ്റത്തിന്റെ കാര്യം കൂടി ഇതുമായി ബന്ധപ്പെട്ട് ചര്‍ച്ച ചെയ്യേണ്ടതുണ്ട്. എല്ലാ അവശ്യസാധനങ്ങളുടെയും വില വര്‍ദ്ധിപ്പിക്കാനേ ജിഎസ്ടി ഉപകരിക്കൂ എന്ന കാര്യം ഇതിനകംതന്നെ പറഞ്ഞുവല്ലോ. ജനങ്ങളുടെ കണ്ണില്‍ പൊടിയിടുന്നതിനായി ഗവണ്‍മെന്റ് വന്‍കിട ഉല്‍പ്പാദകരുമായി ധാരണയുണ്ടാക്കി ചില ഉല്‍പ്പന്നങ്ങളുടെ വിലയില്‍ താല്‍ക്കാലികമായി അല്പം കുറവുവരുത്തുകയോ കണക്കില്‍ കൃത്രിമം കാണിച്ച് പണപ്പെരുപ്പനിരക്ക് കുറഞ്ഞതായി കാണിക്കുകയോ ഒക്കെ ചെയ്തിട്ട് അതിനെയെല്ലാം ജിഎസ്ടിയുടെ നേട്ടമായി അവതരിപ്പിച്ചേക്കാം.

എന്നാല്‍ ചുരുങ്ങിയ സമത്തിനുള്ളില്‍ത്തന്നെ ഏതാനും ഇനങ്ങള്‍ക്ക് ലഭിക്കുന്ന ഇളവുകള്‍ അപ്രത്യക്ഷമാകും. ഗവണ്‍മെന്റ് മുന്‍കൈയ്യെടുത്ത് വിലകുറയ്ക്കുന്നതും ജനങ്ങളുടെ സമരത്തിന്റെ സമ്മര്‍ദ്ദത്തില്‍ വില കുറയ്ക്കാന്‍ ഗവണ്‍മെന്റ് നിര്‍ബ്ബന്ധിതമാകുന്നതും തമ്മില്‍ വ്യത്യാസമുണ്ട്. ഒരു ബൂര്‍ഷ്വാഗവണ്‍മെന്റ് സ്വന്തം നിലയില്‍ വില കുറയ്ക്കും എന്ന് പ്രതീക്ഷിക്കുന്നത് ഒരു മിഥ്യയാണ്. എന്തെന്നാല്‍, ഒരു മുതലാളിത്ത സംവിധാനത്തില്‍ വിലക്കയറ്റം ഒഴിവാക്കാനാവാത്തതാണ്. മുതലാളിത്ത നിയമങ്ങള്‍തന്നെയാണ് അതിനിടയാക്കുന്നത്. ഭരിക്കുന്നവര്‍ എത്ര ഭൂതദയയുള്ളവരായാലും മരണാസന്നമായ മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളില്‍ വിലക്കയറ്റം പിടിച്ചുനിര്‍ത്തുക എന്നത് അസാദ്ധ്യമാണ്. നികുതി സംബന്ധമായ നയങ്ങളും വിലക്കയറ്റത്തിന് ഇടയാക്കുന്ന ഘടകങ്ങളിലൊന്നാണ്. മുതലാളിത്തത്തിന്റെ പൊതുനിയമങ്ങള്‍കൂടാതെ, അതിന്റെ അപചയവും അഴിമതിയുമൊക്കെ വിലവര്‍ദ്ധനവിന് കാരണമാകുന്നുണ്ട്. പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, ഇടനിലക്കാരുടെ കമ്മീഷന്‍ തുടങ്ങിയവയും ഓഹരി കമ്പോളത്തിലെ ഊഹക്കച്ചവടവുമൊക്കെ ഇതില്‍പ്പെടും. മുതലാളിത്തത്തെ തൂത്തെറിയാതെ ഈ ഘടകങ്ങളെയൊക്കെ ഇല്ലായ്മ ചെയ്യാന്‍ കഴിയുമോ? മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളില്‍ അവതരിപ്പിക്കപ്പെടുന്ന ഒരു സാമ്പത്തിക പരിഷ്ക്കാരം വിലയിരുത്തുമ്പോള്‍ സത്യസന്ധരായ സാമ്പത്തിക വിദഗ്ധരും പണ്ഡിതന്മാരുംപോലും കാണാതെ പോകുന്ന കാര്യങ്ങളാണിവ. ബൂര്‍ഷ്വാ സാമ്പത്തിക ശാസ്ത്രത്തിന്റെ പാഠപുസ്തകങ്ങളില്‍ ഈ പ്രശ്നങ്ങള്‍ക്കെല്ലാം ഉത്തരമുണ്ടാകില്ല. മാര്‍ക്സിസം-ലെനിനിസത്തിന്റെ ശാസ്ത്രീയ രീതി പിന്തുടര്‍ന്ന് വിഷയങ്ങളെ അപഗ്രഥിക്കുകയും ബന്ധപ്പെട്ട രാഷ്ട്രീയ വശങ്ങളുമായി കൂട്ടിയിണക്കി പഠിക്കുകയും ചെയ്യുമ്പോള്‍ മാത്രമേ യഥാര്‍ത്ഥ വസ്തുതകള്‍ കണ്ടെത്താന്‍ കഴിയൂ. ചൂഷണ മുതലാളിത്ത വ്യവസ്ഥയുടെ വര്‍ദ്ധിച്ചുവരുന്ന ആക്രമണങ്ങള്‍ക്കിരയായി ജീവച്ഛവമാകുന്ന സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരനുഭവിക്കുന്ന ദുരിതങ്ങളുടെ യഥാര്‍ത്ഥ കാരണം കണ്ടെത്തുകയും അവയുടെ പരിഹാരത്തിന് ഉതകുന്ന പാത കണ്ടെത്തുകയും പ്രവര്‍ത്തന പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

### ജിഎസ്ടി ഫെഡറല്‍ സംവിധാനത്തിന് ഭീഷണി

ഫെഡറലിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെയും ജിഎസ്ടി ചോദ്യം ചെയ്യുന്നുണ്ട്. ഇന്ത്യന്‍ ഭരണഘടന, നിയമനിര്‍മ്മാണത്തിനുള്ള കേന്ദ്ര-സംസ്ഥാന ഗവണ്‍മെന്റുകളുടെ അധികാരം മൂന്നുമേഖലകളിലായിത്തിരിച്ചിട്ടുണ്ട്. കേന്ദ്രലിസ്റ്റ്, സംസ്ഥാന ലിസ്റ്റ്, കണ്‍കറന്റ് ലിസ്റ്റ് എന്നിവയാണിവ. സംസ്ഥാനത്തിന്റെ വരുമാനം കണ്ടെത്തുന്നതിനായി ചില പ്രത്യേക മേഖലകളില്‍ നികുതിചുമത്താനുള്ള അധികാരം സംസ്ഥാനങ്ങള്‍ക്കുണ്ട്. വ്യവസ്ഥകള്‍ പാലിച്ചുകൊണ്ട് ഇതിനാവശ്യമായ ധനകാര്യനയം രൂപപ്പെടുത്താനും സംസ്ഥാനങ്ങള്‍ക്ക് സ്വാതന്ത്ര്യം നല്‍കിയിട്ടുണ്ട്. ഉദാഹരണത്തിന്, വില്‍പ്പന നികുതി നിരക്കുകള്‍ തീരുമാനിക്കാനുള്ള പൂര്‍ണ്ണ അധികാരം സംസ്ഥാനങ്ങള്‍ക്കായിരുന്നു. ആ സ്വാതന്ത്ര്യം വെട്ടിക്കുറയ്ക്കാനാണ് വാറ്റ് ശ്രമിച്ചത്. എന്നാല്‍ ഒരു നിരക്ക് എല്ലാ സംസ്ഥാനങ്ങളും അംഗീകരിക്കണം എന്ന നിബന്ധന വാറ്റ് മുന്നോട്ടുവച്ചില്ല. എന്നാല്‍ ജിഎസ്ടിയിലൂടെ സംസ്ഥാനങ്ങളുടെ ഈ സുപ്രധാനമായ അധികാരം കേന്ദ്ര ഗവണ്‍മെന്റ് തട്ടിയെടുത്തിരിക്കുകയാണ്.

രണ്ടാമതായി, ജിഎസ്ടി പ്രാപ്യസ്ഥാനത്തെ ആധാരമാക്കിയുള്ള നികുതി സമ്പ്രദായമാണ്. അതായത്, അവസാന ഉപഭോഗം നടക്കുന്ന സ്ഥലത്താണ് ചരക്കുകള്‍ക്കും സേവനങ്ങള്‍ക്കും നികുതി ചുമത്തപ്പെടുന്നത്. ഉത്ഭവസ്ഥാനത്തെ ആധാരമാക്കിയുള്ള നികുതി സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. അതായത് ചരക്കോ, സേവനമോ ഉല്‍പ്പാദിപ്പിക്കപ്പെടുന്ന സ്ഥലത്താണ് നികുതി ചുമത്തിയിരുന്നത്. കുറച്ച് ഉല്‍പ്പാദിപ്പിക്കുകയും കൂടുതല്‍ ഉപഭോഗം ചെയ്യുകയും ചെയ്യുന്ന സംസ്ഥാനങ്ങളുണ്ട്. കൂടുതല്‍ ഉല്‍പ്പാദിപ്പിക്കുകയും കുറച്ച് ഉപഭോഗം ചെയ്യുകയും ചെയ്യുന്ന സംസ്ഥാനങ്ങളേക്കാള്‍ ഇവയ്ക്ക് ജിഎസ്ടി വരുമാനം കൂടുതലായി ലഭിക്കുന്നു. ഇത് മറ്റൊരു അസന്തുലിതാവസ്ഥയ്ക്ക് കാരണമാകുന്നു. ജിഎസ്ടി നടപ്പിലാക്കിയതുവഴി നികുതിവരുമാനത്തില്‍ കുറവുവരുന്ന സംസ്ഥാനങ്ങള്‍ക്ക് നഷ്ടപരിഹാരം നല്‍കുമ്പോള്‍, ഇപ്പോള്‍ത്തന്നെ ഉയര്‍ന്ന വില്‍പ്പന നികുതിയിലുള്ള ചില ഉല്‍പ്പന്നങ്ങളുടെ മേല്‍ വീണ്ടും സെസ്സ് ചുമത്തപ്പെടുമോ എന്ന ആശങ്കയും ചില കേന്ദ്രങ്ങള്‍ പ്രകടിപ്പിക്കുന്നുണ്ട്.

ജിഎസ്ടി പ്രകാരം നികുതി വരുമാനം എത്രയായിരിക്കുമെന്ന് മുന്‍കൂറായി കണക്കാക്കുന്നു. ഇത് വര്‍ദ്ധിപ്പിക്കാനും കഴിയില്ല. അത്തരമൊരവസ്ഥയില്‍ സംസ്ഥാന സര്‍ക്കാരുകള്‍ക്ക് പൊതുനിക്ഷേപങ്ങള്‍ക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതില്‍ ബുദ്ധിമുട്ടനുഭവപ്പെടുകയും ഈ കുറവ് നികത്താനായി അവര്‍ സ്വകാര്യനിക്ഷേപകരെ ആനയിക്കാന്‍ നിര്‍ബ്ബന്ധിതരാകുകയും ചെയ്യുമോ എന്ന പ്രശ്നവുമുണ്ട്. അതായത്, ജിഎസ്ടിക്ക് രൂപംകൊടുത്തിരിക്കുന്നത്, ഫെഡറല്‍ അല്ലാത്ത, ഏകാത്മകമായ രീതിയില്‍ കേന്ദ്ര ഗവണ്‍മെന്റില്‍ സാമ്പത്തിക അധികാരം കേന്ദ്രീകരിക്കാന്‍ ഉതകുന്ന വിധത്തിലാണ് എന്ന് സ്പഷ്ടമാണ്. ഒരു മുതലാളിത്ത സംവിധാനത്തില്‍ ഇവ്വിധം അധികാരം കേന്ദ്രീകരിക്കുന്നത് സമ്പദ്ഘടനയുടെ ഫാസിസവല്‍ക്കരണത്തിലേയ്ക്ക് രാജ്യത്തെ തള്ളിനീക്കുന്ന ഒരു നടപടിയല്ലാതെ മറ്റൊന്നുമല്ല. മുതലാളിത്ത പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കുന്ന ഒറ്റമൂലിയായിരുന്നു ജിഎസ്ടി എങ്കില്‍ മുതലാളിത്ത ലോകത്തിന്റെ തലവനായ അമേരിക്ക പണ്ടേ അത് നടപ്പിലാക്കുമായിരുന്നു എന്നതും പ്രസക്തമായ സംഗതിയാണ്. അമേരിക്കന്‍ കമ്പനികളുടെ വലുപ്പം വച്ച് നോക്കുമ്പോള്‍ അമേരിക്കന്‍ കമ്പോളം അത്ര ചിതറിയതല്ലാതിരുന്നിട്ടുകൂടി അമേരിക്കയില്‍ ജിഎസ്ടി പോലെ ഏകരൂപമായ ഒരു മൂല്യവര്‍ദ്ധിത നികുതി സമ്പ്രദായം നിലവിലില്ല. അമേരിക്കയിലെ വ്യത്യസ്ത സംസ്ഥാനങ്ങള്‍ക്ക് വ്യത്യസ്ത നിരക്കില്‍ നികുതി ചുമത്താനുള്ള സ്വാതന്ത്ര്യമുണ്ട്. നികുതിയുടെ പടവുകളും ചരക്കിനും സംസ്ഥാനത്തിനുമനുസരിച്ച് മാറിക്കൊണ്ടിരിക്കും. എന്നാല്‍ ഫെഡറലിസത്തിന്റെ അടിസ്ഥാനത്തെപ്പോലും തുടച്ചുനീക്കാനുള്ള ശ്രമത്തിലാണ് ഇന്ത്യ. ജനങ്ങള്‍ക്ക് കൂടുതല്‍ ദുരിതങ്ങള്‍ സമ്മാനിക്കാമെന്നല്ലാതെ എന്തു ഫലമാണിത് ഉളവാക്കുക? ഒരു സംസ്ഥാന സര്‍ക്കാരിന്റെ നികുതി വര്‍ദ്ധനവിനെതിരെ സമരം സംഘടിപ്പിക്കുന്നത് കേന്ദ്ര ഗവണ്‍മെന്റിന്റെ നികുതി വര്‍ദ്ധനവിനെതിരെ സമരം വളര്‍ത്തിയെടുക്കുന്നതിനേക്കാള്‍ താരതമ്യേന എളുപ്പമാണ് എന്ന കാര്യവും മനസ്സിലാക്കണം.

### മുതലാളിമാര്‍ ജിഎസ്ടിയെ വാഴ്ത്തുന്നു ദരിദ്രര്‍ പരിഭ്രാന്തിയില്‍

ജിഎസ്ടി നമ്മുടെ സമ്പദ്ഘടനയുടെ സന്തുലിതാവസ്ഥ ഇല്ലാതാക്കിയിരിക്കുകയാണ്. സാധാരണജനങ്ങളും ചെറുകിട-ഇടത്തരം കച്ചവടക്കാരും ബിസിനസ്സുകാരും ഒരു പോലെ ഭീതിയിലാണ്. വിലയുടെ കാര്യത്തിലുള്ള അനിശ്ചിതത്വവും മറ്റും മൂലം മരുന്നുകളുള്‍പ്പെടെയുള്ള പല സാധനങ്ങളും കമ്പോളത്തില്‍ ഇപ്പോള്‍ ലഭ്യമല്ല. നോട്ട് പിന്‍വലിച്ച സമയം മുതലുണ്ടായ ആശയക്കുഴപ്പമാണ് എങ്ങും. ഈ അനിശ്ചിതാവസ്ഥ മുതലെടുത്ത് പല ഉല്‍പ്പാദകരും വ്യാപാരികളും സേവന ദാതാക്കളുമൊക്കെ അവര്‍ക്ക് തോന്നുംപോലെ ജിഎസ്ടി ഈടാക്കുകയാണ്. ഇത്രത്തോളം തയ്യാറെടുപ്പില്ലായ്മയും അനിശ്ചിതത്വവും നിലനില്‍ക്കുന്നുണ്ടെങ്കില്‍, ഇത് നടപ്പിലാക്കാന്‍ ബിജെപി ഗവണ്‍മെന്റ് ഇത്ര വെപ്രാളം കാണിച്ചതെന്തിനാണ് എന്നതാണ് വ്യക്തമാക്കേണ്ടത്. ഇന്ത്യന്‍ മുതലാളിവര്‍ഗ്ഗത്തിന്റെ ആകമാന താല്‍പ്പര്യം കണക്കിലെടുത്തുള്ള പരിഷ്ക്കരണമാണിത് എന്നതാണ് ഉത്തരം. മരണാസന്നമായ ഇന്ത്യന്‍ മുതലാളിത്ത വ്യവസ്ഥ അത് നേരിടുന്ന, മറികടക്കാനാകാത്ത പ്രതിസന്ധിയുടെ ഭാരം പലവിധ തന്ത്രങ്ങളിലൂടെ ജനങ്ങളുടെ ചുമലിലേയ്ക്ക് ഇറക്കിവച്ചുകൊണ്ട് ആയുസ്സ് നീട്ടിയെടുക്കാനായി ഭ്രാന്തമായ ശ്രമങ്ങള്‍ നടത്തിക്കൊണ്ടിരിക്കുകയാണ്. വളരെ മുമ്പേ ബിജെപി ഗവണ്‍മെന്റും കോണ്‍ഗ്രസ്സ് ഗവണ്‍മെന്റും തങ്ങളുടെ യജമാനന്മാരെ തൃപ്തിപ്പെടുത്താനായി ജിഎസ്ടി നടപ്പിലാക്കാന്‍ ശ്രമിച്ചിട്ടുണ്ട്. എന്നാല്‍ കമ്പോളത്തില്‍ പല വമ്പന്മാര്‍ വിളയാടുന്ന സ്ഥിതി, വരുമാനം പങ്കിടുന്നത് സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള തര്‍ക്കം തുടങ്ങി പലകാരണങ്ങള്‍ക്കൊണ്ടും ഇത് നടപ്പിലാക്കാനായില്ല. എന്നാല്‍, മുതലാളിവര്‍ഗ്ഗത്തെ സംബന്ധിച്ചിടത്തോളം ഇത് ഇനിയും നീട്ടിവയ്ക്കാനാവില്ല എന്ന സ്ഥിതിയാണ്. ആഭ്യന്തര-വിദേശകുത്തകകളുടെ താല്‍പ്പര്യാര്‍ത്ഥം സാമ്പത്തിക-രാഷ്ട്രീയാധികാരം ഭരണകൂടത്തില്‍ കേന്ദ്രീകരിക്കുന്നതിനെ ത്വരിതപ്പെടുത്തുകയെന്ന ഹീനമായ അജണ്ട ഇതിന്റെ ഭാഗമാണെന്ന കാര്യം നേരത്തെ ചര്‍ച്ച ചെയ്തല്ലോ. മുകേഷ് -അനില്‍ അംബാനിമാര്‍, രത്തന്‍ ടാറ്റ, ആദിത്യ ബിര്‍ള, ഗൗതംസിംഘാനിയ തുടങ്ങിയ വമ്പന്‍ വ്യവസായികളും ഫെഡറേഷന്‍ ഓഫ് ഇന്ത്യന്‍ ചേംബേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇന്‍ഡസ്ട്രീസും അമേരിക്കന്‍ പ്രസിഡന്റ് ഡൊണാള്‍ഡ് ട്രംപും ഐഎംഎഫ് പോലുള്ളവരുമൊക്കെ ജിഎസ്ടി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയും അതിന്റെ പിന്നില്‍ ഉറച്ചുനില്‍ക്കുകയും ചെയ്യുന്നതില്‍നിന്നുതന്നെ ഇത് വ്യക്തമാണ്. ഇവര്‍ ആവശ്യപ്പെട്ട, ഇവര്‍ വാഴ്ത്തുന്ന പരിഷ്ക്കരണം മര്‍ദ്ദിത ജനതയ്ക്ക് ഗുണം ചെയ്യുമെന്ന് കരുതാന്‍ എന്തെങ്കിലും ന്യായമുണ്ടോ?

### ഈ സാമ്പത്തികാക്രമണത്തെ ജനങ്ങള്‍ ചെറുക്കുക

ഇത്തരമൊരാക്രമണത്തിനുമുന്നില്‍ തല കുനിച്ച്, തങ്ങളെ ഇനിയും തകര്‍ക്കാന്‍ ജനങ്ങള്‍ അനുവദിച്ചുകൂടാ. വര്‍ദ്ധിച്ചുവരുന്ന സാമ്പത്തികാക്രമണങ്ങളെ ചെറുക്കാനായി ജനങ്ങള്‍ ഉണര്‍ന്നെണീക്കണം. ഒറ്റക്കെട്ടായി നിന്ന് സധൈര്യം നേരിടണം. അല്ലാത്ത പക്ഷം ഭരണമുതലാളിവര്‍ഗ്ഗവും അവര്‍ക്ക് ദാസ്യപ്പണി ചെയ്യുന്ന പാര്‍ട്ടികളും ഗവണ്മെന്റുകളും ലക്കുംലഗാനുമില്ലാതെ, ക്രൂരമായി, ഏകാധിപത്യപരമായി ജനങ്ങള്‍ക്കുമേല്‍ ആക്രമണമഴിച്ചുവിട്ട് നിലംപരിശാക്കും. അതിനാല്‍ നന്നായി കാര്യങ്ങള്‍ മനസ്സിലാക്കിത്തരാനും നിലനില്‍ക്കുന്ന ചൂഷണ മുതലാളിത്ത വ്യവസ്ഥയുടെ സ്വഭാവം, പ്രവര്‍ത്തന രീതി, ഹീനലക്ഷ്യങ്ങള്‍ എന്നിവയെയൊക്കെ സംബന്ധിച്ച് ശരിയായ ലക്ഷ്യത്തിലേയ്ക്ക് സമരങ്ങളെ നയിക്കാനും കഴിയുന്ന ശരിയായ വിപ്ലവ നേതൃത്വത്തിനുകീഴില്‍ ജനങ്ങള്‍ അണിനിരക്കണം. ●

## ഖത്തറിനുമേലുള്ള ഉപരോധം

# പശ്ചിമേഷ്യൻ രാജ്യങ്ങളെ വിരട്ടി വരുതിയിലാക്കാനുള്ള അമേരിക്കൻ സമ്രാജ്യത്വ പദ്ധതി

**കഴിഞ്ഞ മേയ് മാസം സൗദി അറേബ്യൻ തലസ്ഥാനമായ റിയാദിൽ അമേരിക്കൻ പ്രസിഡന്റിന് നൽകിയ ആവേശകരമായ വരവേൽപിനും അവർക്ക് 110 ബില്യൻ ഡോളർ വിലവരുന്ന ആയുധങ്ങൾ നൽകാൻ അമേരിക്ക നൽകിയ അനുമതിക്കും ശേഷം, സൗദി അറേബ്യ, ബഹറിൻ, ഈജിപ്ത്, യുഎഇ, യെമൻ എന്നീ രാജ്യങ്ങൾ ഖത്തറുമായുള്ള നയതന്ത്ര ബന്ധം വിച്ഛേദിക്കുകയുണ്ടായി. ദോഹ ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്നതാണ് കാരണമായി പറഞ്ഞത്.**

അമേരിക്കയും ഗൾഫ് കോ-ഓർഡിനേഷൻ കമ്മിറ്റിയിലെ ഈ അംഗരാജ്യങ്ങളും ഖത്തറിനുമേൽ ഒരു സാമ്പത്തിക ഉപരോധവും ഏർപ്പെടുത്തി. ഇവരെക്കൂടാതെ സൗദി അറേബ്യയുടെ ആശ്രിത രാജ്യങ്ങളായ മൗറീഷ്യസ്, മൗറിത്താനിയ, മാലിദ്വീപ്, ലിബിയയുടെ കിഴക്കൻ മേഖലയിലെ ഗവണ്മെന്റ് എന്നിവയും ശുഷ്കാന്തിയോടെ ഉപരോധത്തിൽ ഒപ്പുവച്ചു. ഗൾഫ് കോ-ഓർഡിനേഷൻ കമ്മിറ്റിയിലെ അംഗങ്ങളാണെങ്കിലും കുവൈറ്റും ഒമാനും ഈ തീരുമാനത്തോട് യോജിച്ചില്ല. അമേരിക്കയുമായും സൗദി അറേബ്യയുമായും സൗഹൃദത്തിലാണെങ്കിലും ടർക്കി ഇതിനോട് വിയോജിക്കുകയും ഖത്തറിന് ഭക്ഷണവും വെള്ളവുമൊക്കെ അടിയന്തരമായി എത്തിക്കാമെന്ന് വാക്കുകൊടുക്കുകയും ചെയ്തു. നാറ്റോ സഖ്യത്തിൽ അംഗമായ ജർമ്മനിയാകട്ടെ ഈ ഉപരോധം "തികച്ചും തെറ്റാ"ണെന്ന് തുറന്ന് പ്രഖ്യാപിക്കുകയും ഇത് ഒരു "യുദ്ധത്തിലേയ്ക്ക് നയിക്കു"മെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു.

സൗദി അറേബ്യയോട് ചേർന്നുകിടക്കുന്ന ഒരു ഉപദ്വീപാണ് ഖത്തർ. ഇവിടെ രാജഭരണമാണ്. അവിടുത്തെ ജനസംഖ്യയിൽ തദ്ദേശീയർ വെറും രണ്ടര ലക്ഷമേ വരൂ. എന്നാൽ, പ്രകൃതിവാതക ശേഖരംകൊണ്ട് ഈ രാജ്യം വളരെ സമ്പന്നമാണ്. അതുമൂലം 1995ൽ 8.1 ബില്യൻ ആയിരുന്ന സാമ്പത്തിക ശേഷി 2014-ൽ 210 ബില്യൻ ഡോളറിന്റേതായി. സൗദി അറേബ്യയുമായി മാത്രമാണ് ഖത്തർ കര പങ്കിടുന്നത്. ഭക്ഷണത്തിന്റെ 40 ശതമാനവും ഈ വഴിയാണെത്തുന്നത്. മറ്റ് അവശ്യ വസ്തുക്കൾക്കും ഇവർ സൗദി അറേബ്യയെത്തന്നെയാണ് ആശ്രയിക്കുന്നത്. മറ്റുരാജ്യങ്ങളിലേയ്ക്കുള്ള പ്രകൃതിവാതക കുഴലുകളും സൗദി വഴിയാണ് പോകുന്നത്. അതുകൊണ്ടുതന്നെ, 1971-ൽ ബ്രിട്ടീഷ് ഭരണത്തിൽനിന്ന് മോചനം നേടിയതുമുതൽ 1990-കളുടെ മദ്ധ്യംവരെ, അമേരിക്കൻ പിന്തുണയുള്ള സൗദി അറേബ്യയുടെ ഒരു ഉപഗ്രഹമായാണ് ഖത്തർ അറിയപ്പെട്ടിരുന്നത്. അമേരിക്കയുടെ ഏറ്റവും വലിയ വ്യോമതാവളങ്ങളിലൊന്ന് ഖത്തറിലെ അൽ-ഉദൈദിലാണ്. മിഡിൽ ഈസ്റ്റിലെ അവരുടെ ഏറ്റവും വലിയ സൈനികത്താവളവും ഇതുതന്നെ. ഇറാക്ക്, സിറിയ, അഫ്ഗാനിസ്ഥാൻ ഉൾപ്പെടെ 20 രാജ്യങ്ങളുടെ വ്യോമമേഖലയെ നിയന്ത്രിക്കുന്നത് ഈ സൈനികത്താവളമാണ്. അമേരിക്കൻ സെൻട്രൽ കമാന്റിന്റെ ആസ്ഥാനവും ഖത്തറിലാണ്. സിറിയയിലും ഇറാക്കിലുമൊക്കെ അമേരിക്ക നടത്തുന്ന സൈനിക നീക്കങ്ങളെ സംബന്ധിച്ചിടത്തോളം ഈ സൈനികത്താവളം നിർണ്ണായക പ്രാധാന്യമുള്ളതാണെന്ന് പെന്റഗൺ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

സൗദി അറേബ്യയിൽക്കൂടി പോകുന്ന പൈപ്പ്ലൈൻവഴിയല്ലാതെ നേരിട്ട് കപ്പലുകളിലേയ്ക്ക് പ്രകൃതിവാതകം നിറയ്ക്കാനുള്ള സാങ്കേതികവിദ്യ കരഗതമായതോടെ സൗദിയെ ആശ്രയിക്കുന്നതൊഴിവാക്കി വമ്പിച്ച വ്യാപാരം നടത്താനും സാമ്പത്തികശേഷി കൈവരിക്കാനുമുള്ള സാദ്ധ്യത ഖത്തർ ഭരണാധികാരികൾ മുന്നിൽകണ്ടു. 1995-ൽ രക്തരഹിതമായ ഒരു അട്ടിമറിയിലൂടെ ഷേഖ് ഹമദ് ബിൻ ഖാലിഫ അൽ-താനി രാജകുമാരൻ അധികാരം പിടിച്ചെടുത്തതോടെ ഈ നീക്കങ്ങൾ ശക്തമായി. സൗദിയുടെ ഒരു അനുബന്ധമെന്ന നിലയിൽനിന്ന് ഗൾഫ് മേഖലയിലെ ശക്തമായ ഒരു രാജ്യം എന്ന നിലയിലേയ്ക്കുയരാനുള്ള പദ്ധതി തയ്യാറാക്കപ്പെട്ടു. അതോടെ, രാജാധിപത്യം നിലനിൽക്കുന്ന ഈ രണ്ടുമുതലാളിത്ത ശക്തികൾ തമ്മിൽ സാമ്പത്തികാധിപത്യത്തിനുവേണ്ടിയുള്ള മത്സരവും ആരംഭിച്ചു. സ്വാഭാവികമായും, സൗദിവിരുദ്ധ ശക്തികളുമായി ഖത്തർ അടുത്ത സൗഹൃദം സ്ഥാപിച്ചു. ഈജിപ്തിലെ മുസ്ലീം ബ്രദർഹുഡ്, പലസ്തീനിലെ ഹമാസ്, അമേരിക്കൻവിരുദ്ധ-സൗദിവിരുദ്ധ ശക്തിയായ ഇറാൻ എന്നിവയൊക്കെ ഇതിൽപെടും. അൽ-ജസീറ എന്നപേരിൽ സുഘടിതമായ ഒരു ഇലക്ട്രോണിക് ന്യൂസ് ചാനലും ഖത്തർ ആരംഭിച്ചു. ഇറാക്ക് അധിനിവേശം, ലിബിയയെ അസ്ഥിരപ്പെടുത്തൽ, സിറിയയിൽ പ്രസിഡന്റ് അസ്സദിനെ സ്ഥാനഭ്രഷ്ടനാക്കിയത് തുടങ്ങി മിഡിൽ ഈസ്റ്റിൽ അമേരിക്ക നടത്തുന്ന അതിക്രമങ്ങളെ അൽ-ജസീറ തുറന്നുകാട്ടുകയും വിമർശിക്കുകയും ചെയ്തു. അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ അറബ് ദേശീയതകളുടെ വിശാല ഐക്യം എന്ന കാഴ്ചപ്പാടും ചാനൽ പ്രോത്സാഹിപ്പിച്ചു. ഈ മേഖലയിൽ അമേരിക്കൻ സൈനിക സാന്നിദ്ധ്യം അനുവദിച്ചുകൊണ്ട് ഇസ്ലാമിക താൽപര്യത്തെ വഞ്ചിച്ച സൗദി അറേബ്യക്കെതിരെ കടുത്ത വിമർശനമാണ് അൽ-ജസീറ ഉന്നയിച്ചത്. ചാനലിന്റെ വിമർശനങ്ങളോടുള്ള നീരസം പ്രകടിപ്പിച്ചുകൊണ്ട് ഖത്തറിലെ സൗദി അംബാസിഡറെ 2002 -ൽ പിൻവലിക്കുകയും ചെയ്തു. ഒരു ബദൽ സാമ്പത്തിക- രാഷ്ട്രീയ ശക്തിയായി ഖത്തർ ഉയർന്നുവരുന്നതിൽ സൗദി അസ്വസ്ഥമായിരുന്നു. ഇറാനെ ഒറ്റപ്പെടുത്തുന്ന കാര്യത്തിൽ ഗൾഫ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം അത്മാർത്ഥമായി നടപ്പിലാക്കുന്നില്ല എന്ന വിമർശനവും അവർ ഖത്തറിനെതിരെ ഉന്നയിച്ചു. 2008-ഓടെ ഖത്തർ തങ്ങളുടെ ആശ്രിതരല്ല എന്ന് സൗദിക്ക് സമ്മതിക്കേണ്ടിവന്നു. 2011-ലെ അറബ് വസന്തം ആ മേഖലയിലാകെ പ്രതിഷേധങ്ങൾക്ക് വേദിയൊരുക്കിയതോടെ സൗദി മേധാവിത്വത്തിനെതിരായ നിലപാട് ശക്തമാക്കാൻ ഖത്തറിന് അവസരം ലഭിച്ചു. ഇതോടെ ഇരുരാജ്യങ്ങളും തമ്മിലുള്ള ശത്രുത കൂടുതൽ പ്രകടമായി. ഇസ്രായേലും സൗദി അറേബ്യയുമായി ചേർന്ന് അമേരിക്ക നടത്തുന്ന സൈനിക നീക്കങ്ങൾക്കെതിരെ പലസ്തീനിൽ ഹമാസും ലെബനിൽ ഹിസ്ബുള്ളയും നടത്തുന്ന ചെറുത്തുനിൽപ്പുകളെ ഖത്തർ ഭരണാധികാരി പരസ്യമായി അഭിനന്ദിച്ചു എന്നും ആരോപണമുണ്ടായി. ഭീകരരെന്ന് അമേരിക്ക മുദ്രകുത്തിയ ഈ സംഘടനകളെ പ്രകീർത്തിച്ച നടപടി അമേരിക്കയെയും സഖ്യകക്ഷികളെയും വീണ്ടും ചൊടിപ്പിച്ചു. 2022-ൽ ലോകകപ്പ് ഫുട്ബോൾ മത്സരം നടത്താനുള്ള അവസരം ലഭിച്ചതോടെ വിസ്മയകരമായ സാമ്പത്തികാഭിവൃദ്ധിയുടെ വീഥി ഖത്തറിനുമുന്നിൽ തുറക്കപ്പെട്ടു. ഇത് സൗദി ഭരണാധികാരികളുടെയും കൂട്ടാളികളുടെയും മനസ്സിൽ തീകോരിയിട്ടു. മറുവശത്ത്, 1980-കളിൽ അഫ്ഗാനിസ്ഥാനിൽ നടത്തിയ യുദ്ധംമുതൽ, അറബ് മേഖലയിൽ തങ്ങളുടെ താല്പര്യങ്ങൾക്ക് വഴങ്ങാത്ത ഭരണകൂടങ്ങൾക്കെതിരെ കപടന്യായങ്ങളുന്നയിച്ച് അമേരിക്ക നടത്തിയ യുദ്ധങ്ങൾക്കെല്ലാം സൗദി അറേബ്യ പിന്തുണ നൽകിയിരുന്നു. താലിബാനെപ്പോലുള്ള മതമൗലികവാദ ശക്തികൾക്ക് സാമ്പത്തിക സഹായവും ആയുധങ്ങളും പരിശീലനവും നൽകുന്നതടക്കമുള്ള കാര്യങ്ങൾ ഇതിൽ ഉൾപ്പെടും. സൗദി അറേബ്യയെ എന്നും വരുതിയിൽ നിർത്താൻ ഒരിക്കൽ അമേരിക്ക ഒരു തന്ത്രം പ്രയോഗിച്ചു. "ഭീകരർക്ക് ലോകത്തേറ്റവുമധികം പണം നൽകുന്ന രാജ്യം" എന്ന് സൗദിയെ അവർ വിശേഷിപ്പിച്ചു. അമേരിക്കയെ നശിപ്പിക്കാൻ ശ്രമിക്കുന്ന ശക്തികളെ പെട്രോഡോളർ ഉപയോഗിച്ച് സഹായിക്കുകയും സ്വന്തം സുരക്ഷയ്ക്കായി അതേ അമേരിക്കയെത്തന്നെ ആശ്രയിക്കുകയുമാണവർ എന്നും കുറ്റപ്പെടുത്തി. 2015-ൽ അമേരിക്ക ഇറാനുമായി ഒരു ആണവകരാർ ഒപ്പുവച്ചു. ഇരുരാജ്യങ്ങൾക്കുമിടയിൽ വളർന്നുവരുന്ന പിരിമുറുക്കത്തിന് അയവുവരുത്താനും ഭാവിയിൽ ഇറാനെ ഒതുക്കാനുള്ള കരുനീക്കങ്ങൾക്ക് സാവകാശം ലഭിക്കാനുമാണ് ഇങ്ങനെ ചെയ്തത്. ഇതും സൗദി ഭരണാധികാരികൾക്ക് രസിച്ചില്ല. എന്നാൽ, അമേരിക്കയെ വെറുപ്പിക്കാൻ ധൈര്യമില്ലാത്തതിനാൽ അവർ മൗനം പാലിച്ചു. ഇറാനുമായുള്ള ചങ്ങാത്തത്തിന്റെ പേരിൽ ഖത്തറിനുമേൽ സമ്മർദ്ദം ചെലുത്തുന്നതും തൽക്കാലം അവർ വേണ്ടെന്നുവച്ചു. എന്നാൽ, ഈ തന്ത്രങ്ങൾ കൊണ്ടൊന്നും ഖത്തറിനെ വിരട്ടാൻ കഴിഞ്ഞില്ല. അമേരിക്കയുടെ മുന്നിൽ തലകുനിക്കാൻ അവർ തയ്യാറായില്ല. അമേരിക്കയുടെ ആജ്ഞകൾക്ക് ഇറാൻ വഴങ്ങാത്തതും അവർക്ക് ധൈര്യം പകർന്നു. പുതിയ അമേരിക്കൻ പ്രസിഡന്റ് ട്രംപ് ഒരു മികച്ച നാറ്റോ-അറബ് സൈനിക സഖ്യത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഇറാനെ അടിയറവ് പറയിക്കാനുള്ള ഒരു നീക്കമായിരുന്നു ഇത്. എന്നിട്ടും ഇറാൻ വഴങ്ങിയിട്ടില്ല. എന്നുമാത്രമല്ല, അറബ് മേഖലയിലെ അമേരിക്കൻ താൽപര്യങ്ങളെ തകിടംമറിക്കുംവിധം സ്വന്തം സാമ്പത്തിക-രാഷ്ട്രീയ സ്വാധീനം വിപുലപ്പെടുത്താനുള്ള ശ്രമത്തിലുമാണ് ഇറാൻ. ഈ അവസരം ഉപയോഗപ്പെടുത്തി, ഇറാനോട് ശത്രുത പുലർത്തേണ്ടതിന്റെ ന്യായമെന്തെന്നും അവർ ചോദിക്കുന്നു. ചൈനീസ് കറൻസിയായ യുവാനിൽ പെട്രോളിയം ഉല്പന്നങ്ങൾ വ്യാപാരം നടത്താൻ കഴിയുന്ന ഒരു കേന്ദ്രം ആദ്യമായി മിഡിൽ ഈസ്റ്റിൽ ആരംഭിച്ചതും ഖത്തർതന്നെ. പെട്രോളിയം വ്യാപാരത്തിൽ അമേരിക്കൻ ഡോളറിന് സഹായകരമല്ലാത്ത നടപടിയായിരുന്നു ഇത്. എന്നുമാത്രമല്ല ഗൾഫിലെ മറ്റ് സാമ്പത്തിക കേന്ദ്രങ്ങളെ അപേക്ഷിച്ച് ഖത്തറിന്റെ തലസ്ഥാനമായ ദോഹയ്ക്ക് ഇത് മേൽക്കൈ നേടിക്കൊടുക്കുകയും ചെയ്തു. ഖത്തറിൽനിന്നുള്ള പ്രകൃതിവാതക കയറ്റുമതി തടസ്സപ്പെട്ടാൽ, ഇക്കാര്യത്തിൽ ലോകത്തെ രണ്ടാം ശക്തിയായ അമേരിക്കയിലെ കമ്പനികൾക്കായിരുന്നു നേട്ടമുണ്ടാകുക. അടുത്തിടെ അമേരിക്കൻ പ്രസിഡന്റ് സൗദി സന്ദർശിച്ചപ്പോൾ വൻതോതിൽ അമേരിക്കൻ ആയുധങ്ങൾ വാങ്ങാനുള്ള ഒരു കരാറിന് അവർ സമ്മതം മൂളി. പക്ഷെ, ഖത്തർ പെന്റഗണിന്റെ പ്രലോഭനങ്ങൾക്ക് വഴങ്ങി ഇത്തരമൊരു കരാറിന് ഇതുവരെ തയ്യാറായിട്ടില്ല.

ഖത്തർ എന്നും ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുകയായിരുന്നു എന്ന വെളിപാട് ട്രംപിനുണ്ടാവുകയും ഖത്തറിന് ഭ്രഷ്ട് കൽപിക്കുകയും ചെയ്തിരിക്കുകയാണിപ്പോൾ. അവരുടെ വിശ്വസ്ത സുഹൃത്തായ സൗദി അറേബ്യയെ മുൻനിർത്തി കരുക്കൾ നീക്കുന്നത് ഖത്തറിനെ ഒറ്റപ്പെടുത്താനാണ്. ഇതിൽനിന്ന് ആവേശമുൾക്കൊണ്ട്, മിഡിൽ ഈസ്റ്റിലെ അമേരിക്കയുടെ പ്രതിരൂപമായ ഇസ്രായേൽ, ഇറാനെതിരെയുള്ള അപകടകരമായൊരു യുദ്ധത്തിന് സൗദി അറേബ്യയെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ലിബിയയ്ക്കെതിരായ യുദ്ധത്തെ സഹായിക്കാൻ സൈന്യത്തെ അയച്ചപ്പോഴും സിറിയൻ ഗവണ്മെന്റിനെതിരെ പൊരുതുന്ന ശക്തികൾക്ക് നിരന്തരം സഹായം നൽകിയപ്പോഴുമൊന്നും ഖത്തറിനെതിരെ വിരൽ ചൂണ്ടാൻ അമേരിക്കയോ സൗദി അറേബ്യയോ തയ്യാറായിട്ടില്ല. ഗൾഫ് മേഖലയിലെ ഏറ്റവും ദരിദ്രരാജ്യമായ യെമനിലെ ജനകീയ പ്രക്ഷോഭത്തെ അമർച്ച ചെയ്യാൻ സൗദി നടത്തിയ സൈനിക നീക്കത്തിലും ഖത്തർ സഹായം നൽകിയിരുന്നു. ഇറാനെ നേരിടണമെങ്കിൽ ഗൾഫ് രാജ്യങ്ങളുടെ കൂട്ടുകെട്ട് അനിവാര്യമാണ് എന്ന നിലപാടായിരുന്നു ഇതുവരെ അമേരിക്കൻ വിദേശകാര്യ മന്ത്രാലയത്തിന്. എന്നാൽ, അമേരിക്കയുടെ ആജ്ഞകൾ ഖത്തർ നിരസിക്കാൻ തുടങ്ങിയതോടെ അമേരിക്ക നിലപാടുമാറ്റി. ലോകത്തെ ഏറ്റവും വലിയ ഗ്യാസ് കയറ്റുമതിക്കാരായ, തന്ത്രപ്രധാനമായ മേഖലയിൽ സ്ഥിതിചെയ്യുന്ന ഖത്തർ, ഇറാനുമായി അമിതമായ ചങ്ങാത്തംകൂടുക, ഭീകരവാദികളുമായി സൗഹൃദം സ്ഥാപിക്കുക, അവർക്ക് പണം നൽകുക തുടങ്ങിയ തെറ്റുകളാണ് ചെയ്യുന്നതെന്നും ഗൾഫ് മേഖലയിലെ അമേരിക്കൻ താൽപര്യങ്ങൾക്ക് വിരുദ്ധമായാണ് നിലകൊള്ളുന്നതെന്നും ട്രംപ് കുറ്റപ്പെടുത്തി. ഒട്ടും വൈകാതെ കടുത്ത സാമ്പത്തിക ഉപരോധം അവർക്കുമേൽ ചുമത്തുകയും ചെയ്തു. മിഡിൽ ഈസ്റ്റ് മേഖലയിലാകെ അമേരിക്കയുടെ സാമ്പത്തിക-രാഷ്ട്രീയ താല്പര്യങ്ങൾക്കും മേധാവിത്വത്തിനും കോട്ടം തട്ടാത്തവിധം ഖത്തറിന്റെ നിലപാടുകളെ മെരുക്കിയെടുക്കുക എന്നതായിരുന്നു ഉദ്ദേശം. അമേരിക്കൻ ആജ്ഞ ധിക്കരിച്ചാൽ ഒരു ആഭ്യന്തര അട്ടിമറി ശ്രമത്തെ നേരിടേണ്ടിവരുമെന്ന ഭീഷണിയുമുണ്ടായിരുന്നു. ഇസ്രായേലിനെ ഈ മേഖലയിലെ അമേരിക്കൻ പ്രതിരൂപമായി ഉപയോഗപ്പെടുത്തുന്നതുപോലെ ഈ ഹീന പദ്ധതിയിൽ സൗദി അറേബ്യയെ അവർ കരുവാക്കുകയാണ്. ഈ ഭീഷണി എത്രത്തോളം വിലപ്പോകുമെന്നും അവരുടെ താല്പര്യങ്ങൾ എത്രത്തോളം സംരക്ഷിക്കപ്പെടുമെന്നും കാത്തിരുന്നുകാണാം. കാരണം, ഗൾഫ് രാജ്യങ്ങൾക്കിടയിലും സൗദിയുടെ സഖ്യകക്ഷികൾക്കിടയിലുമൊക്കെ വൈരുദ്ധ്യങ്ങളുണ്ട്. ഒമാൻ, കുവൈറ്റ്, ദുബൈ എന്നിവർക്കൊക്കെ ഇറാനുമായി നല്ല ബന്ധമാണുള്ളത്. എണ്ണ സമ്പത്തിന്റെ ബലത്തിൽ സൗദി അറേബ്യയും യുഎഇയെ നയിക്കുന്ന അബുദാബിയുമാണ് ഗൾഫ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ വിദേശനയം തീരുമാനിക്കുന്നത്. സിറിയയിലും ലിബിയയിലുമൊക്കെ സൗദി അറേബ്യയുടെ ഉറ്റ ചങ്ങാതിയായിരുന്നു യുഎഇ. എന്നാൽ യെമനിലും ലിബിയയിലും ആഫ്രിക്കയിലുമൊക്കെ സ്വന്തം സ്വാധീനമേഖല വകഞ്ഞെടുക്കണമെന്ന താല്പര്യവും യുഎഇയ്ക്കുണ്ട്.

എന്നാൽ, ഗൾഫ് രാജ്യങ്ങളിലെയാകെ ജനങ്ങൾ മനസ്സിലാക്കേണ്ട ഒരു വസ്തുതയുണ്ട്. അമേരിക്കൻ സാമ്രാജ്യത്വം ഗൾഫ് മേഖലയിൽനിന്ന് പുറത്തുകടക്കാൻ നിർബന്ധിതമാകാതെ, ഗൾഫ് രാജ്യങ്ങളിലെ പിന്തിരിപ്പൻ ഭരണകർത്താക്കൾ അമേരിക്കയുടെ താളത്തിന് തുള്ളുകയോ അവരുടെ വിരട്ടലിന് വശംവദരാകുകയോ ചെയ്യുന്നത് അവസാനിപ്പിക്കാതെ ഈ മേഖലയിൽ സമാധാനം പുലരില്ല. ഇത് ഒരു സംഘർഷ ഭൂമിയായി തുടരുകയും അനേകം നിരപരാധികൾ കൊല്ലപ്പെടുകയും അഭയാർത്ഥികളാക്കപ്പെടുകയുമൊക്കെ ചെയ്തുകൊണ്ടിരിക്കും. ജനങ്ങളെ സംബന്ധിച്ചിടത്തോളം തുല്യനിലയിൽ വിനാശകാരികളായ മതമൗലികവാദ-ഭീകരവാദ ശക്തികളുടെ വിഹാര രംഗമായി ഈ മേഖല തുടരും. ശക്തവും ഏകോപിതവുമായ ഒരു സാമ്രാജ്യത്വ വിരുദ്ധപ്രസ്ഥാനം, വിശേഷിച്ച് അമേരിക്കൻ സാമ്രാജ്യത്വ വിരുദ്ധമുന്നേറ്റം വികസിപ്പിച്ചെടുക്കുക മാത്രമേ പരിഹാരമുള്ളൂ. എല്ലാ സങ്കുചിതത്വങ്ങൾക്കും മതപരമായ വീക്ഷണങ്ങൾക്കുമൊക്കെ അതീതമായി, ഗൾഫ് മേഖലയെയാകെ ഉൾക്കൊള്ളുന്ന അത്തരമൊരു പ്രസ്ഥാനത്തിന് മാത്രമേ ഇന്ന് ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാനാകൂ. ●

## പശുവിന്റെ പേരിലുള്ള മനുഷ്യവേട്ട അവസാനിപ്പിക്കുക, കന്നുകാലി വിൽപ്പന നിരോധന ഉത്തരവ് പിൻവലിക്കുക, കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുക, ചരക്ക്-സേവന നികുതി (ജിഎസ്ടി) പിൻവലിക്കുക

ജൂലൈ 18–24

# പ്രതിഷേധവാരം ആചരിച്ചു

**പശുവിന്റെ പേരിലുള്ള മനുഷ്യ വേട്ട അവസാനിപ്പിക്കുക, കന്നുകാലി വിൽപ്പന നിരോധന ഉത്തരവ് പിൻവലിക്കുക, കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുക, ജിഎസ്ടി പിൻവലിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ച് ജൂലൈ 18 മുതൽ 24 വരെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽപ്രതിഷേധവാരാചരണം നടത്തി. അതോടനുബന്ധിച്ച് സംസ്ഥാനമെമ്പാടും പ്രതിഷേധയോഗങ്ങളും കേന്ദ്രസർക്കാർ ഓഫീസുകളിലേയ്ക്ക് പ്രതിഷേധമാർച്ചുകളും സംഘടിപ്പിച്ചു.**

### എറണാകുളം

എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 21 ന് അങ്കമാലി റെയിൽവേ സ്റ്റേഷൻ മാർച്ചും ജൂലൈ 24 ന് തൃപ്പൂണിത്തുറ ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ചും സംഘടിപ്പിച്ചു. രണ്ട് മാർച്ചുകളും ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു.

അങ്കമാലി റെയിൽവേ സ്റ്റേഷൻ മാർച്ചിനോടനുബന്ധിച്ച് നടന്ന യോഗത്തിൽ അങ്കമാലി ലോക്കൽ സെക്രട്ടറി സഖാവ് കെ.സി.ജയൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ പി.പി. അഗസ്റ്റിൻ, കെ.കെ. ശോഭ, കെ.പി.സാൽവിൻ തുടങ്ങിയവർ പ്രസംഗിച്ചു. മാർച്ചിന് സഖാക്കൾ എം.കെ.തങ്കപ്പൻ, എ.ജി.അജയൻ, എ.ബ്രഹ്മകുമാർ, എൻ.ആർ.ബിനു, വി.കെ.മോഹനൻ, എം.വി.വിജയകുമാർ, കെ.പി.പരമേശ്വരൻ, പുഷ്പജൻ, ജ്യോതി ലക്ഷ്മി, നിഖിൽ സജി തുടങ്ങിയവർ നേതൃത്വം നൽകി.

തൃപ്പുണിത്തുറ പോസ്റ്റ് ഓഫീസ് മാർച്ചിനോടനുബന്ധിച്ച് നടന്ന യോഗത്തിൽ തൃപ്പുണിത്തുറ ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് സി.ബി.അശോകൻ അധ്യക്ഷത വഹിച്ചു. എഐയുറ്റിയുസി ജില്ലാസെക്രട്ടറി സഖാവ് പി.എം.ദിനേശനും ജില്ലാകമ്മിറ്റിയംഗം സഖാവ് കെ.ഒ.സുധീറും പ്രസംഗിച്ചു. തൃപ്പൂണിത്തുറ ബസ്സ്റ്റാൻഡിൽ നിന്ന് തുടങ്ങിയ പ്രകടനത്തിന് ജില്ലാകമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ഒ. ഷാൻ, എം.കെ.ഉഷ, സി.കെ.രാജേന്ദ്രൻ, സി.കെ.തമ്പി എന്നിവർ നേതൃത്വം നൽകി.

പ്രതിഷേധ വാരാചരണത്തിന്റെ ഭാഗമായി നൊച്ചിമ-കോമ്പാറ ജംഗ്ഷനിൽ പാർട്ടി ആലുവ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പൊതുയോഗം നടത്തി. ലോക്കൽ കമ്മിറ്റിയംഗം എ.ജി.അജയൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.കെ.ശോഭ, ലോക്കൽ സെക്രട്ടറി കെ.പി.സാൽവിൻ, അംഗങ്ങളായ എ. റജീന, എം.കെ.തങ്കപ്പൻ, എ.ബ്രഹ്മകുമാർ, എൻ.എസ്.രാജാമണി തുടങ്ങിയവരും പ്രസംഗിച്ചു.

എറണാകുളം സിറ്റി ലോക്കൽ കമ്മിറ്റി ഹൈക്കോടതി ജെട്ടിയിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ ജില്ലാസെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ, ലോക്കൽ കമ്മിറ്റിയംഗങ്ങളായ ജോണി ജോസഫ്, അഡ്വ.പഞ്ഞിമല ബാലകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

ഉദയംപേരൂർ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പൂത്തോട്ടയിൽ നടന്ന പൊതുയോഗത്തിൽ ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.ഒ.സുധീർ മുഖ്യപ്രസംഗം നടത്തി. ലോക്കൽ സെക്രട്ടറി സി.കെ.രാജേന്ദ്രൻ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ലോക്കൽ കമ്മിറ്റിയംഗം സഖാവ് സാനുനാഥും പ്രസംഗിച്ചു

### ഇടുക്കി

പ്രതിഷേധ വാരാചരണത്തിന്റെ ഭാഗമായി ചെറുതോണിയിൽ പ്രതിഷേധയോഗം നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സംഘാടക കമ്മിറ്റി സെക്രട്ടറി സഖാവ് എൻ.വിനോദ്കുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഹൈറേഞ്ച് മേഖലാ സെക്രട്ടറി സഖാവ് എം.ബി.രാജശേഖരൻ ഉദ്ഘാടനം ചെയ്തു. സഖാക്കൾ സിജു രാജാക്കാട്, മാത്യുതോമസ്, ടെസി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

### ആലപ്പുഴ

പ്രതിഷേധവാരത്തിന്റെ ഭാഗമായി ആലപ്പുഴയിൽ പോസ്റ്റ് ഓഫീസ് മാർച്ച് നടത്തി. മാർച്ചിനോടനുബന്ധിച്ച് പോസ്റ്റ് ഓഫീസിനു മുന്നിൽ നടന്ന പ്രതിഷേധ യോഗം എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗം അഡ്വ.എം.എ.ബിന്ദു അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ജില്ലാകമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.പി.മനോഹരൻ, കെ.ആർ.ശശി, ടി.മുരളി, എഐയുടിയുസി ജില്ലാസെക്രട്ടറി പി.ആർ.സതീശൻ എന്നിവർ പ്രസംഗിച്ചു.

ജൂലൈ 24 ന്, കായംകുളം ഹെഡ്പോസ്റ്റോഫീസിലേക്ക് മാർച്ചും ധർണയും നടന്നു. പ്രതിഷേധ മാർച്ച് എസ്‌യുസിഐ (സി) സംസ്ഥാനകമ്മിറ്റി അംഗം സഖാവ് ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാസെക്രട്ടറിയേറ്റംഗങ്ങ






എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ ആലപ്പുഴ പോസ്റ്റ് ഓഫീസ് മാർച്ച് ഉദ്ഘാടനം ചെയ്യുന്നു



തിരുവനന്തപുരത്ത് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു




അങ്കമാലി റെയിൽവേസ്റ്റേഷൻമാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു




പ്രതിഷേധവാരാചരണത്തോടനുബന്ധിച്ച് തൃപ്പൂണിത്തുറയിൽ നടന്ന ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച്



കായംകുളം ഹെഡ്പോസ്റ്റ്ഓഫീസ്മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു




പ്രതിഷേധ വാരാചരണത്തോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ നടന്ന ആദായനികുതി ഓഫീസ് മാർച്ച്




ഇടുക്കി ചെറുതോണിയിൽ നടന്ന പ്രതിഷേധ യോഗത്തിൽ സഖാവ് എം.ബി.രാജശേഖരൻ പ്രസംഗിക്കുന്നു

# ജൂലൈ 18 മുതൽ 24 വരെ നടന്ന പ്രതിഷേധവാരാചരണം



കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജെയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു



പത്തനംതിട്ടയിൽ നടന്ന പ്രതിഷേധയോഗം എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു




കൊല്ലം ഹെഡ്പോസ്റ്റോഫീസ് ധർണ്ണ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു



ചാവക്കാട് നടന്ന പ്രതിഷേധയോഗം എസ്‌യുസിഐ(സി) തൃശൂർ ജില്ലാ സെക്രട്ടറി സഖാവ് പി.എസ്.ബാബു ഉദ്ഘാടനം ചെയ്യുന്നു

ളായ സഖാക്കൾ വർഗ്ഗീസ് എം.ജേക്കബ്, ആർ.പാർത്ഥസാരഥി വർമ്മ, ജില്ലാകമ്മിറ്റി അംഗങ്ങളായ സഖാക്കൾ കെ.ശിവൻകുട്ടി, കെ. ആർ.ഓമനകുട്ടൻ, റ്റി.കോശി, എൻ. ആർ.അജയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാകമ്മിറ്റി അംഗം സഖാവ് എൻ.ഉദയകുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രകടനത്തിന് സഖാക്കൾ എസ്.അനിൽപ്രസാദ്, തത്ത ഗോപിനാഥ്, എ,മുഹമ്മദ്, എൻ.ആർ.മനോജ്കുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

### കൊല്ലം

മനുഷ്യജീവന് തെല്ലും വിലകൽപ്പിക്കാതെ, പശുവിന്റെ പേരിൽ മുസ്ലീങ്ങൾക്കും ദളിതർക്കും എതിരെ നടക്കുന്ന അക്രമങ്ങളെയും കൊലപാതകങ്ങളെയും ചെറുക്കുവാൻ സമൂഹ മനഃസ്സാക്ഷി ഉണരണമെന്നും ശക്തമായ ജനാധിപത്യ മതേതര കൂട്ടായ്മ വളർന്നു വരണമെന്നും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി. എസ്.പത്മകുമാർ അഭ്യർത്ഥിച്ചു. പാർട്ടി കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചിന്നക്കട ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിൽ നടന്ന മാർച്ചും ധർണ്ണയും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ കമ്മിറ്റി അംഗങ്ങൾ സഖാക്കൾ ഷൈല കെ.ജോൺ, ജി.ധ്രുവകുമാർ, ബി.വിനോദ്, പി.പി.പ്രശാന്ത് കുമാർ എന്നിവർ സംസാരിച്ചു. കൊല്ലം ബോട്ടുജെട്ടിയിൽ നിന്നാരംഭിച്ച പ്രകടനത്തിന് ജില്ലാ കമ്മിറ്റി അംഗങ്ങളായ എസ്. രാഘവൻ, ബി.രാമചന്ദ്രൻ, കെ.ശശാങ്കൻ എന്നിവർ നേതൃത്വം നൽകി.

### തൃശൂർ

തൃശൂർ ചാവക്കാട് ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധയോഗം നടന്നു. ബ്ലാങ്ങാട് സെന്ററിൽ നടന്നയോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ഡോ.പി.എസ്. ബാബു മുഖ്യപ്രസംഗം നടത്തി. ജില്ലാക്കമ്മിറ്റിയംഗം സഖാവ് സി.കെ. ശിവദാസൻ, ലോക്കൽ കമ്മിറ്റിയംഗം സഖാവ് ഒ.കെ.വൽസലൻ അധ്യക്ഷതവഹിച്ചു. ലോക്കൽ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ സി.ആർ.ഉണ്ണികൃഷ്ണൻ, സി.വി.പ്രേമരാജൻ എന്നിവർ പ്രസംഗിച്ചു.

അഞ്ചങ്ങാടി സെന്ററിൽ നടന്ന യോഗത്തിൽ സഖാവ് സി.കെ.ശിവദാസൻ മുഖ്യപ്രസംഗം നടത്തി, ലോക്കൽ കമ്മിറ്റിയംഗം സഖാവ് സി. വി. പ്രേമരാജൻ അധ്യക്ഷതവഹിച്ചുയോഗത്തിൽ സഖാവ് സി. ആർ.ഉണ്ണികൃഷ്ണനും പ്രസംഗിച്ചു.

### കോഴിക്കോട്

കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 24 ന് ഇൻകംടാക്സ് ഓഫീസ് മാർച്ച് നടത്തി. മാർച്ച് ഇൻകംടാക്സ് ഓഫീസിന് മുമ്പിൽ പോലീസ തടഞ്ഞു. തുടർന്ന് നടന്ന പ്രതിഷേധയോഗം ജില്ലാസെക്രട്ടറി സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്തു. ജില്ലാകമ്മിറ്റിയംഗങ്ങളായ സഖാക്കൾ പി.എം.ശ്രീകുമാർ, എം.കെ.രാജൻ എന്നിവരും പ്രസംഗിച്ചു. ജില്ലാകമ്മിറ്റിയംഗങ്ങളായ സഖാക്കൾ ടി.ജെ. ഡിക്സൻ, പി.കെ.തോമസ് എന്നിവർ നേതൃത്വം നൽകി.

### വയനാട്

എസ്‌യുസിഐ(സി) വയനാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരി പോസ്റ്റ് ഓഫീസ്സ് ധർണ്ണ നടത്തി. ജില്ലാ സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. സഖാക്കൾ പി.കെ.ഭഗത്, സി.എൻ.മുകുന്ദൻ, ബി.ഇമാമുദ്ദീൻ, ദേവസ്യ പുറ്റനാൽ എന്നിവർ പ്രസംഗിച്ചു.

### കണ്ണൂർ

എസ്‌യുസിഐ(സി) കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ മുൻസിപ്പൽ സ്റ്റാൻഡിൽവച്ച് പ്രതിഷേധയോഗം നടന്നു. ജില്ലാകമ്മിറ്റിയംഗം ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. സഖാക്കൾ പി. സി.വിവേക്, എം.കെ.ജയരാജ് എന്നിവർ പ്രസംഗിച്ചു. സഖാവ് അനൂപ് എരിമറ്റം അദ്ധ്യക്ഷത വഹിച്ചു. ●



പാലക്കാട് ഹെഡ്പോസ്റ്റോഫീസ് മാർച്ച് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്യുന്നു

## പാചകവാതക സബ്സിഡി നിർത്തലാക്കരുത്

പ്രതിമാസം നാലുരൂപവീതം എൽപിജി വില വർദ്ധിപ്പിച്ച് 2018 മാർച്ചോടെ പാചകവാതക സബ്സിഡി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ തീരുമാനം പിൻവലിക്കണമെന്ന് എൽപിജി കൺസ്യൂമേഴ്സ് ഫോറം കൊല്ലം ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് കെ.ഒ.മാത്യുപണിക്കരുടെ അദ്ധ്യക്ഷതയിൽ കുണ്ടറയിൽ കൂടിയ യോഗം എൽപിജി കൺസ്യൂമേഴ്സ് ഫോറം ജില്ലാ സെക്രട്ടറി ജി.ധ്രുവകുമാർ ഉദ്ഘാടനം ചെയ്തു. അരുൺ ഗോപിനാഥ്, തഴുത്തല ദാസ്, എ.ജെയിംസ്, ഷെറഫ് കുണ്ടറ, എൻ.വിജയകൃഷ്ണൻ, ജോൺ കുഴിമതിക്കാട്, വി.ലീല തുടങ്ങിയവർ പ്രസംഗിച്ചു. ●



കൊല്ലം ടൗണിൽ നടന്ന പ്രതിഷേധയോഗം ജനകീയപ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജയിംസ് ഉദ്ഘാടനം ചെയ്യുന്നു

പാചകവാതക സബ്സിഡി ഇല്ലാതാക്കുന്ന കേന്ദ്ര തീരുമാനത്തിനെതിരെ എസ്‌യുസിഐ(സി) ആഭിമുഖ്യത്തിൽ കൊല്ലം ചിന്നക്കടയിൽ പ്രതിഷേധപ്രകടനവും യോഗവും നടന്നു. അർഹതയുള്ളവർക്കു മാത്രം സബ്സിഡി നൽകാനെന്നു പറഞ്ഞ് എല്ലാവർക്കും ബാങ്ക് അക്കൗണ്ടും ആധാറും അടിച്ചേൽപ്പിച്ചിട്ട് സബ്സിഡി ഇനി മുതൽ ആർക്കും നൽകില്ലായെന്ന കേന്ദ്ര നിലപാട് അങ്ങേയറ്റം വഞ്ചനാപരമാണെന്ന് പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്ത ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജെയിംസ് അഭിപ്രായപ്പെട്ടു എസ്‌യുസിഐ(സി) സംസ്ഥാനകമ്മിറ്റിയംഗം ഷൈല കെ.ജോൺ, ജില്ലാകമ്മിറ്റി അംഗങ്ങളായ ബി.വിനോദ്, എസ്.രാഘവൻ പ്രശാന്ത്കുമാർ, ബി.രാമചന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു. ●



ഡോ.ഡി.സുരേന്ദ്രനാഥ് കണ്ണൂരിൽ നടന്ന യോഗം ഉദ്ഘാടനം ചെയ്യുന്നു



സഖാവ് പി.എം.ദിനേശൻ എറണാകുളത്ത് നടന്ന യോഗം ഉദ്ഘാടനം ചെയ്യുന്നു



സുൽത്താൻ ബത്തേരിയിൽ നടന്ന പോസ്റ്റ് ഓഫീസ് ധർണ്ണ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

# കാർഷികവായ്പ എഴുതിത്തള്ളൽ

# കർഷക പ്രക്ഷോഭം ലക്ഷ്യവേധിയായി മുന്നേറണം

**കർഷകരെ കുടിയിറക്കി ബലമായി ഭൂമി പിടിച്ചെടുക്കുന്നതിനെതിരെ സിംഗൂറിലും നന്ദിഗ്രാമിലും നടന്ന വിജയംവരിച്ച പ്രക്ഷോഭമായിരുന്നു തുടക്കം. ഇപ്പോൾ മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, പഞ്ചാബ്, തമിഴ്നാട്, ഹരിയാന, ഉത്തർപ്രദേശ്, ഗുജറാത്ത്, കർണാടക സംസ്ഥാനങ്ങളിലെ കർഷകർ പ്രക്ഷോഭത്തിലാണ്. കടങ്ങൾ എഴുതിത്തള്ളൽ, താങ്ങുവില, ജലസേചന സൗകര്യം, ചുരുങ്ങിയ വിലയ്ക്ക് വൈദ്യുതി-ഡീസൽ തുടങ്ങിയ ന്യായമായ ആവശ്യങ്ങൾ ഗവണ്മെന്റുകളെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനുവേണ്ടിയാണ് സമരം. ചെപ്പടിവിദ്യകളുടെയും കപടവാഗ്ദാനങ്ങളുടെയും, ദുരിതമനുഭവിക്കുന്ന കർഷകരടക്കമുള്ള ജനങ്ങളുടെമേൽ സാമ്പത്തിക-രാഷ്ട്രീയ ആക്രമണങ്ങൾ നടത്തുന്നതിന്റെയുമൊക്കെ കാര്യത്തിൽ മുൻഗാമികളെ കടത്തിവെട്ടുന്ന ബിജെപി ഗവണ്മെന്റ് കർഷകരുടെ അസംതൃപ്തിയെ അവഗണിക്കുകയും അവരുടെ ആവശ്യങ്ങളോട് ഏറെക്കാലമായി കുറ്റകരമായ അനാസ്ഥ കാട്ടുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പൊറുതിമുട്ടിയ കർഷകർ പ്രക്ഷോഭത്തിന്റെ പാത സ്വീകരിച്ചപ്പോൾ അവരെ വെടിയുണ്ടകൾകൊണ്ട് നേരിടുന്ന സമീപനമാണ് സ്വീകരിച്ചത്.**

---

**ക**ഴിഞ്ഞ ജൂൺ 6ന്, മദ്ധ്യപ്രദേശിലെ മന്ദ്സോറിൽ സമരംചെയ്ത 6 കർഷകരെയാണ് വെടിവച്ചുകൊന്നത്. നിരവധിപേർക്ക് പോലീസ് അതിക്രമത്തിൽ ഗുരുതരമായി പരുക്കേൽക്കുകയും ചെയ്തു. എരിതീയിൽ എണ്ണയൊഴിച്ച ഈ നടപടി സമരം ആളിപ്പടരാൻ ഇടയാക്കുകയും ഗവണ്മെന്റ് പിന്നോക്കം പോകാൻ നിർബ്ബന്ധിതമാകുകയും ചെയ്തു. സമരത്തിന്റെ സമ്മർദ്ദം മൂലം മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ബിജെപി ഗവണ്മെന്റുകൾ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാൻ തയ്യാറായി. എന്നാൽ, ഗവണ്മെന്റ് മുന്നോട്ടുവച്ചിരിക്കുന്ന ഉപാധികൾമൂലം നിർബന്ധമായും പ്രയോജനം ലഭിക്കേണ്ട ദരിദ്ര-ചെറുകിട കർഷകർക്ക് അത് ലഭിക്കുമോ എന്നകാര്യം സംശയമാണ്. എന്നുമാത്രമല്ല, ഈ തീരുമാനം വന്നയുടൻതന്നെ ഉദ്യോഗസ്ഥ പ്രമാണിമാരും മുതലാളിവർഗ്ഗ സേവകരായ സാമ്പത്തിക വിദഗ്ദ്ധരും കോളമെഴുത്തുകാരും ബാങ്ക് മേധാവികളുമൊക്കെ ഇതിനെതിരെ രംഗത്തുവരികയും ചെയ്തു. ഇത് വളരെ മോശം നടപടിയാണെന്നും വലിയ ബാദ്ധ്യതയാകുമെന്നും സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുമെന്നും വായ്പാ അച്ചടക്കത്തെ, അതായത് കൃത്യമായി വായ്പകൊടുത്ത് തിരിച്ചുപിടിക്കുന്ന രീതിയെ തകിടംമറിക്കുമെന്നും മോശം വായ്പാസംസ്കാരം വളർത്തുമെന്നും കേന്ദ്രത്തിലെ ബിജെപി ഗവണ്മെന്റിന്റെ മിതവ്യയ രീതിക്ക് ഭീഷണിയാകുമെന്നും പണപ്പെരുപ്പ സാദ്ധ്യത വർദ്ധിപ്പിക്കുമെന്നും പലിശനിരക്ക് കുറയ്ക്കാനുള്ള റിസർവ് ബാങ്കിന്റെ ശേഷി കുറയ്ക്കുമെന്നുമൊക്കെ അവർ വിലപിക്കാൻ തുടങ്ങി. ഗവണ്മെന്റിന്റെ 'അനാവശ്യ' മായ ഈ 'ഔദാര്യം' സമ്പദ്ഘടനയെ 'അവതാള'ത്തിലാക്കുമെന്ന മുന്നറിയിപ്പ് മാത്രമല്ല, വായ്പ എഴുതിത്തള്ളുമെന്ന പ്രതീക്ഷയിൽ കർഷകർ ഗഡുക്കളടയ്ക്കാതിരിക്കുകയാണെന്ന് കുറ്റപ്പെടുത്തലുമുണ്ടായി. കർഷകർ കടംവാങ്ങി ആർഭാട ജീവിതം നയിക്കുകയാണെന്നും വായ്പ എഴുതിത്തള്ളണമെന്ന ആവശ്യം ഒരു ചാപല്യമായിത്തീർന്നിട്ടുണ്ടെന്നുംവരെ ചില ഭാവനാസമ്പന്നർ തട്ടിമൂളിച്ചു. എന്നാൽ വൻകിട വ്യവസായികളുടെയും കാർഷിക ബിസിനസ്സുകാരുടെയും കാർഷിക മുതലാളിമാരുടെയുമൊക്കെ കടങ്ങൾ എഴുതിത്തള്ളുന്നതിൽ അവർ ഒരു തെറ്റും കണ്ടതുമില്ല. കർഷകർ നിവൃത്തികേടുകൊണ്ട് വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുമ്പോൾ അവരുടെ ഭൂമിയും വിളകളുമൊക്കെ ബലമായി പിടിച്ചെടുക്കുകയും അവരെ ആക്രമിക്കുകയും അതേസമയം വൻകിടക്കാർ വൻതുകകൾ കുടിശ്ശിക വരുത്തുമ്പോൾ അവരോട് ഔദാര്യം കാണിക്കുകയും അവർക്ക് പുതിയ വായ്പകൾ നൽകുകയും ചെയ്യുന്നതിൽ യാതൊരു വിവേചനവും ഇവർ കാണുന്നുമില്ല. സമ്പദ്ഘടനയുടെ തകർച്ചയുടെ ഉത്തരവാദിത്വം കർഷകരുടെ തലയിൽ കെട്ടിവയ്ക്കുക എന്ന ഉദ്ദേശമാണിതിന് പിന്നിലെന്നുവേണം കരുതാൻ.

### കർഷകരുടെ പരിതാപകരമായ സ്ഥിതി

ഗ്രാമീണ ഇന്ത്യയുടെ ചരിത്രമെന്താണ്? ജനസംഖ്യയുടെ മൂന്നിൽരണ്ടുഭാഗം അവിടെ അധിവസിക്കുന്നത് സുഖമായാണോ? അതോ അവർ ദുരിതങ്ങളിലും കഷ്ടപ്പാടുകളിലുമാണോ കഴിഞ്ഞുകൂടുന്നത്? വലിപ്പവും തോതുമൊക്കെ വച്ചുനോക്കുമ്പോൾ കൃഷിയുടെ കാര്യത്തിൽ ഇന്ത്യ ലോകത്ത് അഞ്ചാം സ്ഥാനത്താണ്. എന്നാൽ, ഗ്രാമങ്ങളിലെ 95 ശതമാനം വരുന്ന കർഷകരുടെ കാര്യമെടുത്താൽ അവരുടെ സ്ഥിതി അതിദയനീയമാണ്. ചെറിയ തുണ്ടുഭൂമികൾ, ജലദൗർലഭ്യം, ജലസേചനത്തിന്റെ അഭാവം, മണ്ണിന്റെ ഗുണനിലവാരമിടിച്ചിൽ, കൃഷിച്ചെലവിലെ വർദ്ധന, കുറഞ്ഞ ഉല്പാദനക്ഷമത, ഉല്പന്നങ്ങളുടെ വിലയിടിവ്, കാലാവസ്ഥയിലെ അനിശ്ചിതത്വം, വരൾച്ചയും വെള്ളപ്പൊക്കവും പോലുള്ള പ്രകൃതിക്ഷോഭങ്ങൾ, ഉദ്യോഗസ്ഥരുടെ അഴിമതി, കുറഞ്ഞ വിലയ്ക്ക് ഉല്പന്നങ്ങൾ വിൽക്കേണ്ട സ്ഥിതി, പെരുകുന്ന കടം, വർദ്ധിക്കുന്ന ആത്മഹത്യ എന്നിവയെല്ലാംകൂടി കർഷകരുടെ ജീവിതം താറുമാറാക്കുകയാണ്. പട്ടിണിയും ദാരിദ്ര്യവും മൂലം കർഷകർ കൃഷിഭൂമി വിൽക്കാനോ തൽക്കാലത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കൃഷിഭൂമി പണയംവയ്ക്കാനോ നിർബന്ധിതരാകുന്നു. ഇങ്ങനെ നഷ്ടപ്പെടുന്ന ഭൂമിയെല്ലാം കാർഷിക രംഗത്തെ മുതലാളിമാരുടെ കൈകളിലെത്തുന്നു. ഇടത്തരം കർഷകർ ദരിദ്രകർഷകരായും ദരിദ്രകർഷകർ പങ്കുകൃഷിക്കാരോ പാട്ടകൃഷിക്കാരോ ആയും അവർ ഭൂരഹിത കർഷകരായും പിന്നീട് കർഷകത്തൊഴിലാളികളായും മാറ്റപ്പെടുന്നു. പണിയില്ലാതെ വരുമ്പോൾ ഇവർ മറ്റേതൊരു തൊഴിലും ചെയ്യാൻ നിർബ്ബന്ധിതരാകുന്നു. വിനാശകാരിയായ ആഗോളീകരണ നയങ്ങളുടെ വരവോടെ സാഹചര്യം അങ്ങേയറ്റം വഷളായി. പരാധീനതകളും സംഭരണസൗകര്യങ്ങളുടെ അഭാവവും അന്തർദ്ദേശീയ കമ്പോളത്തിൽനിന്നുള്ള മത്സരത്തെ നേരിടാനുള്ള കെല്പില്ലായ്മയും ഒക്കെ മൂലം നല്ലൊരു പങ്ക് കർഷകർ ഇങ്ങനെ തൊഴിലാളികളായി മാറുന്നു. ഇവർ തൊഴിലിനും നിലനിൽപിനും വേണ്ടി സംസ്ഥാനാതിർത്തികൾ താണ്ടിപ്പോലും അലഞ്ഞുതിരിയുന്നു. ഗ്രാമീണരിൽ പകുതിപ്പേർ ഭൂരഹിതരാണ്. ഇവരിൽ പകുതിയും മറ്റുജോലികൾ ചെയ്താണ് ജീവിതം തള്ളിനീക്കുന്നത്. കഠിനമായി അദ്ധ്വാനിക്കേണ്ടിവരുന്ന ഇവർക്ക് യാതൊരുവിധ തൊഴിൽ സുരക്ഷയോ അവകാശങ്ങളോ ഒന്നുമില്ല. വൻതോതിൽ കൃഷിഭൂമി സ്വകാര്യ സംരംഭകരെ ഏൽപിച്ചുകൊടുക്കാൻ ഗവണ്മെന്റുകൾ ഉത്സാഹം കാണിക്കുന്നതുമൂലം ഇവർ വീടുംകുടിയും വിട്ട് പലായനം ചെയ്യേണ്ടിവരുന്നു. ആക്രി പെറുക്കിയും ഭിക്ഷ യാചിച്ചുമൊക്കെ അലഞ്ഞുതിരിയുന്ന ഇവർ ഫുട്പാത്തുകളിൽ അന്തിയുറങ്ങുകയും പട്ടിയെയും പൂച്ചയെയുമൊക്കെപ്പോലെ ചത്തൊടുങ്ങുകയും ചെയ്യുന്നു. സാമൂഹ്യ-സാമ്പത്തിക സ്ഥിതിവിവരക്കണക്ക് പറയുന്നത് ദിനംപ്രതി 2035 പേരാണ് ഇങ്ങനെ 'കൃഷിക്കാര'ല്ലാതായിത്തീരുന്നതെന്നാണ്. ഗ്രാമീണ മേഖലയിൽ പകുതി കുടുംബങ്ങളും കൂലിപ്പണിയെടുത്താണ് കഴിഞ്ഞുകൂടുന്നത്. 4.08 ലക്ഷം കുടുംബങ്ങൾ ആക്രി പെറുക്കി ജീവിക്കുമ്പോൾ 6.68ലക്ഷം ഭിക്ഷ യാചിച്ച് ജീവിക്കുന്നു. മറ്റെന്തെങ്കിലും തൊഴിലുകിട്ടിയാൽ കൃഷി ഉപേക്ഷിക്കാൻ തയ്യാറുള്ളവരാണ് 40 ശതമാനം കർഷകരും. പോഷകാഹാരം ലഭിക്കാത്തവരുടെയും പട്ടിണിക്കാരുടെയും എണ്ണത്തിൽ ഇന്ത്യയാണ് ഒന്നാമത്. പട്ടിണി കിടക്കുന്നവരുടെ എണ്ണം 19.5കോടിയാണ്. ഇവരിൽ നല്ലൊരു പങ്ക് ഗ്രാമീണ മേഖലയിലെ ദരിദ്രരും കൃഷിക്കാരുമാണ്. ദരിദ്ര കർഷകരും കൃഷിയോടൊപ്പം മറ്റ് തൊഴിലുകൾ ചെയ്യുന്നവരുമായ ആളുകൾ സാമ്പത്തികമായി തകർന്ന് തൊഴിലാളികളായി പരിവർത്തനം ചെയ്യപ്പെടുന്നതിന്റെ ചിത്രമിതാണ്. പരിതാപകരമായ സ്ഥിതിയിലേയ്ക്ക് പതിക്കുന്നതോടെ നിരാശരായി അത്മഹത്യ ചെയ്യുന്നവരും കുറവല്ല. ഇന്ത്യൻ കർഷകന്റെ ഈ ദയനീയ സ്ഥിതി അല്പമെങ്കിലും മനുഷ്യത്വമുള്ള ഏതൊരാളുടെയും കരളലിയിക്കുന്നതാണ്.

**സമരത്തിന്റെ സമ്മർദ്ദം മൂലം മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ബിജെപി ഗവണ്മെന്റുകൾ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാൻ തയ്യാറായി. എന്നാൽ, ഗവണ്മെന്റ് മുന്നോട്ടുവച്ചിരിക്കുന്ന ഉപാധികൾമൂലം നിർബന്ധമായും പ്രയോജനം ലഭിക്കേണ്ട ദരിദ്ര-ചെറുകിട കർഷകർക്ക് അത് ലഭിക്കുമോ എന്നകാര്യം സംശയമാണ്. എന്നുമാത്രമല്ല, ഈ തീരുമാനം വന്നയുടൻതന്നെ ഉദ്യോഗസ്ഥ പ്രമാണിമാരും മുതലാളിവർഗ്ഗ സേവകരായ സാമ്പത്തിക വിദഗ്ദ്ധരും കോളമെഴുത്തുകാരും ബാങ്ക് മേധാവികളുമൊക്കെ ഇതിനെതിരെ രംഗത്തുവരികയും ചെയ്തു.**

### കർഷകർ കടക്കെണിയിൽ

കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ ജനങ്ങളുടെ കയ്യടി നേടാനായി കർഷകരെ നാടിന്റെ നട്ടെല്ലെന്ന് വിശേഷിപ്പിച്ചുകൊണ്ട് വാനോളം പുകഴ്ത്തുന്നതല്ലാതെ അവരുടെ ജീവിതത്തിൽ എന്തെങ്കിലും അഭിവൃദ്ധിയുണ്ടാകാൻ ഉതകുന്ന ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നതാണ് സത്യം. ഭക്ഷ്യധാന്യങ്ങൾ വിളയിക്കുന്ന കർഷകർ സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഏറ്റവും ദയനീയ സ്ഥിതിയിലെത്തിയിരിക്കുന്ന സന്ദർഭമാണിത്. വെറുതെ അധരവ്യായാമം നടത്തുന്ന ഗവണ്മെന്റുകൾക്കും ഭരണകക്ഷിനേതാക്കൾക്കും അവരുടെ സാമ്പത്തിക ഉപദേശകർക്കും കാർഷിക വിദഗ്ദ്ധർക്കുമൊന്നും കർഷകരനുഭവിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ച് ഒരു വേദനയുമില്ല. ജനങ്ങൾക്കുവേണ്ടി പലതും ചെയ്യുന്നതായി ബൂർഷ്വാ ഗവണ്മെന്റുകൾ വാദിക്കുന്നുണ്ട്. എന്നാൽ കർഷകരെ സംബന്ധിച്ചിടത്തോളം അവർ പാപ്പരാക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു എന്നതുമാത്രമാണനുഭവം. കർഷകരുടെ ക്ഷേമത്തെക്കുറിച്ച് ഗവണ്മെന്റ് പറയുന്നത് ദരിദ്ര-ചെറുകിട കർഷകരെയോ പങ്കുകൃഷിക്കാരെയോ കർഷകത്തൊഴിലാളികളെയോ കുറിച്ചൊന്നുമല്ല. സമ്പന്ന കർഷകരും വൻതോതിൽ കൃഷിഭൂമി കൈവശം ഉള്ളവരുമൊക്കെ മാത്രമാണവരുടെ മനസ്സിലുള്ളത്. കാർഷിക വായ്പയുടെയൊക്കെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. ഭരിക്കുന്നത് ഏത് ബൂർഷ്വാപാർട്ടിയാണെങ്കിലും വാർഷിക ബജറ്റ് അവതരിപ്പിക്കുമ്പോൾ കർഷകരുടെ ക്ഷേമത്തിനുവേണ്ടി ആവിഷ്കരിക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ച് അവർ വാചാലരാകും. ഇപ്പോഴത്തെ ബിജെപി പ്രധാനമന്ത്രിയാകട്ടെ 2022 ആകുമ്പോഴേയ്ക്കും കർഷകരുടെ വരുമാനം ഇരട്ടിയാകുമെന്നാണ് പറയുന്നത്. കാർഷികച്ചെലവിന്റെ 50 ശതമാനം ലാഭം കിട്ടത്തക്ക രീതിയിൽ കാർഷിക ഉല്പന്നങ്ങളുടെ താങ്ങുവില നൽകും എന്നാണ് ബിജെപി പ്രകടനപത്രികയിൽ പ്രഖ്യാപിച്ചിരുന്നത്. ഈ വാഗ്ദാനങ്ങളൊക്കെ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ ലംഘിക്കാനുള്ളതാണെന്ന് കർഷകരും സാധാരണക്കാരുമൊക്കെ എത്രയോ നാളായി കണ്ടുകൊണ്ടിരിക്കുന്നു.

കാർഷിക വായ്പയ്ക്കായി നീക്കിവയ്ക്കുന്ന തുകയെക്കുറിച്ച് എല്ലാ ബജറ്റുകളിലും വാചകക്കസർത്ത് നടത്താറുണ്ട്. എന്നാൽ ഈ തുകയിൽ എത്രത്തോളം കർഷകർക്ക് വായ്പയായി നൽകി എന്നതിന്റെ കണക്ക് ഒരു ഗവണ്മെന്റും ജനങ്ങളോട് പറയാറില്ല എന്നുമാത്രമല്ല പാർലമെന്റിൽപോലും പറയാറില്ല. ഇതിന്റെ സിംഹഭാഗവും വൻകിടക്കാർ തട്ടിയെടുക്കുന്നു എന്നതുതന്നെ കാരണം. ദരിദ്ര കർഷകർക്ക് ലഭിക്കുന്നത് നിസ്സാര തുകകൾ മാത്രം. കാർഷികവായ്പ എന്നത് വ്യക്തിപരമായി ഓരോ കർഷകനും ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും മൈക്രോഫിനാൻസ് സംവിധാനം വഴിയും മറ്റും ലഭിക്കുന്ന വായ്പ മാത്രമല്ല. കോർപ്പറേറ്റ് കൃഷിക്കാർ, സഹകരണ കൃഷിസംഘങ്ങൾ, ഡെയറികൾ, മീൻവളർത്തൽ, കന്നുകാലി വളർത്തൽ, തേനീച്ച വളർത്തൽ, പട്ടുനൂൽപ്പുഴു വളർത്തൽ എന്നിവയ്ക്ക് ലഭിക്കുന്ന വായ്പയും ഇതിൽ ഉൾപ്പെടും. സംഭരണശാലകൾ, കമ്പോളസ്ഥലം, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനും വായ്പ കിട്ടും. മണ്ണ് സംരക്ഷണം, തണ്ണീർത്തട വികസനം, വിത്തുല്പാദനം, ജൈവ കീടനാശിനി നിർമ്മാണം, ടിഷ്യൂകൾച്ചർ എന്നിവയ്ക്ക് ലഭിക്കുന്ന വായ്പയും ഈ ഗണത്തിൽപെടും. ഇതുകൂടാതെ കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും വായ്പ നൽകുന്നുണ്ട്. അഗ്രോ-ബിസിനസ്, അഗ്രോ-ക്ലിനിക്, ഭക്ഷ്യ സംസ്കരണം, നിരവധി ട്രാക്ടറുകളും ബുൾഡോസറുകളുമൊക്കെയുള്ളവർ നടത്തുന്ന കസ്റ്റമർ കെയർ സെന്ററുകൾ എന്നിവയൊക്കെ ഇതിലുൾപ്പെടും. ഇതെല്ലാം ചേർത്താണ് കാർഷിക വായ്പയ്ക്ക് നീക്കിവച്ചിരിക്കുന്ന വിഹിതം അവതരിപ്പിക്കുന്നത്. വായ്പ ലഭിക്കാൻ ഒരു ദരിദ്ര കർഷകന് ഒരു ഹെക്ടർവരെ കൃഷിഭൂമിയും ചെറുകിട കർഷകന് 1 മുതൽ 2 ഹെക്ടർവരെ കൃഷിഭൂമിയും ഉണ്ടായിരിക്കണം. നിരവധി കടമ്പകൾ കടന്ന് വായ്പ തരപ്പെടുമ്പോൾ കയ്യിൽ കിട്ടുന്ന തുക 72,000 രൂപയാണ്. വൻകിട വ്യവസായികൾക്കും അഗ്രോ-ബിസിനസ്സുകാർക്കും 8 ശതമാനം പലിശനിരക്കിൽ വായ്പ കിട്ടുമ്പോൾ കർഷകർക്ക് അത് 12 മുതൽ 15 ശതമാനം വരെയാണ്. പലപ്പോഴും ദരിദ്രരും ചെറുകിടക്കാരുമായ കർഷകരും കൈവേലക്കാരുമൊക്കെ ബാങ്ക് വായ്പ ലഭിക്കാതെ പണം പലിശയ്ക്ക് കൊടുക്കുന്നവരെ സമീപിക്കാൻ നിർബ്ബന്ധിതരാകുന്നു. ഇവരാകട്ടെ മാസം 24 ശതമാനംവരെ കൊള്ളപ്പലിശ ഈടാക്കുന്നു. ഇത്തരത്തിൽ അനൗദ്യോഗിക വായ്പ വാങ്ങുന്ന ദരിദ്ര-ചെറുകിട കർഷകരുടെ എണ്ണം 8 കോടി വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മറ്റൊരു 2.21 കോടി ആളുകൾ ബാങ്കുകളിലേയ്ക്കൊന്നും പോകാതെ പൂർണമായും വ്യക്തികളിൽനിന്നുള്ള വായ്പയെയാണ് ആശ്രയിക്കുന്നത്. ഇങ്ങനെയാണ് ദരിദ്രകർഷകർ കടക്കെണിയിലകപ്പെടുന്നത്.

### എന്തുകൊണ്ടാണ് കർഷകർ വായ്പാകുടിശ്ശിക വരുത്തുന്നത്?

എന്തുകൊണ്ടാണ് കർഷകർക്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ പോകുന്നത്? മനഃപൂർവ്വം അങ്ങനെ ചെയ്യുന്നതാണോ? അതോ അതിന് നിർബ്ബന്ധിതമാക്കുന്ന ഘടകങ്ങൾ എന്തെങ്കിലുമുണ്ടോ? വസ്തുതകളിലേയ്ക്ക്

*(ശേഷം 11-ാം പേജിൽ)*

# കർഷകരെ കടബാദ്ധ്യതക്കാരാക്കുന്നത് മുതലാളിത്തവ്യവസ്ഥ

*(10-ാം പേജിൽ നിന്ന്)*

ഒന്ന് കണ്ണോടിച്ചാൽ കാര്യം മനസ്സിലാകും. കൃഷി ചെയ്യണമെങ്കിൽ വിത്ത്, വളം, കീടനാശിനി, ഡീസൽ, ജലസേചനസൗകര്യം തുടങ്ങിയവയൊക്കെ വേണം. ഇതിന്റെയെല്ലാം വില കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച്, ആഗോളീകരണത്തിന്റെ ഭാഗമായി വൻകിട കുത്തകകൾക്ക് ഈ രംഗത്ത് പ്രവേശനം നൽകിയതിനുശേഷം. 2004-05 മുതൽ 2014-15 വരെയുള്ള കാലയളവിൽ മദ്ധ്യപ്രദേശിലെ ഗോതമ്പ് കർഷകർ ഒരു ഹെക്ടർ സ്ഥലത്ത് വിത്തിനും വളത്തിനും വേണ്ടി ചെലവഴിക്കുന്ന തുക ഇരട്ടിയായിട്ടുണ്ട്. വലിയ വിലകൊടുത്ത് പൊതുകമ്പോളത്തിൽനിന്ന് ഇതെല്ലാം വാങ്ങിക്കാൻ അവർ നിർബ്ബന്ധിതരായിത്തീരുന്നു. ഡീസലിന്റെയും വൈദ്യുതിയുടെയും വിലയും ഉയർന്നുകൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യാനന്തരം ജനങ്ങളുടെ നികുതിപ്പണം കൊണ്ട് കെട്ടിയുയർത്തിയ വൻകിട ഡാമുകളൊന്നും മതിയായ അളവിൽ വെള്ളം സംഭരിച്ചുവച്ച് ജലദൗർലഭ്യമുള്ള സ്ഥലങ്ങളിലേയ്ക്കെത്തിക്കാനോ വേനൽക്കാലത്ത് ഉപയോഗിക്കാനോ കഴിയാത്തതായിരിക്കുന്നു എന്നത് അമ്പരപ്പുളവാക്കുന്ന കാര്യമാണ്. പകരം മഴക്കാലത്ത് ഡാം തുറന്നുവിട്ട് വെള്ളപ്പൊക്കമുണ്ടാക്കി വിളനശിപ്പിച്ച് കർഷകരെ വലയ്ക്കുന്ന ഏർപ്പാടാണ് നടക്കുന്നത്. ഇതിനുപുറമെ വരൾച്ച, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, കാലംതെറ്റിയുള്ള മഴ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾമൂലം വിളകൾ ഭാഗികമായും ചിലപ്പോൾ പൂർണമായും നശിക്കുന്ന സ്ഥിതിയുണ്ടാകും. ഉപഗ്രഹങ്ങളും മിസൈലുകളുമൊക്കെ വിക്ഷേപിച്ച് ഭരണാധികാരികൾ സാങ്കേതിക വികാസത്തെക്കുറിച്ച് വീമ്പിളക്കുമ്പോൾ കർഷകർ പ്രകൃതിക്ഷോഭങ്ങൾക്കുമുന്നിൽ നിസ്സഹായരായി നിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. വന്യജീവിശല്യം, പകർച്ചവ്യാധികൾ, വികലമായ വിത്തുകൾ ഉപയോഗിക്കേണ്ടിവരുന്നതുവഴിയുള്ള വിളനാശം തുടങ്ങിയ വ്യാധികൾ വേറെയും.

> **ഗ്രാമങ്ങളിലെ 95 ശതമാനം വരുന്ന കർഷകരുടെ കാര്യമെടുത്താൽ അവരുടെ സ്ഥിതി അതിദയനീയമാണ്. ചെറിയ തുണ്ടുഭൂമികൾ, ജലദൗർലഭ്യം, ജലസേചനത്തിന്റെ അഭാവം, മണ്ണിന്റെ ഗുണനിലവാരമിടിച്ചിൽ, കൃഷിച്ചെലവിലെ വർദ്ധന, കുറഞ്ഞ ഉല്പാദനക്ഷമത, ഉല്പന്നങ്ങളുടെ വിലയിടിവ്, കാലാവസ്ഥയിലെ അനിശ്ചിതത്വം, വരൾച്ചയും വെള്ളപ്പൊക്കവും പോലുള്ള പ്രകൃതിക്ഷോഭങ്ങൾ, ഉദ്യോഗസ്ഥരുടെ അഴിമതി, കുറഞ്ഞ വിലയ്ക്ക് ഉല്പന്നങ്ങൾ വിൽക്കേണ്ട സ്ഥിതി, പെരുകുന്ന കടം, വർദ്ധിക്കുന്ന ആത്മഹത്യ എന്നിവയെല്ലാംകൂടി കർഷകരുടെ ജീവിതം താറുമാറാക്കുകയാണ്.**

സ്വാഭാവികമായും കർഷകർക്ക് സർക്കാരിൽനിന്ന് ആശ്വാസനടപടികൾ, നഷ്ടപരിഹാരം, ഇൻഷുറൻസ് തുടങ്ങി പല സഹായങ്ങളും ആവശ്യമായി വരും. ദീർഘകാലമായുള്ള ഈ ആവശ്യം സഫലമാക്കുന്നു എന്ന് കൊട്ടിഘോഷിച്ചുകൊണ്ടാണ് ബിജെപി ഗവണ്മെന്റ് 'പ്രധാനമന്ത്രി ഫസൽ ബീമാ യോജന' എന്ന പേരിൽ പുതിയൊരു പദ്ധതി പ്രഖ്യാപിച്ചത്. എന്നാൽ പഴയവീഞ്ഞ് പുതിയ കുപ്പിയിലാക്കിയ ഒരു തട്ടിപ്പായിരുന്നു ഇതെന്ന് വളരെ പെട്ടെന്നുതന്നെ വ്യക്തമായി. വികലമായ പ്രവർത്തനങ്ങളും സങ്കീർണ്ണമായ നടപടിക്രമങ്ങളും വ്യാപകമായ അഴിമതിയും മൂലം, ദുരിതമനുഭവിക്കുന്ന കർഷകർക്ക് ഇതുകൊണ്ട് യാതൊരു പ്രയോജനവുമില്ലാതായി. കർഷകർക്ക് ആശ്വാസമെത്തിക്കുന്നതിനുപകരം ആയിരക്കണക്കിന് കോടി രൂപ സ്വകാര്യ ഇൻഷുറൻസ് കമ്പനികളുടെ പണപ്പെട്ടിയിലെത്തിക്കാനുള്ള ഒരു മാർഗ്ഗമായി ഇത് പരിണമിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉല്പന്നങ്ങൾ സംഭരിക്കാൻ താങ്ങുവില പ്രഖ്യാപിക്കുന്ന പതിവുണ്ട്. ഇതിലും കൗശലങ്ങൾ ഏറെയാണ്. ഉദാഹരണത്തിന്, 23 ഇനങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കുമെന്ന് കേന്ദ്രഗവണ്മെന്റ് പറഞ്ഞിട്ട് അരിക്കും ഗോതമ്പിനും മാത്രമാണ്, ഔദ്യോഗിക പ്രഖ്യാപനം വന്നത്. അതും ഏതാനും സംസ്ഥാനങ്ങളിൽ മാത്രം. 90 ശതമാനം കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്നതാണ് സത്യം. കർഷകരുടെ രോഷം ശമിപ്പിക്കാനായി താങ്ങുവില ഉയർത്തിക്കൊണ്ട് കേന്ദ്രസർക്കാർ പ്രഖ്യാപനം വന്നു. 2017-18 വിളവെടുപ്പ് വർഷത്തിൽ ഭക്ഷ്യധാന്യങ്ങൾ, എണ്ണക്കുരുക്കൾ, പരുത്തി എന്നിവയുടെ കാര്യത്തിലായിരുന്നു വർദ്ധന. സംസ്ഥാനങ്ങളോട് ഈ ഉല്പന്നങ്ങൾ പരമാവധി സംഭരിച്ചുകൊണ്ട് കർഷകർ ഇവ കുറഞ്ഞവിലയ്ക്ക് പുറത്ത് വില്ക്കേണ്ട സ്ഥിതി ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ, പ്രഖ്യാപനം മാത്രം കൊണ്ട് കാര്യമില്ലെന്നും സംഭരണപ്രക്രിയ അടക്കിഭരിക്കുകയും കർഷകരുടെമേൽ അധീശത്വം പുലർത്തുകയും ചെയ്യുന്ന ഗൂഢസംഘത്തെ ഇല്ലായ്മ ചെയ്യാതെ യാതൊരു പ്രയോജനവും ഉണ്ടാകുകയില്ലെന്നും കർഷകർക്ക് നന്നായറിയാം. അങ്ങേയറ്റം അഴിമതിക്കാരായ പ്രാദേശിക ദല്ലാളന്മാർ, പഞ്ചായത്ത് ഉദ്യോഗസ്ഥന്മാർ, പൂഴ്ത്തിവയ്പുകാർ, ഇടനിലക്കാർ, ഭരണകക്ഷി പ്രമാണിമാർ, കാർഷിക മുതലാളിമാർ, ബഹുരാഷ്ട്ര കമ്പനികൾ എന്നിവരൊക്കെ ചേർന്നാണ് ഈ മേഖലയെ നിയന്ത്രിക്കുന്നത്. സർക്കാർ സംവിധാനത്തിന്റെ അറിവോടെയാണ് ഇവർ കാര്യങ്ങൾ ചെയ്യുന്നത്. കർഷകരിൽനിന്ന് വളരെ കുറഞ്ഞ വിലയ്ക്ക് ഇവർ ഉല്പന്നങ്ങൾ ശേഖരിച്ച് പൂഴ്ത്തിവയ്ക്കുന്നു. എന്നിട്ട് മൊത്തക്കച്ചവടക്കാർക്ക് കൂടിയ വിലയ്ക്ക് വില്ക്കുന്നു. ഇങ്ങനെ ഇടനിലക്കാരുടെയെല്ലാം വീതമെടുപ്പ് കഴിഞ്ഞ് ഉല്പന്നം ഉപഭോക്താവിലെത്തുമ്പോൾ അയാൾ കൊടുക്കേണ്ടിവരുന്ന വിലയും കർഷകർക്ക് ഉല്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയും തമ്മിൽ വലിയ അന്തരമുണ്ടായിരിക്കും. വിളവെടുപ്പ് മെച്ചപ്പെടുന്ന സന്ദർഭത്തിൽ ഈ ഗൂഢസംഘത്തിന്റെ ഇടപെടൽമൂലം വില ഇടിയുകയും കർഷകരുടെ വരുമാനം ഗണ്യമായി കുറയുകയും ചെയ്യും. ബൂർഷ്വാ-പെറ്റിബൂർഷ്വാ പാർട്ടികൾക്ക് തെരഞ്ഞെടുപ്പ് ഫണ്ട് നൽകുന്നവരാണ് ഈ സംഘത്തിൽപ്പെട്ടവരെന്നതുകൊണ്ടുതന്നെ ഒരു ഗവണ്മെന്റും ഈ സ്ഥിതിക്ക് ഒരു മാറ്റവുമുണ്ടാക്കാൻ ശ്രമിക്കുന്നില്ല. അങ്ങനെ പാവം കർഷകർ ഇവരുടെ വമ്പൻ ചൂഷണത്തിനിരയായി ഒടുങ്ങുന്നു.

അവശ്യസാധനങ്ങളുടെ ഭീകരമായ വിലക്കയറ്റവും റേഷൻ സംവിധാനത്തിന്റെ തകർച്ചയും കൂടിയാകുമ്പോൾ സ്ഥിതി ഗുരുതരമാകുന്നു. മുതലാളിത്ത ചൂഷണം വിലക്കയറ്റത്തിൽ മാത്രം ഒതുങ്ങുന്നില്ല. അത് എല്ലാ രംഗത്തും വ്യാപിച്ചുകിടക്കുന്നു. തന്മൂലം പാവങ്ങളും ദരിദ്രരും പാപ്പരാക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. അവരുടെ ക്രയശേഷി നെല്ലിപ്പലകയിലെത്തുന്നു. ജീവിച്ചുപോകാൻ വേണ്ടിയുള്ള ദരിദ്രന്റെ വിലാപങ്ങൾ എങ്ങും മാറ്റൊലിക്കൊള്ളുകയാണ്. രക്തവും മാംസവും നഷ്ടപ്പെട്ട് സമൂഹം എല്ലുംതോലുമായിരിക്കുന്നു. ഇത്തരമൊരു ഗതികെട്ട അവസ്ഥയിലാണ് കർഷകർ വായ്പാകുടിശ്ശിക വരുത്തുന്നത്. ജീവിതത്തിനും മരണത്തിനുമിടയിൽ അനാഥ പ്രേതങ്ങളായി അലയുന്ന കർഷകർ മനഃപൂർവ്വം വായ്പ തിരിച്ചടയ്ക്കാത്തതാണെന്ന് പറഞ്ഞ് സത്യം മറച്ചുപിടിക്കാൻ, യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ക്രൂരന്മാർക്കും വക്രബുദ്ധികൾക്കും ചാരുകസേര പണ്ഡിതന്മാർക്കും മാത്രമേ കഴിയൂ.

### പെരുകുന്ന കർഷക ആത്മഹത്യയും മനുഷ്യത്വരഹിതമായ മുതലാളിത്ത രാഷ്ട്രീയവും

ദീർഘകാലത്തെ പട്ടിണിയും വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതിലെ അപമാനഭാരവും മാനസിക സംഘർഷവുമൊക്കെ താങ്ങാനാകാതെ ഒരുപാട് കർഷകർ ആത്മഹത്യ ചെയ്യുന്നു എന്നതാണ് ഏറ്റവും ഹൃദയഭേദകമായ കാര്യം. കഴിഞ്ഞ രണ്ടുപതിറ്റാണ്ടിനുള്ളിൽ 3.5 ലക്ഷം കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ് കണക്ക്. കഴിഞ്ഞ രണ്ടുവർഷത്തിനിടെ ഇത് 26 ശതമാനം വർദ്ധിച്ചിട്ടുണ്ട്. 2017 ജൂൺ മാസത്തെ ആദ്യ രണ്ടാഴ്ചയ്ക്കുള്ളിൽ മദ്ധ്യപ്രദേശിൽ 5 പേർ ആത്മഹത്യ ചെയ്തു. ഈ കാലയളവിൽ ഉത്തർപ്രദേശിലും 5 കർഷകർ ജീവനൊടുക്കി. ഉത്തരാഖണ്ഡിലും 50 വയസ്സുള്ള ഒരു കൃഷിക്കാരൻ ആത്മഹത്യ ചെയ്തു. കുടുംബാംഗങ്ങൾ പട്ടിണികിടക്കുന്നതുകണ്ട് സഹിക്കാനാവാതെയാണ് ഒരാൾ അത്മഹത്യയെ അഭയം പ്രാപിക്കുന്നത്. പിടിച്ചുനിൽക്കാൻ ഒരുപായവും കാണാതെ വരുമ്പോഴാണ് കടുത്ത മനോവ്യഥയോടെ ഇത്തരമൊരു കടുത്ത തീരുമാനം ഒരാൾ എടുക്കുക.

എന്നാൽ, ആത്മവഞ്ചകരും കുബുദ്ധികളും നികൃഷ്ടരും അപരാധികളുമായ ബൂർഷ്വാ രാഷ്ട്രീയക്കാർക്കും അവരുടെ ചെരുപ്പ് നക്കികൾക്കും, ഇത്തരത്തിലൊരു ദുരന്തത്തെ, മദ്യപാനം, കുടുംബപ്രശ്നങ്ങൾ, രോഗം, സ്ത്രീധനം, മയക്കുമരുന്ന്, പ്രേമം, വന്ധ്യത എന്നിവയൊക്കെ മൂലമെന്ന് വ്യാഖ്യാനിക്കാൻ യാതൊരു മനസ്സാക്ഷിക്കുത്തുമില്ല. പൈശാചികമായ മുതലാളിത്ത ചൂഷണവാഴ്ചയെ സംരക്ഷിക്കാനായി സത്യം മൂടിവയ്ക്കാൻ ഇവർ എത്രത്തോളം അധഃപതിക്കുന്നു എന്നാണിത് കാണിക്കുന്നത്.

> **സമരം ശരിയായ പാതയിലൂടെയാണ് മുന്നേറുന്നതെന്നുറപ്പാക്കണമെങ്കിൽ സമരത്തിന്റെ നേതൃത്വം ബൂർഷ്വാ-പെറ്റിബൂർഷ്വാ പാർട്ടികളുടെ കൈകളിലെത്താതെ നോക്കേണ്ട ഉത്തരവാദിത്വവും കർഷകർക്കുണ്ട്. നേതൃത്വം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇടുങ്ങിയ തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കുവേണ്ടി സന്ധിയിലേർപ്പെടുകയോ സമരത്തെ പിന്നിൽനിന്ന് കുത്തുകയോ ചെയ്യാത്ത, സമരം പാതിവഴിക്ക് ഉപേക്ഷിക്കാത്ത, അധികാരത്തിനോ സമ്പത്തിനോ വേണ്ടിയുള്ള സ്ഥാപിത താൽപര്യങ്ങൾക്കുമുന്നിൽ സ്വയം അടിയറ വയ്ക്കാത്ത, യഥാർത്ഥ വിപ്ലവനേതൃത്വത്തെ കണ്ടെത്താനും സമരംചെയ്യുന്ന കർഷകർക്ക് കഴിയണം.**

### വായ്പ എഴുതിത്തള്ളണമെന്ന ന്യായമായ ഡിമാന്റ്

ജീവിത ദുരിതങ്ങളാണ് വായ്പ തിരിച്ചടവ് മുടക്കാൻ കർഷകരെ നിർബ്ബന്ധിതരാക്കുന്നതെന്ന് മേല്പറഞ്ഞ കാര്യങ്ങളിൽനിന്ന് വ്യക്തമാണല്ലോ. അപ്പോൾ, വായ്പ എഴുതിത്തള്ളണമെന്ന ആവശ്യം അന്യായമാണോ? ഇവിടെ, പഴഞ്ചൻ ബൂർഷ്വാ സാമ്പത്തിക ശാസ്ത്ര പണ്ഡിത ശിരോമണികളോട് എളിമയോടെ ഞങ്ങളൊരു കാര്യം ചോദിക്കട്ടെ: കഴിഞ്ഞ പത്തുവർഷത്തിനിടയിൽ വൻകിട വ്യവസായികളുടെയും ബിസിനസ്സുകാരുടെയും കുത്തകകളുടെയുമൊക്കെ ലക്ഷക്കണക്കിന് കോടിവരുന്ന ബാങ്ക് വായ്പകൾ കിട്ടാക്കടമെന്നുപറഞ്ഞ് എഴുതിത്തള്ളുകയും അവർക്ക് 50 ലക്ഷം കോടിയുടെ നികുതിയിളവുകൾ കൊടുക്കുകയുമൊക്കെ ചെയ്തതുവഴി സമ്പദ്ഘടനയ്ക്ക് എന്ത് നേട്ടമാണുണ്ടായത്? സുപ്രീംകോടതി പറഞ്ഞിട്ടുപോലും ഈ കിട്ടാക്കടക്കാരുടെ പേര് വെളിപ്പെടുത്താൻ, 'സമ്പദ്ഘടനയുടെ താല്പര്യം' സംരക്ഷിക്കാനെന്നുപറഞ്ഞ് റിസർവ് ബാങ്ക് തയ്യാറാകാതിരിക്കുന്നതെന്തുകൊണ്ട്? വൻകിട ടെലികോം കമ്പനികൾ സ്പെക്ട്രം വാങ്ങിയതുവഴി കേന്ദ്രഗവണ്മെന്റിന് നൽകാനുള്ള 3 ലക്ഷം കോടി രൂപ എന്തുകൊണ്ടാണ് വാങ്ങിച്ചെടുക്കാത്തത്? "രാജ്യത്തിന്റെ സാമ്പത്തിക താല്പര്യം" എന്നുപറഞ്ഞാൽ ഒരുപിടി വരുന്ന വമ്പന്മാർ പൊതുമുതൽ കൊള്ളയടിക്കുകയും പൊതുഖജനാവിൽനിന്ന് പണം അപഹരിക്കുകയും ചെയ്യുന്നതാണ് എന്നല്ലേ ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത്? എന്നാൽ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്ന കാര്യം വരുമ്പോൾ മാത്രം അത് സമ്പദ്ഘടനയ്ക്ക് ആഘാതമേല്പിക്കുന്ന നടപടിയാകും. ഭയങ്കരംതന്നെ! ഔദാര്യംമൂലം കടങ്ങൾ എഴുതിത്തള്ളുമെന്ന സ്ഥിതി മുതലെടുക്കുകയാണ് കർഷകർ എന്നുപറയുന്നവർ ഒന്നുകിൽ ഒട്ടുംതന്നെ യാഥാർത്ഥ്യബോധമില്ലാത്തവരാണ് അല്ലെങ്കിൽ പാണ്ഡിത്യ പ്രകടനത്തിന്റെ മറവിൽ ആ അസംബന്ധം എഴുന്നള്ളിക്കാൻ നിയോഗിക്കപ്പെട്ടവരാണ്. വായ്പ എഴുതിത്തള്ളണമെന്ന കർഷകരുടെ ആവശ്യം നിലനിൽപ്പിനുവേണ്ടിയുള്ള മുറവിളിയാണ്. മുതലാളിത്ത ഇന്ത്യയിൽ അതിസമ്പന്നർക്കും കോർപ്പറേറ്റുകൾക്കുമൊക്കെ കിട്ടുന്ന പ്രത്യേക പരിഗണനയോ ഔദാര്യമോ ഒന്നും വേണമെന്ന് കർഷകർ ആഗ്രഹിക്കുന്നില്ല. മുതലാളിവർഗ്ഗത്തെയും അവരുടെ പിണിയാളുകളെയുംപോലെ മറ്റുള്ളവരെ വഞ്ചിക്കാൻ തന്ത്രം മെനയുന്നവരും മറ്റുള്ളവരുടെ ദുരിതങ്ങളിൽ നിന്ന് മുതലെടുക്കുന്നവരും നുണയും വഞ്ചനയും കാട്ടി സത്യം മറച്ചുവയ്ക്കുന്നവരുമൊന്നുമല്ല കർഷകർ.

### വായ്പ എഴുതിത്തള്ളുന്നത് പരിമിതമായ തോതിലും ഉപാധികളോടെയും

സമരത്തിന്റെ സമ്മർദ്ദംമൂലം ഇപ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കർഷകരുടെ വായ്പകൾ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്. "കർഷക സൗഹൃദ"ക്കാരും 'ഉദാരമതികളു'മൊക്കെ ആണെന്ന് ഭാവിച്ച് വായ്പ എഴുതിത്തള്ളുന്നതിൽ മത്സരിക്കുകയാണ് പല ഗവണ്മെന്റുകളും. എന്നാൽ കൊട്ടിഘോഷിക്കുന്ന ഈ എഴുതിത്തള്ളലിൽ പതിയിരിക്കുന്ന ചതിക്കുഴികൾ അല്പമൊന്ന് ശ്രദ്ധിച്ചാൽ കണ്ടെത്താൻ കഴിയും. ഇന്ത്യയിലെ ദരിദ്ര-ചെറുകിട കർഷകരിൽ മൂന്നിലൊന്നിനാണ് വായ്പ എഴുതിത്തള്ളലിന്റെ ആനുകൂല്യം ലഭിക്കുക. അതായത് എട്ട് സംസ്ഥാനങ്ങളിലായി വായ്പ എഴുതിത്തള്ളണമെന്ന ആവശ്യം ഉന്നയിക്കുന്ന 3കോടി 28ലക്ഷം കർഷകരിൽ ഒരു കോടി 6 ലക്ഷത്തിനുമാത്രമാണ് ഈ ആനുകൂല്യത്തിന് യോഗ്യതയുണ്ടാവുക. ഈ എഴുതിത്തള്ളലാകട്ടെ ഉപാധികളോടെയാണുതാനും. എല്ലാ വിഭാഗം വായ്പകൾക്കും ഇളവുകിട്ടില്ല. അതുപോലെ തുകയ്ക്കും പരിധിയുണ്ടാകും. അഴിമതിക്കാരായ ബാങ്ക് ഉദ്യോഗസ്ഥരും ഇടനിലക്കാരും കൂടി ചേർന്ന് ജപ്തി ഒഴിവാക്കി, വായ്പ പുതുക്കി കമ്മീഷൻ കൈപ്പറ്റുന്ന സ്ഥിതിയുമുണ്ട്. ഇങ്ങനെ പുതുക്കിയ നല്ലൊരു പങ്ക് വായ്പകൾക്കും എഴുതിത്തള്ളലിന്റെ ആനുകൂല്യം ലഭിക്കില്ല. അപേക്ഷകരുടെ എണ്ണവും നൂലാമാലകളുമെല്ലാം പരിഗണിക്കുമ്പോൾ വെറും 10 ശതമാനത്തിന് മാത്രമേ പ്രയോജനം ലഭിക്കാനിടയുള്ളൂ. എഴുതിത്തള്ളൽ നീട്ടിക്കൊണ്ടുപോകുന്ന അടവും പയറ്റുന്നുണ്ട്. വിതയ്ക്കാനുള്ള സമയം അടുത്തുവരുമ്പോഴും വായ്പ എഴുതിത്തള്ളുമോ, എങ്കിൽ എന്ന് തുടങ്ങിയ കാര്യങ്ങളിലൊക്കെയുള്ള അനിശ്ചിതത്വം നിലനിൽക്കുകയാണ്. അടുത്ത കൃഷിയിറക്കാനുള്ള പണത്തിന്റെ കാര്യത്തിലും അവർ ആശങ്കയിലാണ്. ചുരുക്കത്തിൽ, ഈ ആനുകൂല്യത്തിന്റെ പ്രയോജനം പരമാവധി വെട്ടിച്ചുരുക്കാനുള്ള കൊണ്ടുപിടിച്ച ശ്രമമാണ് നടക്കുന്നത്.

### പ്രതിസന്ധിഗ്രസ്തമായ മുതലാളിത്തവ്യവസ്ഥ കർഷകരെ കടബാദ്ധ്യതക്കാരാക്കുന്നു

കടം എഴുതിത്തള്ളുന്നതുകൊണ്ടല്ല മുതലാളിത്ത വ്യവസ്ഥ പ്രതിസന്ധിയിലാകുന്നത്. അത് ആ വ്യവസ്ഥയുടെ സഹജസ്വഭാവമാണ്. രൂക്ഷമായിക്കൊണ്ടിരിക്കുന്നതും അപരിഹാര്യവുമായ ഈ പ്രതിസന്ധിമൂലം മുതലാളിത്തം അതിന്റെതന്നെ ശവക്കുഴിതോണ്ടുന്നു. വേദനസംഹാരികൾ കൊണ്ടോ ചെപ്പടിവിദ്യകൾ കൊണ്ടോ ഒന്നും പരിഹരിക്കാൻ കഴിയുന്നതല്ല ഈ പ്രതിസന്ധി. പെരുകുന്ന

*(ശേഷം 12-ാം പേജിൽ)*



# കാൾ മാർക്സ് 200-ാം ജന്മവാർഷികം

(കഴിഞ്ഞ ലക്കത്തിൽനിന്നു തുടർച്ച)

**സാമൂഹ്യ പരിവർത്തനത്തിന്റെ നിയമങ്ങൾ മനസ്സിലാക്കുന്നതിൽ വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ പ്രയോഗം**

**മാർക്സ് ആണ് ആദ്യമായി വൈരുദ്ധ്യാത്മ ഭൗതികവാദത്തിന്റെ തത്വങ്ങൾ സാമൂഹ്യ ജീവിതത്തിന്റെയും സമൂഹത്തിന്റെയും അതിന്റെ ചരിത്രത്തിന്റെയും പഠനത്തിലേയ്ക്കുകൂടി വ്യാപിപ്പിച്ചത്. മനുഷ്യചരിത്രത്തെയാകെ നയിക്കുന്ന നിയമങ്ങൾ കണ്ടെത്തുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശം. മാർക്സ് പറഞ്ഞു: "പ്രകൃതിശാസ്ത്രം കാലാന്തരത്തിൽ മനുഷ്യശാസ്ത്രത്തെക്കൂടി ഉൾക്കൊള്ളുകയും മനുഷ്യശാസ്ത്രം പ്രകൃതിശാസ്ത്രത്തെയും ഉൾക്കൊള്ളുകയും ചെയ്യും: പിന്നെ ഒരു ശാസ്ത്രമേ ഉണ്ടാകൂ. പ്രകൃതിശാസ്ത്രം മനുഷ്യജീവിതത്തെ ഗ്രസിച്ച് അതിനെ മാറ്റിത്തീർത്തിരിക്കുന്നു.... ചരിത്രത്തിൽ കാണുന്ന മനുഷ്യന്റെ വികാസം- മനുഷ്യസമൂഹത്തിന്റെ ഉത്ഭവം- ആണ് മനുഷ്യന്റെ യഥാർത്ഥ പ്രകൃതം.... നരവംശശാസ്ത്രപരമായ യഥാർത്ഥ പ്രകൃതം." (സ്വകാര്യ സ്വത്തും കമ്മ്യൂണിസവും,1844), മനുഷ്യനാഗരികതയുടെ വികാസപ്രക്രിയ ശാസ്ത്രീയമായി വിശകലനംചെയ്തുകൊണ്ട് മാർക്സ് മനുഷ്യസമൂഹത്തിന്റെ വികാസത്തിന്റെ നിയമങ്ങൾ അനാവരണം ചെയ്തു. സമൂഹത്തിന്റെ ഏകോപിതവും സമഗ്രവും ശാസ്ത്രീയവുമായ ഈ പഠനമാണ് ചരിത്രപരമായ ഭൗതികവാദം എന്നറിയപ്പെടുന്നത്.**

**പ്രാ**കൃത വർഗ്ഗരഹിതസമൂഹം എങ്ങനെയാണ് വർഗ്ഗവിഭജിതമായതെന്ന് ചരിത്രപരമായ ഭൗതികവാദം കാണിച്ചുതരുന്നു. മനുഷ്യൻ കൃഷിയും കന്നുകാലിവളർത്തലും കണ്ടുപിടിച്ചതോടെ സ്ഥിരസ്വത്ത് നിലവിൽവന്നു. ഇത് സ്വകാര്യസ്വത്ത് ഉദയം ചെയ്യാനുള്ള സാഹചര്യമൊരുക്കി. ഉല്പാദനോപാധികളുടെമേലുള്ള സ്വകാര്യ ഉടമസ്ഥത നിലവിൽ വന്നതോടെ സമൂഹം ചൂഷകരും ചൂഷിതരുമെന്ന നിലയിൽ രണ്ട് വർഗ്ഗങ്ങളായി വേർതിരിഞ്ഞു. വർഗ്ഗവിഭജനം പ്രാകൃത കമ്മ്യൂണിസ്റ്റ് ഗോത്രസമൂഹത്തെ അടിമയുടമ സമൂഹമാക്കിമാറ്റി. പിന്നീടത് ജന്മിത്തസമൂഹമാകുകയും ഉല്പാദനോപാധികൾ ജന്മിമാരുടെ ഉടമസ്ഥതയിലാകുകയും അടിമകൾ അടിയാന്മാരായി മാറുകയുംചെയ്തു. വീണ്ടും, ജന്മിത്തത്തിന്റെ ഗർഭപാത്രത്തിൽനിന്ന് ആധുനിക മുതലാളിത്തസമൂഹം ജന്മമെടുത്തു. ന്യൂട്ടന്റെ ബലതന്ത്രംപോലെ ശാസ്ത്രരംഗത്തുണ്ടായ പുതിയ വികാസങ്ങൾ വ്യവസായവൽക്കരണത്തിന് സഹായകമാകുകയും അത് മുതലാളിത്ത ഉല്പാദന സമ്പ്രദായത്തെ ത്വരിതപ്പെടുത്തുകയും ഉല്പാദന ശക്തികളെ പലമടങ്ങ് പെരുക്കുകയും ചെയ്തു. വ്യവസായവൽക്കരണത്തിൽ വമ്പിച്ച പുരോഗതിയുണ്ടാകുകയും വ്യവസായത്തിന്റെയും കൃഷിയുടെയും ഉടമസ്ഥത മുതലാളിമാരുടെ കൈകളിലാകുകയും ജനങ്ങൾ, പ്രധാനമായും അടിയാന്മാർ കൂലിത്തൊഴിലാളികളായി മാറുകയും ചെയ്തതോടെ പുതുതായി ഉദയംചെയ്ത മുതലാളിത്തവ്യവസ്ഥ മാനവരാശിയുടെയും നാഗരികതയുടെയും മുന്നേറ്റത്തെ അടയാളപ്പെടുത്തി. എന്നാൽ ഉല്പാദനോപാധികളുടെ മേലുള്ള സ്വകാര്യ ഉടമസ്ഥത അവസാനിച്ചിരുന്നില്ല എന്നതുകൊണ്ടുതന്നെ മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന" ചൂഷണം സഹജമായി തുടർന്നു. വർഗവിഭജനവും വർഗസമരവും അപ്പോഴും തുടർന്നു.

ഉല്പാദന ബന്ധത്തിലെ വൈരുദ്ധ്യം (അടിമ-ഉടമ, ജന്മി-അടിയാൻ, മുതലാളി-തൊഴിലാളി) അപരിഹാര്യമായി തുടരുന്നത് ഉല്പാദനത്തിന്റെ സ്വാഭാവികമായ വികാസപ്രക്രിയയെയും അതുവഴി സാമൂഹ്യപുരോഗതിയെയും തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നതുകൊണ്ടുതന്നെ, നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥയുടെ സ്ഥാനത്ത്, തീസിസ്-ആന്റി തീസിസ്-സിന്തസിസ് തത്വപ്രകാരം പുതിയൊരു സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കാനുള്ള വ്യഗ്രത സമൂഹത്തിൽ നിലനിൽക്കുമെന്നും മാർക്സ് ചൂണ്ടിക്കാണിച്ചു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പറയുന്നു: "ഇന്നേവരെ നിലനിന്ന എല്ലാ സമൂഹങ്ങളുടെയും ചരിത്രം വർഗ്ഗസമരങ്ങളുടെ ചരിത്രമാണ്." ഒരു ഉല്പാദന സമ്പ്രദായം സമൂഹത്തെ ചൂഷകരെന്നും ചൂഷിതരെന്നും രണ്ടായി വിഭജിക്കുകയും ഒരുകൂട്ടർ അദ്ധ്വാനിക്കുകയും (അടിമ, അടിയാൻ, തൊഴിലാളി) മറ്റേകൂട്ടർ അദ്ധ്വാനിക്കാതെ അദ്ധ്വാനഫലം അനുഭവിക്കുകയും ചെയ്യുന്നതിൽനിന്നാണ് വർഗ്ഗസമരം ഉടലെടുക്കുന്നതെന്ന് മാർക്സ് പറയുന്നു. വർഗ്ഗസമരം ഉയർന്നൊരു ഉല്പാദന ഘട്ടത്തിലേയ്ക്ക് മുന്നേറാൻ മനുഷ്യന് സഹായകമാകുന്നു. ഒരു വിപ്ലവം വിജയകരമായി നടക്കുമ്പോൾ ഉയർന്ന നിലയിലുള്ള ഉല്പാദനരീതി സ്ഥാപിതമാകുന്നു. ഇതേക്കുറിച്ച് മാർക്സ് ഇങ്ങനെ പറയുന്നു: "ആധുനിക സമൂഹത്തിലെ വർഗ്ഗങ്ങളുടെ നിലനിൽപ്പോ, അവ തമ്മിലുള്ള സമരമോ കണ്ടെത്തിയതിന്റെ ഖ്യാതി എനിക്ക് അവകാശപ്പെട്ടതല്ല. എന്നെക്കാൾ വളരെമുമ്പുതന്നെ ബൂർഷ്വാ ചരിത്രകാരന്മാർ വർഗ്ഗ സമരത്തിന്റെ ചരിത്രപരമായ വികാസം വിശദമാക്കിയിട്ടുള്ളതും ബൂർഷ്വാ സാമ്പത്തിക വിദഗ്ദ്ധർ അതിന്റെ സാമ്പത്തിക തത്വങ്ങൾ വെളിപ്പെടുത്തിയിട്ടുള്ളതുമാണ്. ഞാൻ പുതിയതായി തെളിയിച്ചത്: 1) വർഗ്ഗങ്ങളുടെ നിലനിൽപ് ഉല്പാദനവികാസത്തിന്റെ പ്രത്യേക ചരിത്രഘട്ടങ്ങളാൽ ബന്ധിതമാണ്, 2) വർഗ്ഗസമരം അനിവാര്യമായും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലേയ്ക്ക് നയിക്കുന്നു. 3) ഈ സർവ്വാധിപത്യവും, എല്ലാ വർഗങ്ങളും ഇല്ലായ്മ ചെയ്യപ്പെടുന്ന ഒരു വർഗ്ഗരഹിത സമൂഹത്തിലേയ്ക്കുള്ള സംക്രമണ ഘട്ടത്തെ കുറിക്കുന്നതാണ്." (ജെ.വെയ്ഡമെയറിന് 1852 മാർച്ച് 5ന് മാർക്സ് എഴുതിയ കത്ത്).

സ്റ്റാലിൻ വ്യക്തമാക്കുന്നു: "മാർക്സിസ്റ്റ് ഭൗതികവാദ തത്വചിന്തപ്രകാരം ഈ ലോകവും അതിന്റെ നിയമങ്ങളും പൂർണമായും മനസ്സിലാക്കാൻ കഴിയുന്നതാണ്. പ്രകൃതിയുടെ നിയമങ്ങളെ സംബന്ധിച്ചുള്ള അറിവ്, അനുഭവവും പ്രയോഗവുംകൊണ്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതും ആധികാരികവുമാണ്. അത് വസ്തുനിഷ്ഠ സത്യത്തിന്റെ പിൻബലമുള്ളതാണ്. അറിയാൻ കഴിയാത്തതായി ലോകത്ത് ഒന്നുംതന്നെയില്ല. ഇന്നും അജ്ഞാതമായിരിക്കുന്നത് ശാസ്ത്രത്തിന്റെയും പ്രയോഗത്തിന്റെയും സഹായത്താൽ നാളെ അറിയാൻ സാധിക്കും. ഭൗതികലോകം അറിയാൻ കഴിയുന്നതും പ്രകൃതിയുടെ വികാസനിയമങ്ങളെ സംബന്ധിച്ച ആ അറിവ് ആധികാരികവും വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിന്റെ പിൻബലമുള്ളതും ആകയാൽ സാമൂഹ്യജീവിതത്തെ, സമൂഹത്തിന്റെ വികാസത്തെസംബന്ധിച്ചും മനസ്സിലാക്കാൻ കഴിയും. അതുകൊണ്ടുതന്നെ, സാമൂഹ്യവികാസ നിയമങ്ങളെ സംബന്ധിച്ച് ശാസ്ത്രം നൽകുന്ന വിവരങ്ങളും ആധികാരികവും വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിന്റെ പിൻബലമുള്ളതും ആയിരിക്കും. അങ്ങനെ വരുമ്പോൾ സാമൂഹ്യജീവിതം, സമൂഹത്തിന്റെ ചരിത്രം യാദൃശ്ചികതകളുടെ സമാഹാരമല്ലാതായിത്തീരുകയും അത് നിയമബദ്ധമായ സാമൂഹ്യവികാസമായി മാറുകയും സമൂഹത്തിന്റെ ചരിത്രത്തെ സംബന്ധിച്ച പഠനം ഒരു ശാസ്ത്രമായിത്തീരുകയും ചെയ്യുന്നു. സാമൂഹ്യജീവിതം സങ്കീർണ്ണതകളുള്ളതെങ്കിലും സമൂഹത്തിന്റെ ചരിത്രമെന്ന ശാസ്ത്രം ജീവശാസ്ത്രത്തെയൊക്കെപ്പോലെതന്നെ കൃത്യതയാർന്ന ഒരു ശാസ്ത്രവും സാമൂഹ്യവികാസത്തിന്റെ നിയമങ്ങൾ പ്രായോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതുമാണ്." (വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം, ലെനിനിസത്തിന്റെ പ്രശ്നങ്ങൾ, പേജ് 847-857). മനുഷ്യസമൂഹത്തിന്റെ ഭൗതികജീവിത വികാസത്തെ അടിസ്ഥാനമാക്കിയാണ് സാമൂഹ്യാശയങ്ങളും സിദ്ധാന്തങ്ങളും രാഷ്ട്രീയ സ്ഥാപനങ്ങളുമൊക്കെ ഉദയം ചെയ്യുന്നത്. അതുകൊണ്ടുതന്നെ ചരിത്രത്തിലെ വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്തമായ സാമൂഹ്യാശയങ്ങളും സിദ്ധാന്തങ്ങളും കാഴ്ചപ്പാടുകളും രാഷ്ട്രീയ സ്ഥാപനങ്ങളുമൊക്കെ ഉയർന്നുവരികയും അധികാരം പ്രയോഗിക്കുകയും ചെയ്യുന്നു. നിലവിലുള്ള ആശയങ്ങളും സിദ്ധാന്തങ്ങളും കാഴ്ചപ്പാടുകളും സ്ഥാപനങ്ങളുമൊക്കെ അപര്യാപ്തമാകുകയും അവയെ മാറ്റുന്നതിനായി സമൂ

(ശേഷം 13-ാം പേജിൽ)

# ശരിയായ നേതൃത്വം കർഷകസമരത്തിന്റെ വിജയത്തിന് അനിവാര്യം

(11-ാം പേജിൽ നിന്ന്)

തൊഴിലില്ലായ്മ, തൊഴിൽനഷ്ടം, രൂക്ഷമായ വിലക്കയറ്റം, കടുത്ത ദാരിദ്ര്യം, പട്ടിണി, സർവ്വവ്യാപിയായ അഴിമതി, ജീർണ്ണിച്ച സംസ്കാരം, മനുഷ്യത്വമില്ലായ്മ, അരക്ഷിതത്വം തുടങ്ങിയവയൊക്കെയാണ് പ്രതിസന്ധിഗ്രസ്തവും മരണാസന്നവുമായ മുതലാളിത്ത വ്യവസ്ഥ സമ്മാനിക്കുന്നത്. അദ്ധ്വാനിച്ച് ജീവിക്കുന്ന മറ്റു ജനവിഭാഗങ്ങളെപ്പോലെതന്നെ കർഷകരും മുതലാളിത്തവ്യവസ്ഥയുടെ ചൂഷണത്തിനും മർദ്ദനത്തിനും ഇരയായിക്കൊണ്ടിരിക്കുകയാണ്. ഒരുപിടി മുതലാളിമാരുടെ കൊള്ളമുതൽ പെരുക്കുന്ന ഈ വ്യവസ്ഥ സാധാരണ ജനങ്ങളുടെയാകെ ദുരിതങ്ങൾ പെരുക്കിക്കൊണ്ടിരിക്കുന്നു.

ഈ വ്യവസ്ഥ തന്നെയാണ് കർഷകരെ കടബാദ്ധ്യതക്കാരാക്കുന്നതും, വിപ്ലവത്തിലൂടെ ഈ വ്യവസ്ഥയെ തൂത്തെറിയുന്നതുവരെ കർഷകർക്ക് ഒരാശ്വാസവും ലഭിക്കില്ല. അത് നേടിയെടുക്കുന്നതുവരെ കടം എഴുതിത്തള്ളണമെന്ന കർഷകരുടെ ആവശ്യവും അതിനുവേണ്ടിയുള്ള സമരങ്ങളും തികച്ചും ന്യായമാണ്. ചൂഷിത ജനത എന്തിനാണ് മുതലാളിത്തവ്യവസ്ഥയുടെ പ്രതിസന്ധിയുടെ ഭാരം പേറുന്നത്? അതുകൊണ്ടുതന്നെ ഭരണ മുതലാളിവർഗ്ഗവും അവർക്ക് വിടുപണി ചെയ്യുന്ന ഗവണ്മെന്റുകളും കൈക്കൊള്ളുന്ന വിനാശകരമായ നടപടികൾക്കെതിരായ കർഷകരുടെ പ്രക്ഷോഭങ്ങൾ തീർത്തും ന്യായമാണ്.

**കർഷകരുടെ കടമ**

കടം എഴുതിത്തള്ളണമെന്നും താങ്ങുവില പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർത്തിയ പ്രതിഷേധം, ശക്തവും സംഘടിതവുമായ ഒരു കർഷക പ്രക്ഷോഭം വളർത്തിയെടുക്കാൻ ഉതകുന്ന ഒരു പുതിയ സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. നിരാശയുടെയും വിധിവാദത്തിന്റെയുമൊക്കെ ബന്ധനങ്ങളിൽനിന്നും പുറത്തുകടക്കാൻ അവരെ സഹായിക്കുകയും ആത്മഹത്യപോലുള്ള അതിരുകടന്ന നടപടികൾ സ്വീകരിക്കുന്നതിൽനിന്ന് പിന്തിരിപ്പിക്കുകയും ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി പോരാട്ടത്തിന്റെ പാത സ്വീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പുരോഗമന കർഷക സംഘടനകളെല്ലാം ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഒന്നിച്ചുനിൽക്കുകയും സമരം ശക്തിപ്പെടുത്തുകയും ഇനിയൊരു കർഷകനും കടബാദ്ധ്യതയുടെ പേരിൽ ആത്മഹത്യ ചെയ്യില്ലെന്ന് ഉറപ്പാക്കുകയും വേണം. ഇനിയും ലഭിക്കാത്ത കാര്യങ്ങൾ മാത്രം ഉന്നയിച്ചാൽ പോര, അനുവദിച്ചുകിട്ടിയ കാര്യങ്ങൾ പര്യാപ്തമായ അളവിൽ, സമയബന്ധിതമായി നടപ്പിലാക്കുന്നു എന്നുറപ്പാക്കുകയും വേണം. കർഷകസമരത്തോട് അനുഭാവം പുലർത്തുന്ന ഹൃദയാലുക്കളായ ഏതൊരാളും അവരവർക്ക് കഴിയുംവിധം ഈ പ്രക്ഷോഭത്തെ ശക്തിപ്പെടുത്താൻ ശ്രമിക്കണം. സമരത്തിനു നേരെയുണ്ടാകുന്ന ഏതൊരാക്രമണത്തെയും നേരിടാനുള്ള ധൈര്യവും ആത്മവിശ്വാസവും സമരംചെയ്യുന്ന കർഷകർ നേടിയെടുക്കേണ്ടതുണ്ട്. ഏതൊരു പ്രതികൂല സാഹചര്യത്തിലും താൽക്കാലികമായ തിരിച്ചടികളിലും പതറാതെ, ദീർഘവും അചഞ്ചലവുമായ സമരത്തിനുള്ള മാനസികാവസ്ഥയും വികസിപ്പിച്ചെടുക്കണം. സമരം ശരിയായ പാതയിലൂടെയാണ് മുന്നേറുന്നതെന്നുറപ്പാക്കണമെങ്കിൽ സമരത്തിന്റെ നേതൃത്വം ബൂർഷ്വാ-പെറ്റിബൂർഷ്വാ പാർട്ടികളുടെ കൈകളിലെത്താതെ നോക്കേണ്ട ഉത്തരവാദിത്വവും കർഷകർക്കുണ്ട്. നേതൃത്വം വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇടുങ്ങിയ തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കുവേണ്ടി സന്ധിയിലേർപ്പെടുകയോ സമരത്തെ പിന്നിൽനിന്ന് കുത്തുകയോ ചെയ്യാത്ത, സമരം പാതിവഴിക്ക് ഉപേക്ഷിക്കാത്ത, അധികാരത്തിനോ സമ്പത്തിനോ വേണ്ടിയുള്ള സ്ഥാപിത താൽപര്യങ്ങൾക്കുമുന്നിൽ സ്വയം അടിയറവയ്ക്കാത്ത, യഥാർത്ഥ വിപ്ലവനേതൃത്വത്തെ കണ്ടെത്താനും സമരംചെയ്യുന്ന കർഷകർക്ക് കഴിയണം. കർഷകരുടെ ന്യായമായ ഈ സമരത്തോടൊപ്പം ഉറച്ചുനിൽക്കാനും ഐക്യം ഊട്ടിയുറപ്പിച്ചും രാഷ്ട്രീയ ധാരണയുയർത്തിയും സമരത്തെ ശക്തിപ്പെടുത്താനും ലക്ഷ്യം നേടിയെടുക്കുന്നതുവരെ മുന്നോട്ടുകൊണ്ടുപോകാനും എസ്‌യുസിഐ(സി)യും അതിന്റെ കർഷകസംഘടനയായ എഐകെകെഎംഎസും പ്രതിജ്ഞാബദ്ധമാണ്. ●

# പ്രകൃതിയെപ്പോലെ സമൂഹവും നിയമങ്ങളാൽ നയിക്കപ്പെടുന്നതാണ്

(12-ാം പേജിൽ നിന്ന്)
ഹത്തിൽ ഒരു വ്യഗ്രത രൂപപ്പെടുകയും ഭൗതികജീവിതത്തിന്റെ വികാസം സമൂഹത്തിന്റെ മുമ്പാകെ പുതിയ കർത്തവ്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് പുതിയ സാമൂഹ്യാശയങ്ങളും സിദ്ധാന്തങ്ങളുമൊക്കെ ഉദയംചെയ്യുന്നത്. സ്റ്റാലിൻ പറയുന്നു: "ഒരിക്കൽ ഉദയംചെയ്താൽ അവ അങ്ങേയറ്റം പ്രബലമായ ഒരു ശക്തിയായി മാറുന്നു. സമൂഹത്തിന്റെ ഭൗതിക ജീവിതം മുന്നോട്ടുവയ്ക്കുന്ന കടമകൾ പൂർത്തീകരിക്കാൻ, സാമൂഹ്യപുരോഗതി ഉറപ്പാക്കാൻ കഴിയുന്ന ഒരു ശക്തിയായി മാറുന്നു. ഇവിടെയാണ് പുതിയ ആശയങ്ങളുടെയും സിദ്ധാന്തങ്ങളുടെയും രാഷ്ട്രീയ കാഴ്ചപ്പാടുകളുടെയും രാഷ്ട്രീയ സ്ഥാപനങ്ങളുടെയും വമ്പിച്ച സംഘാടനശേഷിയും പരിവർത്തന മൂല്യവും പ്രകടമാകുന്നത്. പുതിയ സമൂഹ്യാശയങ്ങളും സിദ്ധാന്തങ്ങളും ഉദയംചെയ്യുന്നത് അത് സമൂഹത്തിന് ആവശ്യകതയാണ് എന്നതുകൊണ്ടാണ്, അവയുടെ സംഘാടനപരവും പരിവർത്തന സ്വഭാവത്തിലുള്ളതുമായ പ്രവർത്തനമില്ലാതെ സമൂഹത്തിന്റെ ഭൗതിക ജീവിതപുരോഗതിയുടെ മുന്നിലുള്ള കർത്തവ്യങ്ങൾ നിറവേറ്റാനാവില്ല എന്നതുകൊണ്ടാണ്. ഈ കർത്തവ്യങ്ങൾ ഏറ്റെടുക്കുന്ന പുതിയ ആശയങ്ങളും സിദ്ധാന്തങ്ങളും സ്വയം വഴിതെളിച്ച് ശക്തമായി മുന്നോട്ടുവരികയും സമൂഹത്തിന്റെ ഭൗതിക ജീവിതവികാസത്തിന് ഹാനികരമായിരിക്കുന്ന മരണാസന്നമായ ശക്തികളുടെ നിഷ്കാസനം ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് സാദ്ധ്യമാക്കുകയും ചെയ്യുന്നു," (മേൽപ്പറഞ്ഞ കൃതി, പേജ് 852).

ഇതാണ് സാമൂഹ്യവികാസത്തിന്റെ ചരിത്രം. ചിന്താശേഷിയുള്ള ഏതൊരാളും ഈ സത്യം മനസ്സിലാക്കുകയും സമൂഹത്തിന്റെയും അതിന്റെ ഭൗതിക ജീവിതോപാധികളായ ആശയങ്ങൾ, സിദ്ധാന്തങ്ങൾ, രാഷ്ട്രീയ കാഴ്ചപ്പാടുകൾ, രാഷ്ട്രീയ സ്ഥാപനങ്ങൾ എന്നിവയുടെയും മാറ്റത്തിനായി പ്രവർത്തിക്കുകയും വേണം. ബോധമുള്ള, സാമൂഹ്യജീവിയായ മനുഷ്യർ സമൂഹത്തിന്റെ ഭൗതിക ജീവിതത്തോട് പ്രതികരിക്കുകയും സമൂഹത്തിന്റെയും അതിലെ മനുഷ്യരുടെയും കൂടുതൽ അഭിവൃദ്ധിക്ക് ഉതകുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനായി യത്നിക്കുകയും വേണം. അതുകൊണ്ടാണ് മാർക്സ് ഇങ്ങനെ പറഞ്ഞത്: "മനുഷ്യരുടെ ബോധമല്ല അവരുടെ അസ്തിത്വത്തെ നിർണയിക്കുന്നത്, നേരെമറിച്ച് സാമൂഹ്യ അസ്തിത്വമാണ് അവരുടെ ബോധത്തെ നിർണയിക്കുന്നത്." (തെരഞ്ഞെടുത്ത കൃതികൾ, വാല്യം-1, പേജ്-406)

മാർക്സ് തുടർന്ന് വിശദീകരിക്കുന്നു: "ഒരു സാമൂഹ്യവ്യവസ്ഥയിൽ നിലവിലുള്ള ഉല്പാദനശക്തികൾ പൂർണ വികാസം കൈവരിക്കുന്നതുവരെ ആ സാമൂഹ്യവ്യവസ്ഥ നാശമടയുകയില്ല. അതുപോലെതന്നെ, പുതിയതും മെച്ചപ്പെട്ടതുമായ ഉല്പാദനബന്ധത്തിന്റെ നിലനിൽപ്പിനാവശ്യമായ ഭൗതിക സാഹചര്യം പഴയ സമൂഹത്തിന്റെ ഗർഭപാത്രത്തിൽ പക്വമായിത്തീരാതെ പഴയ ഉല്പാദനബന്ധത്തെ മാറ്റിത്തീർക്കാനുമാവില്ല. മനുഷ്യരാശി അതിന് നിറവേറ്റാൻ കഴിയുന്ന കടമകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂ. ആ കടമകൾ നിറവേറ്റാൻ ആവശ്യമായ ഭൗതിക സാഹചര്യം നിലവിൽ വരികയോ നിലവിൽ വരുന്ന പ്രക്രിയ ആരംഭിക്കുകയോ ചെയ്യുമ്പോൾ മാത്രമേ ആ കടമകളും ഉയർന്നുവരികയുള്ളു എന്നകാര്യം സൂക്ഷ്മമായി നിരീക്ഷിച്ചാൽ വ്യക്തമാകുന്നതാണ്.... പ്രതിയോഗിത സ്വഭാവത്തിലുള്ള ഒടുവിലത്തെ സാമൂഹിക ഉല്പാദന പ്രക്രിയയാണ് മുതലാളിത്ത ഉല്പാദന ബന്ധങ്ങൾ. ഈ ശത്രുത വ്യക്തിഗതമല്ല, വ്യക്തികൾ നിലനിൽക്കുന്ന സാമൂഹ്യ സാഹചര്യത്തിൽനിന്ന് ഉയിർകൊള്ളുന്നതാണ് ആ ശത്രുത. എന്നാൽ, ബൂർഷ്വാ സമൂഹത്തിന്റെ ഗർഭപാത്രത്തിൽ വികാസം പ്രാപിക്കുന്ന ഉല്പാദന ശക്തികൾ അവയുടെ വികാസത്തോടൊപ്പം അതിന്റെ മാറ്റത്തിനാവശ്യമായ ഭൗതിക സാഹചര്യവും സൃഷ്ടിക്കുന്നുണ്ട്." (അർത്ഥശാസ്ത്ര നിരൂപണത്തിന് ഒരു ആമുഖം, പേജ് 4)

പ്രകൃതിയെപ്പോലെതന്നെ സമൂഹവും ചരിത്രവും, വൈരുദ്ധ്യാത്മക നിയമങ്ങളാൽ നയിക്കപ്പെടുന്നതാണെന്ന് മാർക്സ് ഇപ്രകാരം കാണിച്ചുതരുന്നു. സമൂഹത്തിന്റെ ചലനത്തെ ഭരിക്കുന്ന നിയമങ്ങൾ ബാഹ്യലോകത്തെ ഭരിക്കുന്ന നിയമങ്ങളുടെ അതേഘടനയിലുള്ളതാണെന്ന് മാർക്സിസത്തിന്റെ ഈ ശാസ്ത്രീയ സമീപനം വെളിവാക്കിത്തരുന്നു. ശാസ്ത്രീയമായ ഏതൊരറിവും ബാഹ്യലോകത്തെ മാറ്റിത്തീർക്കാൻ ഉപയോഗിക്കാമെന്നപോലെതന്നെ, സമൂഹത്തെ ശാസ്ത്രീയമായി പഠിച്ചുകൊണ്ട് ആർജ്ജിച്ചെടുക്കുന്ന ഈ അറിവ് സമൂഹത്തിന്റെ മാറ്റത്തിനായി ഉപയോഗപ്പെടുത്താനും കഴിയും. ലെനിൻ പറയുന്നു: "മാർക്സിസ്റ്റ് സിദ്ധാന്തം സർവ്വശക്തമാണ്, എന്തുകൊണ്ടെന്നാൽ അത് സത്യമാണ്. അത് സമഗ്രവും ഹൃദ്യവുമാണ്. അന്ധതയോടും പ്രതിലോമത്വത്തോടും ബൂർഷ്വാ അടിച്ചമർത്തലിനോടും ഒരുതരത്തിലും സന്ധിചെയ്യാത്ത, സമഗ്രമായ ഒരു ലോകവീക്ഷണം അത് മനുഷ്യന് പ്രദാനം ചെയ്യുന്നു. നാഗരികവികാസത്തിന്റെ വിശാലവീഥിയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്ന, സങ്കുചിതവും കാർക്കശ്യം നിറഞ്ഞതുമായ "വിഭാഗീയത" കൾക്ക് മാർക്സിസത്തിൽ സ്ഥാനമില്ല. മാനവരാശി ഉയർത്തിയ എല്ലാ ചോദ്യങ്ങൾക്കും ഉത്തരംനൽകാൻ കഴിഞ്ഞു എന്നതാണ് മാർക്സിന്റെ ധിഷണയുടെ മഹത്വം. തത്വചിന്തയുടെയും അർത്ഥശാസ്ത്രത്തിന്റെയും സോഷ്യലിസത്തിന്റെയും മേഖലയിലെ മഹാന്മാക്കളുടെ സംഭാവനകൾ ഉൾക്കൊണ്ടുകൊണ്ട് മഹത്വമാർന്ന ആ ചരിത്ര പ്രക്രിയയുടെ തുടർച്ച ഉറപ്പാക്കിയാണ് അദ്ദേഹത്തിന്റെ ദർശനം ഉദയംചെയ്തത്." (മാർക്സ്-ഏംഗൽസ് സമാഹൃത കൃതികൾ, വാല്യം 19, പേജ് 21-28).

## മാർക്സിസ്റ്റ് രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയുടെ രൂപീകരണം

അന്ന് മുതലാളിത്ത രാജ്യങ്ങളിൽ ഏറ്റവും വികസിതമായിരുന്ന ഇംഗ്ലണ്ടിലാണ്, മാർക്സിനുമുന്നേ തന്നെ ക്ലാസിക്കൽ രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥ ഉരുത്തിരിയുന്നത്. ആദംസ്മിത്തും ഡേവിഡ് റിക്കാർഡോയും, സാമ്പത്തിക വ്യവസ്ഥയെ സംബന്ധിച്ച തങ്ങളുടെ അന്വേഷണങ്ങളിലൂടെ 'അദ്ധ്വാന മൂല്യത്തെപ്പറ്റിയുള്ള സിദ്ധാന്ത'ത്തിന്റെ അടിത്തറയുണ്ടാക്കി. മാർക്സ് അവരുടെ ജോലി തുടർന്നു. അതിലൂടെ അദ്ദേഹം സിദ്ധാന്തത്തെ വികസിപ്പിക്കുക മാത്രമല്ല, അതിന് ശക്തമായ, വസ്തുനിഷ്ഠമായ അടിത്തറയും നൽകി. ഏതൊരു ഉൽപ്പന്നത്തിന്റെയും മൂല്യം കണക്കാക്കപ്പെടുന്നത് അതിന്റെ ഉൽപ്പാദനത്തിൽ മുടക്കിയ, സാമൂഹികമായ ആവശ്യത്തിനുവേണ്ട അദ്ധ്വാനസമയത്തിന്റെ അളവിനെ അടിസ്ഥാനമാക്കിയാകും എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയെന്നതുകൊണ്ട്, ഇപ്പോൾ അതിനെക്കുറിച്ചുള്ള മാർക്സിറ്റ് വീക്ഷണം മാത്രമാണ് നമ്മൾ മനസ്സിലാക്കുന്നത്. സാമൂഹിക ഉൽപ്പാദനത്തിന്റെ വികാസത്തിന്റെ ശാസ്ത്രമായ രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ മാർക്സ് ഏംഗൽസുമൊത്ത് വികസിപ്പിച്ചു. -അതായത് മനുഷ്യർക്കിടയിലെ സാമ്പത്തിക ബന്ധങ്ങൾ, മനുഷ്യസമൂഹത്തിലെ ഭൗതിക സ്വത്തിന്റെ വികാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ, അതിന്റെ ഉൽപ്പാദനത്തേയും വിതരണത്തേയും നിയന്ത്രിക്കുന്ന നിയമങ്ങളെക്കുറിച്ച് അത് വിശദീകരിക്കുന്നു. സമൂഹത്തിന്റെ സാമ്പത്തിക ഘടനയെക്കുറിച്ചുള്ള പഠനത്തിൽ വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദത്തിന്റെ അടിസ്ഥാനതത്വങ്ങൾ പ്രയോഗിച്ചുകൊണ്ടും, ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും പരിണാമത്തിന്റെ ഓരോ ഘട്ടങ്ങളുടേയും പ്രത്യേക നിയമങ്ങൾ അന്വേഷിച്ചുകൊണ്ടും, അതുവഴി, ഉൽപ്പാദനത്തിനും വിതരണത്തിനും മൊത്തത്തിൽ ബാധകമായ പൊതുനിയമങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതിലൂടെയാണ് മാർക്സിസ്റ്റ് രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രം സൃഷ്ടിച്ചിരിക്കുന്നത്. അങ്ങനെ ഓരോ സാമൂഹിക സമ്പദ്ഘടനയുടേയും അടിസ്ഥാന ലക്ഷണങ്ങളും അത് നൽകുന്നു. സാമ്പത്തിക വികാസത്തിന്റെ തുടർകാലയളവുകളുടെ വിശദീകരണത്തിലൂടെ വേണം രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയെ വ്യാഖ്യാനിക്കാനെന്ന് തുടർന്ന് ലെനിൻ ചൂണ്ടിക്കാട്ടി.

## രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രത്തിന്റെ സാരം

മാർക്സിസ്റ്റ് രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രമനുസരിച്ച്, മനുഷ്യന് ജീവിക്കാനായി ആഹാരവും വസ്ത്രവുമടക്കമുള്ള ജീവിതത്തിന്റെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതുണ്ട്. ഇത് സാധിക്കുവാനായി മനുഷ്യനത് ഉൽപ്പാദിപ്പിക്കേണ്ടതുമുണ്ട്. ജീവിതത്തിന്റെ ഭൗതികാവശ്യങ്ങൾ ഉൽപ്പാദിപ്പിക്കുവാനായി മനുഷ്യർ പ്രകൃതിയോട് പൊരുതേണ്ടിയിരിക്കുന്നു. അത് ഒറ്റയ്ക്കൊറ്റയ്ക്കല്ല. ഒരുമിച്ച് സമൂഹമായിട്ടാണ്. തദ്ഫലമായി ഉൽപ്പാദനമെന്നത്, എപ്പോഴും ഏതു സാഹചര്യത്തിലും സാമൂഹിക ഉൽപ്പാദനമാണ്. അപ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത്, മനുഷ്യന് നിലനിൽക്കണമെങ്കിൽ ഉൽപ്പാദനം ആവശ്യമാണ്, ആ ഉൽപ്പാദനം എപ്പോഴും സാമൂഹികമാണ്.

രണ്ടാമതായി, രണ്ടുതരത്തിലുള്ള ഉൽപ്പാദനമുണ്ട്- ദ്രവ്യത്തിന്റെയും അതുപോലെ ആത്മീയം അഥവാ മാനസികമായ ഉൽപ്പാദനം. ഭൗതികസ്വത്ത് നിർമ്മിക്കുവാനുള്ള പ്രക്രിയക്കിടയിൽ, മനുഷ്യന്റെ തലച്ചോർ ഭൗതികലോകവുമായി പ്രതിപ്രവർത്തിക്കുകയും അതുവഴി ആത്മീയം അഥവാ മാനസികമായ ഉൽപ്പാദനം എന്നു ഗണിക്കാവുന്ന ചിന്തകളും ആശയങ്ങളും ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. മാർക്സ് വിശദീകരിക്കുന്നതുപോലെ "മനുഷ്യർ നടത്തുന്ന സാമൂഹിക ഉൽപ്പാദനത്തിൽ, തങ്ങളുടെ ഇച്ഛകൾക്ക് അതീതമായി, എന്നാൽ ഒഴിവാക്കാനാകാത്ത വ്യക്തമായ ബന്ധങ്ങളിലേയ്ക്ക് അവർ കടക്കുന്നു. ഈ ഉൽപ്പാദന ബന്ധങ്ങൾ, അവരുടെ ഉൽപ്പാദനത്തിന്റെ ഭൗതികശക്തികളുടെ വികാസത്തിന്റെ ഒരു നിശ്ചിതഘട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ഉൽപ്പാദനബന്ധങ്ങളുടെ ആകെത്തുകയാണ് സമൂഹത്തിന്റെ സാമ്പത്തിക ഘടനയെ നിർമ്മിക്കുന്നത്. അതിന്മേലാണ് നിയമപരവും രാഷ്ട്രീയവുമായ ഉപരിഘടനയും അതിനോടു യോജിക്കുന്ന സാമൂഹിക ബോധത്തിന്റെ വ്യക്തമായ രൂപങ്ങളും ഉയരുന്നതും. ഭൗതികജീവിതത്തിന്റെ ഉൽപ്പാദനരീതിതന്നെയാണ് ജീവിതത്തിന്റെ സാമൂഹിക, രാഷ്ട്രീയ, ആത്മീയ പ്രക്രിയകളുടെ പൊതുസ്വഭാവത്തെ നിശ്ചയിക്കുന്നത്.

(ശേഷം 14-ാം പേജിൽ)

# ഐഎൻപിഎ വയനാട് ജില്ലാ കൺവൻഷൻ


ജില്ലാ കൺവൻഷൻ സദസ്സ്



ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു

**വി**ദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും വയനാട് ജില്ലാ കൺവൻഷൻ ഐഎൻപിഎയുടെ ആഭിമുഖ്യത്തിൽ ജൂലൈ 12ന് സുൽത്താൻ ബത്തേരി സുൽത്താൻ പ്ലൈസ്ഹാളിൽ നടന്നു. വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുക, വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ പോരായ്മകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ടായിരുന്നു കൺവൻഷൻ. സംസ്ഥാന സെക്രട്ടറി എസ്. മിനി കൺവൻഷൻ ഉദ്ഘാടനം ചെയ്തു.ഐഎൻപിഎ നടത്തിയ നിരന്തര സമരത്തെ തുടർന്ന് സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചുള്ള വായ്പാ തിരിച്ചടവ് പദ്ധതി പോരായ്മകളും അവ്യക്തതകളും കൊണ്ട് വായ്പ എടുത്തവർക്ക് പ്രയോജനപ്പെടാതെ പോകുമെന്ന ആശങ്കയുണ്ടെന്ന് അവർ പറഞ്ഞു. വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. കെ.സി.ജോയി, എ.സി.തോമസ്, ബി.ഇമാമുദ്ദീൻ, ദേവസ്യ പുറ്റനാൽ, സനോജ് കാര്യമ്പാടി, വിജയൻ പടിഞ്ഞാറത്തറ തുടങ്ങിയവർ സംസാരിച്ചു. ടി.വിശ്വനാഥൻ പ്രസിഡണ്ടും പി.കെ.ഭഗത്ത് സെക്രട്ടറിയുമായി 31 അംഗ ജില്ലാക്കമ്മറ്റിയെ കൺവൻഷൻ തെരഞ്ഞെടുത്തു. ആഗസ്റ്റ് 22 ന് വയനാട് ജില്ലാ കളക്ട്രേറ്റ് മാർച്ച് നടത്താനും കൺവൻഷൻ തീരുമാനിച്ചു. ●

# സമൂഹത്തെ മാറ്റിത്തീർക്കാൻ ശാസ്ത്രീയധാരണ അനിവാര്യം

*(13-ാം പേജിൽ നിന്ന്)*

(സാമ്പത്തിക ശാസ്ത്രത്തിന്റെ വിമർശനത്തിന് ഒരു സംഭാവന, പേജ് 269).

എന്നാൽ ഒരു ഉൽപ്പന്നമോ ഭൗതിക സ്വത്തോ നിർമ്മിക്കുന്നതിനുള്ള പ്രക്രിയയെന്താണ്? മാർക്സ് കാട്ടിത്തരുന്നതുപോലെ, തങ്ങളുടെ സ്വന്തം ആവശ്യകതകൾ നിറവേറ്റുന്നതിനായി പ്രകൃതിയിലെ വസ്തുക്കളെ മാറ്റിമറിച്ചും അനുരൂപമാക്കിയും മാറ്റുന്ന പ്രക്രിയ ഉൾക്കൊള്ളുന്ന നിശ്ചിത ലക്ഷ്യത്തോടെയുള്ള മനുഷ്യന്റെ പ്രവൃത്തിയാണ് അദ്ധ്വാനം. അതുകൊണ്ട്, മനുഷ്യന്റെ നിലനിൽപ്പിനായുള്ള ഒഴിച്ചുകൂടാനാകാത്ത സാഹചര്യവും സ്വാഭാവികമായ ആവശ്യവുമാണ് അദ്ധ്വാനം. മാർക്സ് തുടർന്ന് വിശദീകരിക്കുന്നു: ഈ പ്രക്രിയ മൂന്നുഘടകങ്ങളെ മുൻകൂട്ടി സങ്കൽപ്പിക്കുന്നു.

1). മനുഷ്യന്റെ അദ്ധ്വാനം. 2) അദ്ധ്വാനത്തിന്റെ പ്രതിപാദ്യം. 3). അദ്ധ്വാനത്തിന്റെ ഉപാധി "ഉൽപ്പാദനപ്രവർത്തനം", മാർക്സ് പറയുന്നു, "അതിന്റെ സവിശേഷരൂപം നമ്മൾ കണ്മുന്നിൽനിന്ന് മാറ്റിയാൽ, അതായത് അദ്ധ്വാനത്തിന്റെ ഗുണപരമായ സ്വഭാവം എന്നത് മനുഷ്യന്റെ അദ്ധ്വാനശക്തിയുടെ ചെലവിടൽ അല്ലാതെ മറ്റൊന്നുമല്ല. തയ്യലും നെയ്ത്തും ഗുണപരമായി വ്യത്യസ്തമായ ഉൽപ്പാദനപ്രവർത്തനങ്ങളാണെങ്കിലും, അവ ഓരോന്നും മനുഷ്യന്റെ തലച്ചോറിന്റെയും നാഡീഞരമ്പുകളുടെയും പേശികളുടെയും ഉൽപ്പാദനപരമായ വിനിയോഗവും ആ അർത്ഥത്തിൽ മനുഷ്യാദ്ധ്വാനവുമാണ്." (മൂലധനം, ഒന്നാം വോള്യം പേജ് 44). ഈ വശം കൂടുതൽ വ്യക്തമാക്കുന്നതിനായി ഒരു ഉൽപ്പന്നത്തിന് രണ്ടു മൂല്യങ്ങളുണ്ടെന്ന് അദ്ദേഹം കാട്ടിത്തന്നു. ഒന്ന് അതിന്റെ "ഉപയോഗമൂല്യവും" മറ്റൊന്ന് അതിന്റെ "കൈമാറ്റമൂല്യവും".

'മൂലധനം-രാഷ്ട്രീയ സമ്പദ്വ്യവസ്ഥയ്ക്കൊരു വിമർശനം' എന്ന തന്റെ ഏറ്റവും പ്രധാനകൃതിയിൽ ഉപയോഗമൂല്യവും കൈമാറ്റമൂല്യവും തമ്മിലുള്ള ഈ വ്യത്യാസത്തെ മാർക്സ് അടിവരയിട്ടു കാണിച്ചുതരുന്നുണ്ട്. അദ്ദേഹം ചൂണ്ടിക്കാട്ടുന്നു, ഉപയോഗമൂല്യം എന്നത് ഒരു വസ്തുവിന്റെ ഭൗതിക ഗുണവിശേഷങ്ങളുമായി അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇതുതന്നെയാണ് ആ വസ്തുവിനെ യഥാർത്ഥത്തിൽ ഉപയുക്തമാക്കാവുന്ന ദ്രവ്യ ഉപയോഗങ്ങൾ, അത് നിറവേറ്റുന്ന മാനുഷികാവശ്യങ്ങൾ എന്നിവയെ നിശ്ചയിക്കുന്നത്. എന്നാൽ കമ്പോളത്തിൽ ചരക്കുകളുടെ കൈമാറ്റത്തിലേയ്ക്കു വരുമ്പോൾ പക്ഷേ കൈമാറ്റമൂല്യം പ്രസക്തമാകുന്നു. പൊതുകമ്പോളത്തിൽ രണ്ട് ഉൽപ്പന്നങ്ങളെ കൈമാറാം. കാരണം സാർവ്വത്രിക തുല്യവസ്തുവായി പ്രവർത്തിക്കുന്ന മൂന്നാമതൊരു സംഗതിയുമായി അവയെ എപ്പോഴും തുലനം ചെയ്യുന്നു- ഈ പ്രവർത്തനം സാധാരണ പണമാണ് ചെയ്യാറുള്ളത്. മാർക്സ് വിശദീകരിക്കുന്നതുപോലെ ഒരു ഉൽപ്പന്നത്തിന്റെ കൈമാറ്റ മൂല്യം അതിന്റെ വിലയ്ക്ക് സമമല്ല, മറിച്ച്, അത് കച്ചവടം ചെയ്താൽ മറ്റുൽപ്പന്നങ്ങളുടെ എത്രയൊക്കെ അതിന് കൈമാറ്റം ചെയ്യപ്പെടാനാകും എന്നതിനേയാണത് കുറിക്കുന്നത്. അതുകൊണ്ടുതന്നെ കൈമാറ്റമൂല്യത്തെ ഉപയോഗമൂല്യവുമായി എപ്പോഴും വേർതിരിച്ചുകാണണമെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. കാരണം, "വസ്തുക്കളുടെ ഉപയോഗമൂല്യങ്ങളുടെ സംഗ്രഹമാണ് കൈമാറ്റ ബന്ധം നിർണ്ണയിക്കുന്നത്". മറ്റു വാക്കുകളിൽപറഞ്ഞാൽ ഉപയോഗമൂല്യമാണ് ഒരു സ്വത്തിന്റെ ഭൗതിക സത്തയെ നിർണ്ണയിക്കുന്നത്, അതിന്റെ സാമൂഹികരൂപം എന്തുതന്നെയായാലും ഒരു ചരക്കു സമ്പദ്വ്യവസ്ഥയിൽ, ഉപയോഗമൂല്യമെന്നത് ഉൽപ്പന്നത്തിന്റെ കൈമാറ്റ മൂല്യത്തിന്റെ നിക്ഷേപമാണ്. ചെലവാക്കപ്പെട്ട മനുഷ്യദ്ധ്വാനശക്തിയാണ് ഈ മൂല്യങ്ങൾ സൃഷ്ടിക്കുന്നത്. മാർക്സ് വ്യക്തമാക്കുന്നു "ഉൽപ്പന്നങ്ങളുടെ ഉപയോഗമൂല്യത്തെ നമ്മൾ പരിഗണിക്കുന്നില്ലെങ്കിൽ, അവയ്ക്ക് ഒരു പൊതു സ്വഭാവവിശേഷമേ അവശേഷിക്കുകയുള്ളൂ, അദ്ധ്വാനത്തിന്റെ ഫലമാണ് അവയെന്നത്... ഇതെല്ലാം ഇപ്പോൾ നമ്മളോടു പറയുന്നത്, മനുഷ്യ അദ്ധ്വാനശക്തിയാണ് അവയുടെ ഉൽപ്പാദനത്തിൽ ചെലവാക്കപ്പെട്ടിരിക്കുന്നത്, അതായത് മനുഷ്യന്റെ അദ്ധ്വാനം അവയിൽ ഉൾച്ചേർന്നിരിക്കുന്നു. ഈ സാമൂഹിക ദ്രവ്യത്തിന്റെ പരലുകളായി അവയെ കാണുമ്പോൾ, അവയെല്ലാം മൂല്യങ്ങളാണെന്നതാണ് പൊതുവായി ഉള്ളത്" (മൂലധനം ഒന്നാം വോള്യം). മാർക്സ് വീണ്ടും വിശദീകരിക്കുന്നത്, ഒരു വസ്തുവിൽ അദ്ധ്വാനത്തിന്റെ രണ്ടുവശങ്ങൾ ഉൾച്ചേർന്നിരിക്കുന്നുവെന്നാണ് – അമൂർത്തവും മൂർത്തവുമായ അദ്ധ്വാനം. അദ്ദേഹത്തിന്റെ വാക്കുകളിൽ, "ഒരു വശത്ത്, എല്ലാ അദ്ധ്വാനവും, ശരീരശാസ്ത്രപരമായി പറഞ്ഞാൽ മനുഷ്യന്റെ അദ്ധ്വാനശക്തിയുടെ വിനിയോഗവും, സമാനമായ അമൂർത്ത മനുഷ്യാദ്ധ്വാനത്തിന്റെ സ്വഭാവത്തിലൂടെ അത് ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും അതിന് മൂല്യം കൽപ്പിക്കുകയും ചെയ്യുന്നു. മറുവശത്ത്, എല്ലാ അദ്ധ്വാനവും, മനുഷ്യന്റെ അദ്ധ്വാനശക്തിയെ സവിശേഷരൂപത്തിലും കൃത്യമായ ലക്ഷ്യത്തോടും കൂടിയുള്ള വിനിയോഗമാണ്, അതിൽ, മൂർത്തമായ ഉപയോഗപ്രദമായ അദ്ധ്വാനത്തിലൂടെ അത് ഉപയോഗമൂല്യങ്ങളെ സൃഷ്ടിക്കുന്നു". അദ്ധ്വാനശക്തിയും ഒരു വ്യക്തിയുടെ യഥാർത്ഥ അദ്ധ്വാനവും തമ്മിലുള്ള ബന്ധം കൈമാറ്റ മൂല്യവും ഉപയോഗമൂല്യവും തമ്മിലുള്ള ബന്ധത്തിന് സമാനമാണ്.

ലളിതമായി പറഞ്ഞാൽ, ഒരു ഉൽപ്പന്നത്തെ നിർമ്മിക്കുന്ന അദ്ധ്വാനം ഇരട്ടസ്വഭാവം ഉൾക്കൊള്ളുന്നതാണ്. അമൂർത്തമായ അദ്ധ്വാനം മനുഷ്യന്റെ അദ്ധ്വാനശക്തിയുടെ പൊതുവിൽ ഉള്ള വിനിയോഗമാണ്. അത് ഉൽപ്പന്നത്തിനു മൂല്യമുണ്ടാക്കുന്നു. 'മൂർത്തമായ അദ്ധ്വാനം' നിശ്ചിതമായ രീതിയിൽ വിനിയോഗിക്കപ്പെടുന്ന അദ്ധ്വാനമാണ്.

> **സാമൂഹ്യവികാസ നിയമങ്ങളെ സംബന്ധിച്ച് ശാസ്ത്രം നൽകുന്ന വിവരങ്ങൾ ആധികാരികവും വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിന്റെ പിൻബലമുള്ളതും ആയിരിക്കും. അങ്ങനെ വരുമ്പോൾ സാമൂഹ്യജീവിതം, സമൂഹത്തിന്റെ ചരിത്രം യാദൃശ്ചികതകളുടെ സമാഹാരമല്ലാതായിത്തീരുകയും അത് നിയമബദ്ധമായ സാമൂഹ്യവികാസമായി മാറുകയും സമൂഹത്തിന്റെ ചരിത്രത്തെ സംബന്ധിച്ച പഠനം ഒരു ശാസ്ത്രമായിത്തീരുകയും ചെയ്യുന്നു. സാമൂഹ്യജീവിതം സങ്കീർണ്ണതകളുള്ളതെങ്കിലും സമൂഹത്തിന്റെ ചരിത്രമെന്ന ശാസ്ത്രം ജീവശാസ്ത്രത്തെയൊക്കെപ്പോലെതന്നെ കൃത്യതയാർന്ന ഒരു ശാസ്ത്രവും സാമൂഹ്യവികാസത്തിന്റെ നിയമങ്ങൾ പ്രായോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതുമാണ്."**

അതാണ് ഒരു ഉൽപ്പന്നത്തിന്റെ ഉപയോഗമൂല്യം സൃഷ്ടിക്കുന്നത്.

മാർക്സ് കൂട്ടിച്ചേർക്കുന്നു, ".....അദ്ധ്വാനത്തിന്റെ എല്ലാ ഉപകരണങ്ങളുടേയും അദ്ധ്വാനവിഷയങ്ങളുടേയും പ്രാഥമിക ഉറവിടമായ പ്രകൃതിയോട് നാളിതുവരെയുള്ള മനുഷ്യന്റെ പെരുമാറ്റം ഒരു ഉടമസ്ഥന്റേയായിരുന്നു; പ്രകൃതി അവനുവേണ്ടിയുള്ളതാണെന്നും, അവന്റെ അദ്ധ്വാനമാണ് എല്ലാ ഉപയോഗമൂല്യങ്ങളുടേയും ഉറവിടം, അതുകൊണ്ടുതന്നെ സ്വത്തിന്റേയും.... അദ്ധ്വാനമാണ് എല്ലാ സ്വത്തിന്റെയും ഉറവിടം എന്നുള്ളതുകൊണ്ടുതന്നെ സമൂഹത്തിൽ ആർക്കും അദ്ധ്വാനത്തിന്റെ ഉൽപ്പന്നമായി അല്ലാതെ സ്വത്തിനെ കണക്കാക്കാൻ കഴിയില്ല. അതുകൊണ്ട്, അവനവൻ പണിയെടുക്കുന്നില്ലയെങ്കിൽ അയാൾ മറ്റുള്ളവരുടെ അദ്ധ്വാനത്തിനുമേൽ ജീവിക്കുകയാണ്. മാത്രമല്ല, മറ്റുള്ളവരുടെ അദ്ധ്വാനം വിനിയോഗിച്ച് ജീവിക്കുന്ന സംസ്ക്കാരം അയാൾ ആർജിക്കുകയും ചെയ്യുന്നു" (ഗോഥാ പരിപാടിയുടെ വിമർശനം). ഇവിടെ, എങ്ങനെയാണ് ചൂഷക ഭരണാധികാരികൾ- മുതലാളിത്ത സംവിധാനത്തിൽ മുതലാളിമാർ-മറ്റുള്ളവരുടെ അദ്ധ്വാനം കവർന്നെടുത്ത് സ്വത്ത് വർദ്ധിപ്പിച്ച് ഇത്തിക്കണ്ണികളായി ജീവിക്കുന്നതെന്നുള്ള ഉൾക്കാഴ്ച മാർക്സ് നൽകി. മുതലാളിത്തത്തിന്റെ പശ്ചാത്തലത്തിൽ അദ്ധ്വാനശക്തിയെക്കുറിച്ചുള്ള ഈ ആശയത്തേ നമുക്ക് പിന്നീട് ചർച്ച ചെയ്യാം.

ഇനി അദ്ധ്വാനത്തിന്റെ വിഷയം. മനുഷ്യന്റെ അദ്ധ്വാനം ലക്ഷ്യംവെയ്ക്കുന്നതെല്ലാം അദ്ധ്വാനത്തിന്റെ വിഷയമാണ്. ചിലപ്പോൾ അത്, തടിപോലെ, പ്രകൃതി നൽകുന്നതാവാം. അല്ലെങ്കിൽ അദ്ധ്വാനത്തിനു വിധേയമാകുന്നതാവാം (നെയ്ത്തുശാലയിലെ പരുത്തിപോലെ). അദ്ധ്വാനത്തിനു വിധേയമാകുന്നതിനെ നമ്മൾ അസംസ്കൃത വസ്തുക്കൾ എന്നു വിളിക്കുന്നു. അവസാനമായി, അദ്ധ്വാനത്തിന്റെ ഉപാധികൾ-അതായത് അദ്ധ്വാനത്തിന്റെ വിഷയത്തിനുമേൽ പ്രയോഗിച്ച്, അതിനെ മാറ്റാൻ സഹായിക്കുന്ന എല്ലാ കാര്യങ്ങളേയും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അദ്ധ്വാനത്തിന്റെ ഉപാധികളിൽ ഏറ്റവും പ്രധാനപങ്ക് വഹിക്കുന്നത്, ആദിമമനുഷ്യന്റെ അവികസിതമായ ശിലാ ആയുധങ്ങളിൽ തുടങ്ങി ഇന്നത്തെ ആധുനിക യന്ത്രങ്ങൾ വരെയുള്ള ഉൽപ്പാദന ഉപകരണങ്ങളാണ്. ഉപകരണങ്ങളുടെ വികാസത്തോടൊപ്പം മനുഷ്യന് ജോലിയെടുക്കുവാനുള്ള ശേഷി, അവന്റെ നൈപുണ്യം, തൊഴിൽശീലങ്ങൾ, ഉൽപ്പാദന പരിചയം എന്നിവയും വികസിക്കുന്നു. ഉൽപ്പാദന ഉപകരണങ്ങളുടെ വികാസത്തിന്റെ തലം, ആ സമൂഹത്തിന് പ്രകൃതിക്കുമേലുള്ള നിയന്ത്രണത്തിന്റെ മാനദണ്ഡം, ഉൽപ്പാദനവികാസത്തിന്റെ മാനദണ്ഡം എന്നിവ നൽകുന്നു. അതായത്, അദ്ധ്വാനത്തിന്റെ വിഷയവും അദ്ധ്വാനത്തിന്റെ ഉപാധിയും ചേർന്നാണ് ഉൽപ്പാദനോപാധികളെ നിർണ്ണയിക്കുന്നത്. പക്ഷേ, അദ്ധ്വാനശക്തി ഇല്ലാതെ ഉൽപ്പാദന ഉപകരണങ്ങൾക്കു മാത്രമായി ഒന്നും തന്നെ ഉൽപ്പാദിപ്പിക്കാനാകില്ല. അദ്ധ്വാനപ്രക്രിയയ്ക്കോ-ഭൗതികസ്വത്ത് ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയ, മനുഷ്യന് അദ്ധ്വാനിക്കാനുള്ള കഴിവ് എന്ന് നിർവ്വചിച്ചിരിക്കുന്ന അദ്ധ്വാനശക്തി മനുഷ്യനിലെ ആത്മീയവും ഭൗതികവുമായ ശക്തികളുടെ ആകെത്തുക, ഭൗതികസ്വത്തുസമ്പാദിക്കാൻ അവനെ സഹായിക്കുന്നത്; – അതു തന്നെയാണ് താക്കോൽ. സാമ്പത്തിക കാലഘട്ടങ്ങളാകട്ടെ, തമ്മിൽ വേർതിരിക്കപ്പെടുന്നത്, എന്ത് ഉൽപ്പാദിപ്പിച്ചു എന്നതുവെച്ചല്ല, മറിച്ച് എങ്ങനെ, എന്ത് ഉൽപ്പാദനോപാധികൾ ഉപയോഗിച്ച് ഭൗതിക സമ്പത്ത് ഉൽപ്പാദിപ്പിച്ചു എന്നതുവെച്ചിട്ടാണ്. ഉൽപ്പാദന ഉപകരണങ്ങളും, അവയെ കണ്ടെത്തി നടപ്പിൽവരുത്തി ഭൗതികമൂല്യങ്ങളുടെ ഉൽപ്പാദനം സാധ്യമാക്കിയ ആളുകളുമാണ് സമൂഹത്തിലെ ഉൽപ്പാദനശക്തികളെ നിർണ്ണയിക്കുന്നത്. മറ്റു രീതിയിൽ പറഞ്ഞാൽ, ഉൽപ്പാദനശക്തികൾ എന്നുപറയുന്നത്, മനുഷ്യ അദ്ധ്വാനശക്തി, ഉൽപ്പാദനോപാധികൾ സംബന്ധിച്ച സാങ്കേതികവിദ്യയിൽ ലഭ്യമായ ജ്ഞാനം (ഉപകരണങ്ങൾ, കെട്ടിടങ്ങൾ, സാങ്കേതികവിദ്യ, ദ്രവ്യവസ്തുക്കൾ, മെച്ചപ്പെടുത്തിയ ഭൂമി) എന്നിവയാണ് ഉൾപ്പെടുന്നത്. മനുഷ്യസമൂഹത്തിന്റെ വികാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ തന്നെയായിരുന്നു അടിസ്ഥാന ഉൽപ്പാദനശക്തി. മനുഷ്യനും ഭൗതികസ്വത്ത് നിർമ്മിക്കുവാൻ ഉപയോഗിക്കുന്ന പ്രകൃതിയിലെ ശക്തികളും വസ്തുക്കളും തമ്മിലുള്ള ബന്ധത്തെയാണ് ഉൽപ്പാദനശക്തികൾ പ്രതിഫലിപ്പിക്കുന്നത്.

### മാർക്സിസ്റ്റ് രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രത്തിൽ ഉൽപ്പാദന ബന്ധത്തിന്റെ വിശദീകരണം

മാർക്സ് മുന്നിലേയ്ക്ക് വച്ച മറ്റൊരു പ്രധാനവശം, സമൂഹത്തിൽ മനുഷ്യർ തമ്മിലുള്ള ബന്ധമെല്ലാം ഉൽപ്പാദനബന്ധങ്ങളാണെന്നതാണ്. മാർക്സ് ചൂണ്ടിക്കാട്ടുന്നതുപോലെ, മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിന് ആവശ്യമായതെല്ലാം സംഘടിപ്പിക്കുന്നതിനെയാണ് ഭൗതികമൂല്യങ്ങളുടെ (ആഹാരം, വസ്ത്രം, ഉൽപ്പാദന ഉപകരണങ്ങൾ തുടങ്ങിയവ) ഉൽപ്പാദന രീതിയായി പറയുന്നത്. ഉൽപ്പാദന ഉപകരണങ്ങളും ഈ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ഭൗതികമൂല്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നവരും ഒന്നുചേർന്നാണ് ഉൽപ്പാദന ശക്തികളാകുന്നത്. ഉൽപ്പാദനത്തിന്റെ ഒരു പ്രധാനവശം ഉൽപ്പാദനപ്രക്രിയയിൽ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളാണ്. ഇതിനെയാണ് ഉൽപ്പാദന ബന്ധങ്ങൾ എന്ന് വിളിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകളിൽ, "ഉൽപ്പാദനത്തിൽ മനുഷ്യർ പ്രകൃതിയോടു മാത്രമല്ല തമ്മിൽത്തമ്മിലും പ്രതിപ്രവർത്തിക്കുന്നുണ്ട്. ഒരു പ്രത്യേക രീതിയിൽ സഹകരിച്ചും പ്രവർത്തനങ്ങൾ പരസ്പരം കൈമാറിയും മാത്രമാണ് അവർ ഉൽപ്പാദിപ്പിക്കുന്നത്. ഉൽപ്പാദിപ്പിക്കുവാനായി, അവർ പരസ്പരം കൃത്യമായ ബന്ധങ്ങൾ ഉണ്ടാക്കുകയും, ഈ സാമൂഹ്യ ബന്ധങ്ങൾക്കുള്ളിൽ നിന്നുകൊണ്ടു മാത്രം പ്രകൃതിക്കുമേൽ തങ്ങളുടെ കർമ്മം ചെയ്യുകയും ഉൽപ്പാദനം നടത്തുകയും ചെയ്യുന്നു".(കൂലി, തൊഴിൽ, മൂലധനം, സമാഹൃതകൃതികൾ അഞ്ചാം വോള്യം, പേജ് 429)

അദ്ദേഹം കൂടുതൽ വിശദീകരിക്കുന്നു, "തങ്ങളുടെ ജീവിതത്തിലെ സാമൂഹിക ഉൽപ്പാദനത്തിൽ, തങ്ങളുടെ ഇച്ഛയിൽ നിന്ന് സ്വതന്ത്രമായതും ഒഴിവാക്കാനാകാത്തതുമായ വ്യക്തമായ ബന്ധങ്ങളിലേയ്ക്ക് മനുഷ്യർ കടക്കുന്നു. ഭൗതിക ഉൽപ്പാദന ശക്തികളുടെ വികാസത്തിന്റെ സവിശേഷഘട്ടവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ് ഈ ഉൽപ്പാദനബന്ധങ്ങൾ(സമാഹൃത കൃതികൾ ഒന്നാം വോള്യം, പേജ് 269). സാമൂഹിക ബന്ധങ്ങൾ ഉൽപ്പാദന ശക്തികളുമായി വളരെ ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. പുതിയ ഉൽപ്പാദന ശക്തികൾ കൈവരിക്കുമ്പോൾ മനുഷ്യൻ ഉൽപ്പാദനരീതി മാറ്റുന്നു. ഉൽപ്പാദന രീതി മാറുമ്പോൾ എല്ലാ സാമൂഹിക ബന്ധങ്ങളും മാറുന്നു. കൈത്തറി നിങ്ങൾക്ക് ജന്മിത്തത്തിന്റെ സമൂഹം തന്നു. ആവിയന്ത്രത്താൽ പ്രവർത്തിക്കുന്ന തറിയാകട്ടെ മൂലധന മുതലാളിത്തത്തിന്റെ സമൂഹവും തരുന്നു." ("തത്വചിന്തയുടെ ദാരിദ്ര്യം" സമാഹൃത കൃതികൾ, അഞ്ചാം വോള്യം, പേജ് 364)

സമൂഹത്തിന്റെ സാമ്പത്തിക ഘടനയെ നിർമ്മിക്കുന്ന ഉൽപ്പാദന ബന്ധങ്ങളുടെ ആകെത്തുകയാണ് യഥാർത്ഥ അടിത്തറ. അതിനുമേലെയാണ് നിയമപരവും രാഷ്ട്രീയവുമായ ഉപരിഘടന ഉയർന്നുവരുന്നത്. സാമൂഹ്യ അവബോധത്തിന്റെ വ്യക്തമായ രൂപങ്ങൾ അതിനോട് ബന്ധപ്പെട്ടും നിൽക്കുന്നു. (രാഷ്ട്രീയ സമ്പദ്വ്യവസ്ഥയുടെ വിമർശനത്തിനുള്ള സംഭാവനകൾക്ക് ഒരു ആമുഖം, സമാഹൃത കൃതികൾ, ഒന്നാം വാല്യം. പേജ് 329) അപ്പോൾ സ്റ്റാലിൻ സംഗ്രഹിക്കുന്നതുപോലെ, "രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രം എന്നത് സാമൂഹ്യ ഉൽപ്പാദന ബന്ധങ്ങളുടെ വികാസത്തിന്റെ ശാസ്ത്രമാണ്. അതായത് ജനങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങൾ... വ്യക്തിപരവും ഉത്പ്പാദനപരവുമായുള്ള അവശ്യ ഉപഭോഗ ഉപാധികളുടെ നിർമ്മാണവും വിതരണവും സംബന്ധിച്ച നിയമങ്ങളെ വിശദീകരിക്കുന്നു". (1941 ജനുവരി 29 ന് സോവിയറ്റ് സാമ്പത്തിക ശാസ്ത്രജ്ഞരുമായി രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച ചർച്ചയിൽ നിന്നും).

*(തുടരും)*

# നഴ്സുമാരുടെ ന്യായമായ ആവശ്യങ്ങളെ പിന്തുണയ്ക്കുക



നഴ്സുമാരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കുട്ടനാട് നടന്ന ഐക്യദാർഢ്യസംഗമം മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ജോലിചെയ്യുന്ന നഴ്സുമാർ ഇക്കഴിഞ്ഞ മാസം സമരം ചെയ്യുകയുണ്ടായി. സുപ്രീം കോടതി നിർദ്ദേശിച്ച ശമ്പളവും ആനുകൂല്യങ്ങളും നൽകുക, ട്രെയിനി സമ്പ്രദായം അവസാനിപ്പിക്കുക, നഴ്സ്-രോഗി അനുപാതം ഐഎൻസി മാനദണ്ഡങ്ങൾക്കനുസരിച്ച് നടപ്പിലാക്കുക തുടങ്ങിയ സുപ്രധാന ഡിമാന്റുകളുന്നയിച്ചുകൊണ്ട് നടത്തിയ സമരം 23 ദിവസം നീണ്ടുനിന്നു. ജൂൺ 28 മുതൽ ജൂലൈ 20 വരെ തലസ്ഥാനത്തും മറ്റ് ജില്ലകളിലുമായി നീണ്ടുനിന്ന സമരത്തിനൊടുവിൽ സർക്കാരിന് നഴ്സുമാർ ഉന്നയിച്ച ചില കാര്യങ്ങൾ അംഗീകരിക്കേണ്ടതായും മറ്റ് ചില ഡിമാന്റുകൾ പരിഗണിക്കാമെന്ന് സമരക്കാർക്ക് ഉറപ്പുകൊടുക്കേണ്ടതായും വന്നു. സ്വകാര്യ മേഖലയിൽ ജോലിചെയ്യുന്ന നഴ്സുമാരും ഇതര ജീവനക്കാരും കടുത്ത രീതിയിലുള്ള തൊഴിൽ ചൂഷണത്തിനും മറ്റ് നിരവധിയായ ചൂഷണങ്ങൾക്കും ഇരയാകുന്നു എന്നുള്ള വിവിധ കമ്മീഷൻ റിപ്പോർട്ടുകൾ പലതവണയായി പുറത്തുവന്നെങ്കിലും അതൊന്നും പരിഗണിക്കാനോ നടപ്പിലാക്കാനോ ഗവൺമെന്റുകൾ തയ്യാറാകാതിരുന്നതാണ് പ്രശ്നം ഇത്രമേൽ വഷളാക്കിയത്. തുടർന്ന് വിഷയം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ വന്നതിനെ തുടർന്ന് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി കണ്ടെത്തി അവതരിപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കേന്ദ്രസർക്കാർ വഴി സംസ്ഥാനങ്ങളെ അറിയിക്കുകയും ചെയ്തു. അതിൻ പ്രകാരം നഴ്സുമാരുടെ അടിസ്ഥാന ശമ്പളം 20,000 രൂപയും ആനുകൂല്യങ്ങളും നൽകണമെന്നും ആശുപത്രിയിലെ കിടക്കകളുടെ വർദ്ധനവിന് ആനുപാതികമായി ശമ്പളവർദ്ധനവ് ഉറപ്പാക്കി 200 കിടക്കകൾക്ക് മുകളിലുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് സർക്കാർ സർവ്വീസിലേതിനു തുല്യമായ ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്നും സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ട് വർഷം ഒന്ന് പിന്നിട്ടു. നമ്മുടെ സംസ്ഥാനമാകട്ടെ ആ നിർദ്ദേശത്തെ സംബന്ധിച്ചുള്ള മറുപടി ഇതുവരെ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടില്ല. മാത്രവുമല്ല, സ്വകാര്യ ആശുപത്രി മാനേജുമെന്റ് ഇതിനെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയെ സമീപിക്കുകയും ചെയ്തു.

ഇത്തരത്തിൽ, ഒരു വർഷം മുമ്പ് സുപ്രീംകോടതി നിർദ്ദേശിച്ച ശമ്പളവും ആനുകൂല്യങ്ങളും നൽകാനാവശ്യപ്പെട്ടുകൊണ്ടാണ് നഴ്സുമാർ സമര രംഗത്തിറങ്ങിയത്. പ്രത്യക്ഷ സമരം ആരംഭിക്കുന്നതിനുമുമ്പ് തന്നെ ബന്ധപ്പെട്ട അധികാരികൾക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ നഴ്സുമാരുയർത്തിയ ഡിമാന്റിനെ സ്വകാര്യ മാനേജുമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ സർക്കാർ തയ്യാറായില്ലെന്നുമാത്രമല്ല, സമരത്തെ എവ്വിധവും അടിച്ചമർത്താനുള്ള എല്ലാ ശ്രമങ്ങളും നടത്തുകയും ചെയ്തു. സമരക്കാർക്കെതിരെ മാനേജുമെന്റുകൾ കൈക്കൊണ്ട നടപടികളെ ഗവൺമെന്റ് ചോദ്യം ചെയ്യാൻ പോലും തയ്യാറായില്ല. നഴ്സുമാരുടെ ആവശ്യം അന്യായമാണെന്ന മാനേജുമെന്റിന്റെ വാദത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി വ്യാജ ആരോപണങ്ങൾ സർക്കാരും പ്രചരിപ്പിച്ചു. പനിപടരുന്ന സാഹചര്യത്തിൽ സമരം ചെയ്യാമോ എന്ന് സർക്കാർ ചോദിച്ചു. (യഥാർത്ഥത്തിൽ പനിപടരുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം സർക്കാരിനു മാത്രമാണ്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലും പനിപ്രതിരോധ പ്രവർത്തനങ്ങളിലും വന്ന വീഴ്ചയാണ് ഇതിന് കാരണമായത്). പനിമരണങ്ങൾ കൂടുവാൻ കാരണം നഴ്സുമാരുടെ സമരമാണെന്ന് പ്രചരിപ്പിച്ചു.

ആശുപത്രികളിൽ കൃത്യമായി ജോലിചെയ്തുകൊണ്ട് ഡ്യൂട്ടി അഡ്ജസ്റ്റ് ചെയ്താണ് നഴ്സുമാർ സമരത്തെയും മുന്നോട്ടുകൊണ്ടുപോയത്. സമരക്കാരുമായി സർക്കാർ ചർച്ചയ്ക്ക് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ പണിമുടക്കിക്കൊണ്ടുള്ള സമരത്തിന് ഒരു വിഭാഗം നഴ്സുമാർ നിർബന്ധിതരായി. അപ്പോഴും ന്യായമായ ആവശ്യങ്ങളുന്നയിച്ചുകൊണ്ടുള്ള സമരത്തിന് ഒരു ഒത്തുതീർപ്പ് ഫോർമുല അവതരിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറായില്ല. പകരം സ്വകാര്യ ആശുപത്രി മാനേജുമെന്റിന് കോടതിയിൽ പോകാനും അനുകൂലമായി വിധി സമ്പാദിക്കാനുമുള്ള സാവകാശം നൽകി. അവർ കോടതി വഴി സമ്പാദിച്ച എസ്മയ്ക്കെതിരെ വ്യാപക പ്രതിഷേധം ഉയർന്നുവന്നപ്പോൾ സർക്കാർ ഉരുണ്ടുകളിച്ചു. എന്നിട്ട്, സർക്കാർ നഴ്സിംഗ് കോളേജുകളിലെ വിദ്യാർത്ഥികളെ സ്വകാര്യ ആശുപത്രിയിൽ സേവനത്തിന് വിട്ടുകൊടുത്തുകൊണ്ട് കണ്ണൂർ കലക്ടർ ഉത്തരവിറക്കുകയും അഞ്ചുദിവസത്തേക്ക് നിരോധനാജ്ഞ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ കലക്ടറുടെ ഉത്തരവിനെയും നിരോധനാജ്ഞയെയും നഴ്സിംഗ് വിദ്യാർത്ഥികളും ഐഎൻപിഎയും മറ്റ് സംഘടനകളും ചേർന്ന് ശക്തമായ സമരത്തിലൂടെ ചെറുത്തുതോൽപ്പിച്ചപ്പോൾ സമരം അവസാനിപ്പിക്കാൻ സർക്കാർ ഇടപെടാൻ നിർബന്ധിതമാകുന്ന സാഹചര്യം ഉരുത്തിരിഞ്ഞു. ഒടുവിൽ സമരത്തിന്റെ 23-ാം ദിവസം ഒരു ഒത്തുതീർപ്പ് വ്യവസ്ഥ രൂപീകരിക്കപ്പെട്ടു. അതിൻ പ്രകാരം 50 കിടക്കയിൽ താഴെയുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് 20,000 രൂപ ശമ്പളമായി നൽകാനും അതിനു മുകളിലുള്ള ആശുപത്രികളിലെ ശമ്പളത്തെ സംബന്ധിച്ചും ട്രെയിനി സമ്പ്രദായത്തെ സംബന്ധിച്ചും പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കാനുമായി ഒരു സെക്രട്ടറി തല കമ്മിറ്റിയെയും ചുമതലപ്പെടുത്തി. അതിൻ പ്രകാരം സമരം തൽക്കാലത്തേക്ക് അവസാനിപ്പിക്കാൻ സമരക്കാർ തീരുമാനിച്ചു.

### ന്യായമായ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് നഴ്സുമാർ നടത്തിയ സമരത്തെ ഐഎൻപിഎ സംസ്ഥാന വ്യാപകമായി പിന്തുണച്ചു

സമരത്തിന്റെ ആദ്യ ദിവസം മുതൽ തന്നെ ഈ രംഗത്ത് പ്രവർത്തിക്കുന്ന ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷനും ഇതര സംഘടനകളും ന്യായമായ സമരത്തെ പിന്തുണച്ചുകൊണ്ട് രംഗത്തുവന്നു. തിരുവനന്തപുരത്ത് ആരംഭിച്ച സമരങ്ങളെ ഐഎൻപിഎ സംസ്ഥാന സെക്രട്ടറിയും തിരുവനന്തപുരം ജില്ലാകമ്മിറ്റിയും പിന്തുണച്ചുകൊണ്ട് ഏതാണ്ടെല്ലാദിവസവും സമരക്കാരോടൊപ്പം നിലയുറപ്പിച്ചു. സമരത്തെ അടിച്ചമർത്താൻ സർക്കാരും മാനേജുമെന്റും കൊണ്ടുപിടിച്ച ശ്രമം നടത്തിയപ്പോൾ സമരത്തിന്റെ ന്യായയുക്തത വിശദീകരിക്കുന്ന നോട്ടീസ് അച്ചടിച്ച് ജനങ്ങൾക്കിടയിൽ വ്യാപകമായി വിതരണം ചെയ്തുകൊണ്ട് ബഹുജനങ്ങളെ സമരത്തിനനുകൂലമാക്കി മാറ്റുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ന്യായമായ ഡിമാന്റുകളംഗീകരിച്ചുകൊണ്ട് നഴ്സുമാരുടെ സമരം ഒത്തുതീർപ്പാക്കണമെന്ന പോസ്റ്റർ അച്ചടിച്ച് സംസ്ഥാനവ്യാപകമായി പതിച്ചു. കണ്ണൂരിൽ നഴ്സുമാർ നടത്തിയ പണിമുടക്കിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഐഎൻപിഎ കണ്ണൂർ ജില്ലാക്കമ്മിറ്റി നിലകൊണ്ടു. അവിടെ രാഷ്ട്രീയ പാർട്ടികളടക്കം ഉൾപ്പെടുന്ന സമര സഹായ സമിതി രൂപീകരിക്കപ്പെട്ടു. ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോ. ഡി.സുരേന്ദ്രനാഥ് സമരസഹായ സമിതിയുടെ ജനറൽ കൺവീനറായി തെരഞ്ഞെടുക്കപ്പെടുകയും സമരസഹായ സമിതിയുടെ ആഹ്വാനപ്രകാരം നടത്തിയ കലക്ട്രേറ്റ് മാർച്ചിൽ ബഹുജനങ്ങളടക്കം ആയിരങ്ങൾ അണിനിരക്കുകയും ചെയ്തു. ഈ പ്രതിഷേധ പരിപാടിയെതുടർന്ന് കണ്ണൂരിലെ നിരോധനാജ്ഞ കലക്ടർ പിൻവലിക്കുകയും ചെയ്തു.

കോട്ടയത്ത് ഭാരത് ഹോസ്പിറ്റലിലെ നഴ്സുമാർ നടത്തിയ സമരത്തിന് ഐഎൻപിഎ കോട്ടയം ജില്ലാകമ്മിറ്റി പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് അഭിവാദ്യപ്രകടനം നടത്തി. കോട്ടയം ജില്ലാസെക്രട്ടറി ഇ.വി.പ്രകാശ് സമരക്കാരെ അഭിസംബോധന ചെയ്തു. ഐഎൻപിഎ ആലപ്പുഴ ജില്ലയിൽ വിവിധ താലൂക്ക് കമ്മിറ്റികളുടെ നേതൃത്വത്തിൽ പിന്തുണയർപ്പിച്ചുകൊണ്ടുള്ള പരിപാടികൾ സംഘടിപ്പിച്ചു. കുട്ടനാടും ചേർത്തലയിലും അഭിവാദ്യപ്രകടനങ്ങൾ നടത്തി. സമരനേതാക്കൾക്ക് ജില്ലയിൽ സ്വീകരണവും നൽകി. ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ, സെക്രട്ടറി കെ.ജെ.ഷീല എന്നിവർ നേതൃത്വം നൽകി. എറണാകുളത്ത് ഹൈക്കോടതി ജംഗ്ഷനിൽ നഴ്സുമാർ നടത്തിയ സമരത്തിന് ഐഎൻപിഎ എറണാകുളം ജില്ലാപ്രസിഡന്റ് എൻ.ആർ. മോഹൻകുമാറിന്റെ നേതൃത്വത്തിൽ അഭിവാദ്യപ്രകടനം നടത്തി. മറ്റു ജില്ലകളിലും സമരത്തെ പിന്തുണച്ചുകൊണ്ടുള്ള ചെറുതും വലുതുമായ പ്രകടനങ്ങളും പരിപാടികളും നടന്നു.

ഐഎൻപിഎ തൊടുപുഴയിൽ പ്രകടനവും മിനി സിവിൽ സ്റ്റേഷനു മുന്നിൽ യോഗവും നടത്തി. സംസ്ഥാന കമ്മിറ്റിയംഗം രാജു കൊന്നാനാലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം സംസ്ഥാന ജോ. സെക്രട്ടറി എൻ.വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് കെ.ജെ.ജോസഫ്, യുഎൻഎ ജില്ലാപ്രസിഡന്റ് എം.ഡി.ശ്രീകുമാർ, സണ്ണി വാളർ, തങ്കച്ചൻ രാജാക്കാട്, ജോസഫ് അടിമാലി എന്നിവർ പ്രസംഗിച്ചു. എ.വി.സെബാസ്റ്റ്യൻ സ്വാഗതവും ഓമന ജോസ് നന്ദിയും പറഞ്ഞു.പ്രകടനത്തിന് യുഎൻഎ ജില്ലാസെക്രട്ടറി അജേഷ് കൃഷ്ണൻ, നിഷ ജിമ്മി, റ്റി.ആർ.തമ്പാൻ, സുരേന്ദ്രൻ മുട്ടം തുടങ്ങിയവർ നേതൃത്വം നൽകി. •



തൊടുപുഴയിൽ നടന്ന യോഗം ഐഎൻപിഎ സംസ്ഥാന ജോയിന്റ് സെക്രട്ടറി എൻ.വിനോദ്കുമാർ ഉദ്ഘാടനം ചെയ്യുന്നു


നഴ്സുമാരുടെ സമരത്തെ അഭിവാദ്യം ചെയ്തുകൊണ്ട് കോഴിക്കോട് എ.ശേഖർ പ്രസംഗിക്കുന്നു


കോട്ടയത്ത് ഭാരത് ഹോസ്പിറ്റലിലെ നഴ്സുമാരുടെ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഐഎൻപിഎ ജില്ലാ സെക്രട്ടറി ഇ.വി.പ്രകാശ് പ്രസംഗിക്കുന്നു



നഴ്സുമാരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഐഎൻപിഎ എറണാകുളത്ത് നടത്തിയ പ്രകടനം

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/08/2017
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 44 No.5
Price : Rs 5.00
August 2017

## വിദ്യാഭ്യാസത്തിന്റെ സ്വാശ്രയവൽക്കരണത്തിനെതിരെ രജനി ദിനത്തിൽ

# എഐഡിഎസ്ഒ സെക്രട്ടേറിയറ്റ് മാർച്ച്

**പ്രീ**പ്രൈമറി മുതൽ ഗവേഷണതലം വരെയുള്ള വിദ്യാഭ്യാസ നടത്തിപ്പിന്റെ ഉത്തരവാദിത്വം സർക്കാർ നിർവഹിക്കുന്നതിലൂടെ മാത്രമേ, സ്വാശ്രയവിദ്യാഭ്യാസമെന്ന പേരിൽ നടക്കുന്ന വിദ്യാർത്ഥിഹത്യകളും പീഡനങ്ങളും അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന് ഓൾ ഇന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ അഖിലേന്ത്യാ പ്രസിഡന്റ് കമാൽ സെയിൻ അഭിപ്രായപ്പെട്ടു. 'രജനി മുതൽ ജിഷ്ണു പ്രണോയിവരെ -വിദ്യാർത്ഥികളുടെ ജീവനെടുക്കുന്ന കച്ചവടവിദ്യാഭ്യാസത്തിനും വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശനിഷേധത്തിനുമെതിരെ' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് എഐഡിഎസ്ഒ സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. "വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ദേശീയ തലത്തിൽ തന്നെ സർക്കാർ പിന്നോട്ട് പോകുകയും സ്വകാര്യവൽക്കരണത്തിന്റേതായ നയങ്ങൾ പ്രോത്സാഹിപ്പിക്കുകയുമാണ്. രജനിയെയും ജിഷ്ണുവിനെയും പോലെയുള്ള വിദ്യാർത്ഥികളുടെ ജീവനെടുക്കുവാൻ കാരണമാകുന്നത് ഈ നയങ്ങളാണ്. ഇടതെന്ന് അവകാശപ്പെടുന്ന സംസ്ഥാനസർക്കാരിന്റെ സംരക്ഷണയിൽ കേരളത്തിൽ സ്വാശ്രയവിദ്യാഭ്യാസം കരുത്താർജ്ജിക്കുന്നത് നിർഭാഗ്യകരവും പ്രതിഷേധാർഹവുമാണ്"-അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണം അവസാനിപ്പിക്കുക, സ്വാശ്രയകോളെജുകളിലെ മനുഷ്യാവകാശ ലംഘനങ്ങളും വിദ്യാർത്ഥി പീഡനങ്ങളും തടയുവാൻ പര്യാപ്തമായ നിയമനിർമ്മാണം നടത്തുക, ജിഷ്ണുവിന്റെ ഘാതകർക്കും വിദ്യാർത്ഥി പീഡകർക്കും ശിക്ഷ ഉറപ്പാക്കുക, സർവകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നിലനിർത്തി പാരലൽ വിദ്യാഭ്യാസം സംരക്ഷിക്കുക, ഗവേഷണരംഗത്തിന്റെ സ്വകാര്യവൽക്കരണം തടയുക, വിനാശകരമായ മദ്യനയം പിൻവലിക്കുക എന്നീ ഡിമാന്റുകളുയർത്തിയായിരുന്നു സെക്രട്ടേറിയറ്റ് മാർച്ച്.

എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനുബേബി അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ്, അഖിലേന്ത്യാ വൈസ്പ്രസിഡന്റ് അഡ്വ. ഇ.എൻ.ശാന്തിരാജ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ആർ.കുമാർ, സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാനസെക്രട്ടറി എം.ഷാജർഖാൻ, പാരലൽ കോളെജ് അസോസിയേഷൻ ജില്ലാപ്രസിഡന്റ് ഗിരികുമാർ, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ എ.ഷൈജു, എം.കെ.ഷഹസാദ്, എസ്.അലീന, ആർ.അപർണ, രശ്മി രവി എന്നിവർ പ്രസംഗിച്ചു. യൂണിവേഴ്സിറ്റി കോളെജിനു സമീപത്ത് നിന്നും ആരംഭിച്ച മാർച്ചിന് മേധ സുരേന്ദ്രനാഥ്, കെ.റഹീം, അകിൽ മുരളി, നിഖിൽ സജി തോമസ്, ആർ.രാഹുൽ, ആർ.ജതിൻ, കെ.എം.നിത്യമോൾ, ആർ.മീനാക്ഷി, ഗോവിന്ദ് ശശി, എസ്.ശിൽപ എന്നിവർ നേതൃത്വം നൽകി. ●







സ്വാശ്രയസമ്പ്രദായത്തിനെതിരെ എഐഡിഎസ്ഒ സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ച് അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് കമാൽ സെയിൻ ഉദ്ഘാടനം ചെയ്യുന്നു

## ജിഎസ്ടി പിൻവലിക്കുക

**കു**ത്തകകളുടെ താല്പര്യം മാത്രം സംരക്ഷിക്കുന്ന ജിഎസ്ടി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(സി) ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് നഗരത്തിൽ പ്രകടനവും പൊതുയോഗവും നടത്തി. നികുതി താരതമ്യേന കുറവായിരുന്ന മേഖലകളിൽ വർദ്ധിച്ച നികുതി നിരക്കേർപ്പെടുത്തി വിലക്കയറ്റത്തിന് വഴിവെക്കുകയും നേരത്തെതന്നെ വൻനികുതി നിലനിന്നിരുന്ന പെട്രോളിയം ഉല്പന്നങ്ങളെപ്പോലുള്ളവയെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്ത നടപടി അതിൻെറ ജനവിരുദ്ധസ്വഭാവം വ്യക്തമാക്കുന്നതാണെന്ന് പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ജില്ലാസെക്രട്ടറി സഖാവ് എ.ശേഖർ പറഞ്ഞു. യോഗത്തിൽ സഖാക്കൾ പി.എം. ശ്രീകുമാർ, ടി.ജെ.ഡിക്സൻ എന്നിവർ പ്രസംഗിച്ചു. പ്രകടനത്തിന് സഖാക്കൾ പി.കെ.തോമസ്, എം.രാജൻ എന്നിവർ നേതൃത്വം നൽകി. ●

## ലഹരി വിരുദ്ധ സംഗമം

**അ**ന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊല്ലം ജില്ലയിൽ ഒരു മാസം നീണ്ടുനിന്ന ബോധവൽക്കരണ-സമര പ്രവർത്തനങ്ങളുടെ സമാപനം കുറിച്ചുകൊണ്ട് ജൂലൈ 26 ന് കുണ്ടറ മുക്കടയിൽ ലഹരി വിരുദ്ധ സംഗമം സംഘടിപ്പിച്ചു. മദ്യ വിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് പി.ബി.രാജൻപിള്ള സംഗമം ഉദ്ഘാടനം ചെയ്തു. ഇടതുപക്ഷ മുന്നണി സർക്കാർ മദ്യത്തിന്റെ ലഭ്യത കൂട്ടുന്നതിനുവേണ്ടി നടത്തുന്ന പ്രചരണങ്ങൾ എല്ലാം കളവാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

യോഗത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജെ.താജുദ്ദീൻകുട്ടി മുഖ്യ പ്രഭാഷണം നടത്തി. ഷൈല കെ.ജോൺ, എ.ജയിംസ്, പിറവന്തൂർ ഗോപാലകൃഷ്ണൻ, ജി.ധ്രുവകുമാർ, കെ.ഒ.മാത്യുപണിക്കർ, ഷറഫ് കുണ്ടറ, ബി.രാമചന്ദ്രൻ, എൻ.വിജയകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ●

## പാചകവാതക സബ്സിഡി പിൻവലിച്ചതിനെതിരെ സമരം വളർത്തിയെടുക്കുക

*2017 ജൂലൈ 31 ന് എസ്‌യുസിഐ(സി) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന.*

**2**018 മാർച്ച് 18 ഓടുകൂടി, പാചകവാതക സബ്സിഡി പിൻവലിക്കാൻ തീരുമാനിച്ച വിവരം കേന്ദ്ര ഗവൺമെന്റ് എല്ലാ എണ്ണ കമ്പനികളെയും അറിയിച്ചിരിക്കുന്നു. ഇത് അങ്ങേയറ്റം ജനവിരുദ്ധമായ തീരുമാനമാണ്. അദ്ധ്വാനിച്ചുജീവിക്കുന്ന ജനങ്ങളുടെ അവസാനതുള്ളി ചോരയും ഊറ്റിയെടുത്ത് എങ്ങനെയാണ് മുതലാളിവർഗ്ഗത്തിന്റെ താൽപ്പര്യം ബിജെപി ഗവൺമെന്റ് സംരക്ഷിക്കുന്നതെന്ന് ഈ നടപടി ഒരിക്കൽകൂടി വെളിവാക്കുന്നു.

തികച്ചും ജനവിരുദ്ധമായ ഈ തീരുമാനത്തെ ഞങ്ങൾ ശക്തമായി അപലപിക്കുകയും ഇത് ഉടനടി റദ്ദാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ഈ തീരുമാനം പിൻവലിക്കാൻ ഗവൺമെന്റ് നിർബന്ധിതമാകുംവിധം ശക്തമായ സമരം വളർത്തിയെടുക്കാൻ രാജ്യത്തെ ജനങ്ങളോടാകെ ഞങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ●

## റേഷൻ ആനുകൂല്യം നിഷേധിച്ചതിനെതിരെ സപ്ലൈ ഓഫീസ് ധർണ്ണ

**ബി**പിഎൽ ലിസ്റ്റിൽ ആയിരുന്ന റേഷൻ കാർഡ് ഉടമകളെ മുൻഗണനാ ലിസ്റ്റിൽ നിന്നൊഴിവാക്കി വ്യാപകമായി റേഷൻ ആനുകൂല്യങ്ങൾ നിഷേധിച്ചതിനെതിരെ ജനകീയ പ്രതിരോധ സമിതി വടക്കനാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി സപ്ലൈ ഓഫീസിനു മുമ്പിൽ ധർണ്ണ നടത്തി. കർഷക പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു.

പുതിയ കാർഡ് സമ്പ്രദായത്തിലൂടെ, നിലവിൽ ചെറിയതോതിലെങ്കിലും റേഷൻ ലഭിച്ചിരുന്നവരിൽ ബഹുഭൂരിപക്ഷത്തെയും പുറത്താക്കിയിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഓരോ കാർഡ് പരിഷ്ക്കരണവും റേഷൻ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം ഭീമമായി വെട്ടിക്കുറയ്ക്കാനുള്ള പരിപാടിയായി മാറിയിരിക്കുന്നു. ജനസംഖ്യയുടെ വലിയൊരു വിഭാഗം ആദിവാസികളും ദരിദ്ര കർഷകരുമുള്ള വയനാട് പോലുള്ള ജില്ലകളിൽ 53 ശതമാനത്തെ മാത്രമേ മുൻഗണനാ ലിസ്റ്റിൽപെടുത്തുകയുള്ളുവെന്ന തീരുമാനം തികച്ചും ജനവിരുദ്ധമാണ്. വൻകിടക്കാർക്ക് ഇളവുകൾ വാരിക്കോരിക്കൊടുക്കുന്ന സർക്കാർ പാവപ്പെട്ടവരുടെ റേഷൻപോലും നിർത്തലാക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വടക്കനാട് യൂണിറ്റ് സെക്രട്ടറി ദേവസ്യ പുറ്റനാൽ അദ്ധ്യക്ഷത വഹിച്ചു. എ.സി.തോമസ്, പി.കെ.ഭഗത്, ബി.ഇമാമുദ്ദീൻ എന്നിവർ പ്രസംഗിച്ചു. സപ്ലൈ ഓഫീസർക്ക് നിവേദനം നൽകി. ●



ജനകീയപ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരിയിൽ നടന്ന സപ്ലൈ ഓഫീസ് ധർണ്ണയിൽ ദേവസ്യപുറ്റനാൽ പ്രസംഗിക്കുന്നു

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.